# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;**
**അവിടുന്ന് നിങ്ങളോടും**
**ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)**


Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Manantthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.

**വാല്യം 05** **ജൂൺ–2014** **ലക്കം 6**

| | |
|---|---|
| ഒറ്റപ്രതി 10 രൂപ | വാർഷിക വരിസംഖ്യ 120 രൂപ |

# ഉള്ളടക്കം


സർക്കുലർ ........................................ 05
യുവജനദിനം (സർക്കുലർ) ........................................ 11
ഡിക്രി ........................................ 17
മക്കൾ ഉന്നതവ്യക്തിത്വത്തിന് ഉടമകളാകാൻ ........... 21
രൂപതാകച്ചേരി വാർത്തകൾ ........................................ 26
രൂപതാദിനം 2014 - റിപ്പോർട്ട് ........................................ 32
ബൈബിൾ ഞായർ, ബൈബിൾ വാരാചരണം ....... 35
സെമിനാരി വാർത്തകൾ ........................................ 44
ലഹരിവിമുക്ത വർഷാചരണം ........................................ 45
ബൈബിൾ അപ്പോസ്തലേറ്റ് ........................................ 54
മതബോധനരംഗം ........................................ 55
ചെറുപുഷ്പമിഷൻലീഗ് ........................................ 59
കെ.സി.വൈ.എം. ........................................ 66
കുടുംബപ്രേഷിതത്വം ........................................ 71
സീയോൻ വാർത്തകൾ ........................................ 74
വിൻസെന്റ് ഡി പോൾ സൊസൈറ്റി ........................ 77
സാമൂഹ്യ സേവനരംഗം (WSSS) ........................................ 82
കേരള ലേബർ മൂവ്മെന്റ് ........................................ 87
റേഡിയോ മാറ്റൊലി ........................................ 88
*Public Relations Office (PRO)* ........................................ 89
*Mary Matha arts & science college* ........................................ 90
അറിയിപ്പുകൾ ........................................ 91
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ........................................ 93
ബിഷപ്സ് പ്രോഗ്രാം ........................................ 94

# സർക്കുലർ



***Circular Letter No. 07/2014***
***Prot. No. 16070/2014***

കർത്താവിനാൽ സ്നേഹിക്കപ്പെട്ട പ്രിയപ്പെട്ട കുട്ടികളേ,

മധ്യവേനലവധിയ്ക്കുശേഷം വീണ്ടും നിങ്ങൾ നിങ്ങളുടെ പഠനസ്ഥലങ്ങളിലേയ്ക്ക് തിരികെ എത്തിയിരിക്കുകയാണല്ലോ. സ്കൂൾ വിദ്യാഭ്യാസത്തിന്റെ അവസാനഘട്ടമായ പ്ലസ് ടു പാസ്സായവരിൽ മിക്ക വരും ഇതിനകം ഉപരിപഠനത്തിനായി എവിടെയെങ്കിലുമൊക്കെ ചേർന്നി ട്ടുണ്ടാകും എന്ന് ഞാൻ വിശ്വസിക്കുന്നു. തുടർന്ന് എന്ത് പഠിക്കണം എന്ന് ഇതുവരേയും തീരുമാനിക്കാത്തവരും ഉണ്ടാകാം. അതുപോലെ തന്നെ ഏതെങ്കിലുമൊക്കെ കാരണം കൊണ്ട് പഠനം ഇവിടെ വച്ച് ഉപേക്ഷിച്ചവരും ഉപേക്ഷിക്കാൻ തീരുമാനിക്കുന്നവരും കാണും.

പഠനം ആരംഭിച്ചവർക്ക് പുതിയ സ്കൂൾ വർഷത്തിൽ വിജയവും ധാരാളം ദൈവാനുഗ്രഹവും നേരുന്നു. കഴിഞ്ഞ വർഷത്തെ വിജയ പരാജയങ്ങൾ വിലയിരുത്തി കൂടുതൽ ഉണർവ്വോടും ഉന്മേഷത്തോടും പുതിയ തീരുമാനങ്ങളോടും കൂടി മുന്നേറുവാനുള്ള സമയമാണിത്. വിജയം നേടിയവർ ദൈവത്തിന് നന്ദി പറയുകയും പരാജയപ്പെട്ടവർ അതിന്റെ കാരണം തിരിച്ചറിഞ്ഞ് ഭാവിയിൽ അങ്ങനെ സംഭവിക്കാനുള്ള സാധ്യത ഇല്ലാതാക്കാൻ പരിശ്രമിക്കുകയും ചെയ്യണം. നമ്മൾ എത്ര പരിശ്രമിച്ചാലും ചിലപ്പോൾ നമ്മുടേതല്ലാത്ത കുറ്റംകൊണ്ട് പരാജയ പ്പെട്ടെന്ന് വരാം. എന്നാൽ ദൈവത്തിൽ പരിപൂർണ്ണ ആശ്രയം വച്ച് മുന്നേ റുന്നവർക്ക് പരാജയങ്ങളും വിജയങ്ങളാക്കി മാറ്റാൻ കഴിയും. ആ ശുഭാപ്തി വിശ്വാസം നിങ്ങളെ നിരന്തരം നയിക്കട്ടെ.

തോറ്റവർ ദു:ഖിക്കേണ്ടതില്ല. അവർക്കിനിയും ധാരാളം അവസ രങ്ങളുണ്ട്. സ്കൂൾ പരീക്ഷയ്ക്ക് തോറ്റു എന്നതുകൊണ്ട് ബുദ്ധിയി ല്ലാത്തവരെന്നോ ഒന്നും അറിയില്ലാത്തവരെന്നോ അർത്ഥമില്ല. എല്ലാ വർക്കും പഠിക്കാനും ചെയ്യാനും പറ്റിയ എന്തെങ്കിലുമൊക്കെ ഉണ്ടാകും. അവയെ കണ്ടെത്തിയാൽ മതി. അതേസമയം എന്തുകൊണ്ട് തോറ്റു എന്ന് നിങ്ങൾ ആത്മശോധന ചെയ്യണം. നിങ്ങളുടെ കുറ്റമാണെങ്കിൽ - ഉദാഹരണം: അലസത, പഠനേതരവിഷയങ്ങളിലുള്ള അമിത

താത്പര്യം തുടങ്ങിയവ – സ്വയം തിരുത്താൻ തയ്യാറാകണം. പഠന സമയം പഠിക്കാനുള്ളതാണ്. അതിന് മാത്രമായിരിക്കണം പ്രാമുഖ്യം കൊടുക്കുന്നത്. പ്രത്യേകിച്ച് രാഷ്ട്രീയ കക്ഷികളുടെ ചട്ടുകങ്ങളാകാതിരിക്കാൻ നിങ്ങൾ അതീവ ശ്രദ്ധ ചെലുത്തണം. അത് നിങ്ങളെ നാശത്തിലേയ്ക്ക് നയിക്കും.

നിങ്ങളോട് എനിക്ക് പറയാനുള്ള ഒരു പ്രധാന കാര്യം യാതൊരു കാരണവശാലും പഠനം പാതിവഴിയിൽ ഉപേക്ഷിക്കരുത് എന്നാണ്. കാരണം, സമയം ആർക്കുംവേണ്ടി കാത്തു നിൽക്കുന്നില്ല. ഇളം പ്രായത്തിൽ ചെയ്യേണ്ടത് അപ്പോൾ ചെയ്തില്ലെങ്കിൽ പിന്നെ ചെയ്യാൻ അവസരം കിട്ടുകയില്ല. വിദ്യാഭ്യാസമില്ലാതെ ഇന്ന് ജീവിതം അസാദ്ധ്യമാണ് എന്നോർക്കുക. എങ്ങിനെയാണ് അസാദ്ധ്യമാകുന്നത് എന്നതിനെപ്പറ്റിയാണ് ഞാൻ നിങ്ങളുമായി ഇവിടെ പങ്ക് വയ്ക്കാൻ പോകുന്നത്.

കേവലം ഒരു ജോലി കിട്ടാനോ സ്വയം തൊഴിൽ കണ്ടെത്താനോ മാത്രമല്ല വിദ്യാഭ്യാസം വേണ്ടത്. അവരവർക്ക് പറ്റിയ ജീവിതപങ്കാളിയെ ലഭിക്കണമെങ്കിലും നല്ല വിദ്യാഭ്യാസം കൂടിയേ തീരു. നമ്മുടെ സമൂഹത്തിൽ ആയിരക്കണക്കിന് യുവാക്കന്മാർ വിവാഹപ്രായം കഴിഞ്ഞിട്ടും വിവാഹിതരാകാതെ നിൽക്കുന്നുണ്ട് എന്നത് നമ്മുടെ കണ്ണ് തുറപ്പിക്കേണ്ട വസ്തുതയാണ്. ഒരു കാലത്ത് പെൺകുട്ടികളാണ് വിവാഹം കഴിക്കാൻ പറ്റാതെ നിന്നിരുന്നതെങ്കിൽ ഇന്ന് ആൺകുട്ടികളാണ് ആ സ്ഥാനത്തുള്ളത്. അതിന്റെ പ്രധാന കാരണം അവർക്ക് ആവശ്യമായ വിദ്യാഭ്യാസവും ഒരു കുടുംബം പോറ്റാനുള്ള സ്ഥിരവരുമാനവും ഇല്ല എന്നതാണ്. മറ്റ് കാരണങ്ങളും ഉണ്ടാകാം എന്ന വസ്തുത ഞാൻ നിഷേധിക്കുന്നില്ല.

ഇരുപതോ മുപ്പതോ കൊല്ലം മുമ്പ് വരെ പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന് കാര്യമായ പ്രധാന്യം പൊതുവേ നമ്മുടെ കുടുംബങ്ങളിൽ കൊടുത്തിരുന്നില്ല എന്നത് സത്യമാണ്. എന്നാൽ കഴിഞ്ഞ രണ്ട് മൂന്ന് ദശാബ്ദങ്ങളായി അവരുടെ വിദ്യാഭ്യാസകാര്യത്തിൽ കുടുംബങ്ങളിലും സമൂഹത്തിലും സഭയിലും എല്ലാം കൂടുതൽ ഊന്നൽ കൊടുക്കുകയും തൽഫലമായി ഭൂരിപക്ഷം പെൺകുട്ടികളും നല്ല വിദ്യാഭ്യാസം നേടി എന്തെങ്കിലുമൊക്കെ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. വളരെയധികം പേർ വിദേശത്തും എത്തിക്കഴിഞ്ഞു. ആ പ്രവണത തുടരുകയാണ്. അതങ്ങനെ തന്നെ തുടരുകയും ചെയ്യും എന്നത് ഏതാണ്ട് ഉറപ്പാണ്.

എന്നാൽ ആൺകുട്ടികളാകട്ടെ പൊതുവേ വിദ്യാഭ്യാസകാര്യത്തിൽ അത്ര ശ്രദ്ധയൊന്നും കൊടുക്കുന്നില്ല എന്നതാണ് അനുഭവം.

ഒരു പക്ഷേ തങ്ങൾക്ക് മാതാപിതാക്കളുടെ സ്വത്ത് കിട്ടുമെന്നും അതു കൊണ്ട് ജീവിക്കാമെന്നും മറ്റുമുള്ള ധാരണകളാകാം അവരെ അങ്ങനെ ചിന്തിക്കാൻ പ്രേരിപ്പിക്കുന്നത്. മാത്രമല്ല, *അവനൊരു ആണല്ലേ, എങ്ങിനെയെങ്കിലും ജീവിക്കാനുള്ള മാർഗ്ഗം കണ്ടെത്തിക്കൊള്ളും* എന്ന പരമ്പരാഗതമായ വിശ്വാസവും ഇതിന്റെ പിന്നിലുണ്ട്. എന്നാൽ മാസ ശമ്പളം വാങ്ങുന്ന പെൺകുട്ടികൾ തങ്ങളേക്കാൾ വിദ്യാഭ്യാസം കുറഞ്ഞവരും കൃഷിക്കാരുമായ പുരുഷന്മാരെ വിവാഹം കഴിക്കാൻ വിമുഖരാണ് എന്ന വസ്തുത നാം മറച്ച് വച്ചിട്ട് കാര്യമില്ല. അതിനവരെ കുറ്റം പറയാനും സാധിക്കുകയില്ല. കാരണം അവരുടെ സ്വഭാവങ്ങളും അഭിരുചികളും പ്രവർത്തനശൈലികളും കാഴ്ചപ്പാടുകളും എല്ലാം തമ്മിൽ വലിയ അന്തരമുണ്ടാകും. പ്രത്യേകിച്ച് കുട്ടികളെ വളർത്തുന്നതിലും സാധനങ്ങൾ വാങ്ങുന്നതിലും ഉടുത്തൊരുങ്ങി നടക്കുന്നതിലും അവധിസമയങ്ങൾ ചിലവഴിക്കുന്നതിലും എല്ലാം ഈ വ്യത്യാസങ്ങൾ പ്രകടമാകുകയും അവയുടെ പേരിൽ പരസ്പരം വഴക്കടിക്കുകയും സാവധാനം വിവാഹത്തിന്റെ തകർച്ചയിലേയ്ക്ക് നയിക്കുകയും ചെയ്തെന്ന് വരാം. ഒന്നോ രണ്ടോ കുട്ടികളുള്ള കുടുംബങ്ങളിൽ നിന്ന് വരുന്ന പെൺകുട്ടികൾ ഭർത്താവിന്റെ മാതാപിതാക്കളേയും സഹോദരങ്ങളേയും പരിചരിക്കാൻ പൊതുവേ ഇഷ്ടപ്പെടുകയില്ല എന്ന കാര്യവും നമ്മൾ പരിഗണിക്കേണ്ടതുണ്ട്. അങ്ങനെ ആകുന്നത് ശരിയല്ല എന്നിരുന്നാലും കാര്യങ്ങൾ ആ ദിശയിലാണ് നീങ്ങുന്നത്.

കേരളത്തിൽ ജോലി സാധ്യതകൾ കുറവായതുകൊണ്ട് ഇന്ന് ഉയർന്ന വിദ്യാഭ്യാസം നേടുന്ന പെൺകുട്ടികളിൽ വളരെപ്പേർ ജോലി തേടി മറ്റ് രാജ്യങ്ങളിലേയ്ക്ക് കുടിയേറുന്നുണ്ട്. അവർ പിന്നീടൊരിക്കലും നമ്മുടെ നാട്ടിലേയ്ക്ക് തിരിച്ചു വരുകയുമില്ല. അപ്പോൾ നമ്മുടെ നാട്ടിൽ വിവാഹിതരാകാനുള്ള പെൺകുട്ടികളുടേയും ആൺകുട്ടികളുടേയും എണ്ണത്തിൽ വലിയ അന്തരമുണ്ടാകും. അത് ഇപ്പോൾ തന്നെ ഉണ്ട് എന്നതാണ് വസ്തുത. അപ്പോൾ വിദ്യാഭ്യാസമില്ലാത്ത ആൺകുട്ടികൾക്ക് വിവാഹം ഒരു സ്വപ്നമായി അവശേഷിക്കും. കുറേപ്പേരെങ്കിലും മറ്റ് മതസ്ഥരെ വിവാഹം ചെയ്തെന്ന് വരാം. അതിന്റെ പരിണിതഫലം എന്താണെന്ന് നമുക്ക് ഊഹിക്കാവുന്നതേയുള്ളു. ഈ പശ്ചാത്തലത്തിൽ ആൺകുട്ടികളും പെൺകുട്ടികളും നന്നായി പഠിച്ച് നല്ല വിദ്യാഭ്യാസം നേടുക എന്നത് അതിജീവനത്തിന്റെ പ്രശ്നം തന്നെയാണ്.

ഹൈസ്കൂൾ വിദ്യാഭ്യാസം പോലും പൂർത്തിയാക്കാത്ത യുവാക്കൾ നമ്മുടെ സമൂഹത്തിലുണ്ട്. താത്പര്യമുണ്ടെങ്കിൽ അവർക്കെല്ലാം സർക്കാർ ഒരുക്കിയിരിക്കുന്ന തുല്യതാപരീക്ഷകൾക്ക് ചേർന്ന് പാസ്സാ

കാവുന്നതേയുള്ളു. അതുപോലെ വിദൂരവിദ്യാഭ്യാസ സാദ്ധ്യതകൾ ഇൻഡ്യയിലെ വിവിധ യൂണിവേഴ്സിറ്റികളും നൽകുന്നുണ്ട്. അതെല്ലാം പ്രയോജനപ്പെടുത്തി ഡിഗ്രികളും സമ്പാദിക്കാം. മുത്തശ്ശിമാർ പോലും ഈ രീതിയിൽ വിദ്യാഭ്യാസം നേടുന്നതായി നമ്മൾ പത്രങ്ങളിൽ വായിക്കുന്നുണ്ട്. അങ്ങനെയെങ്കിൽ ചെറുപ്പക്കാർക്ക് അത് അതിലും എളുപ്പമായിരിക്കണം. ഇവിടെയെല്ലാം നല്ല ഇച്ഛാശക്തിയും കഠിനാദ്ധ്വാനവും ആവശ്യമാണ് എന്ന് മാത്രം.

വിദ്യാഭ്യാസം നേടിയാലും ജീവിക്കാൻ ആവശ്യമായ ശമ്പളം ലഭിക്കുന്ന ഒരു ജോലി കിട്ടണമെങ്കിൽ പഠിച്ച വിഷയത്തിൽ അവഗാഹവും പ്രാവീണ്യവും ഉണ്ടാകണം. ഇന്ന് നന്നായി കൃഷി ചെയ്യണമെങ്കിൽ പോലും നല്ല വിദ്യാഭ്യാസവും ആ വിഷയത്തിൽ പ്രാവീണ്യവും ഉണ്ടാകണം. കൃഷി നഷ്ടമാണ് എന്നതൊരു മിഥ്യയാണ്. കാലത്തിനനുസരിച്ചുള്ള ആധുനികകൃഷി രീതികളിലേയ്ക്ക് മാറിച്ചവിട്ടാനായാൽ കൃഷിയും ലാഭകരമാണ് എന്ന് പലരുടേയും അനുഭവങ്ങൾ കാണിച്ചു തരുന്നു. നിർഭാഗ്യവശാൽ ഉയർന്ന മാർക്കിനും ഗ്രേഡിനും നൂറ് ശതമാനം വിജയത്തിനും എല്ലാം പ്രാധാന്യം കൊടുക്കുന്ന നമ്മുടെ നാട്ടിൽ പഠിച്ചിറങ്ങുന്നവരിൽ വളരെപ്പേർ അവർ പഠിച്ച വിഷയങ്ങൾ കൈകാര്യം ചെയ്യാൻ പ്രാവീണ്യമുള്ളവരല്ല. ഒരു ജോലിയിൽ നിയമിക്കപ്പെടാനുള്ള ഒരാളുടെ യോഗ്യതയെ ഇംഗ്ലീഷിൽ എമ്പ്ളോയബിലിറ്റി (employability) എന്ന് പറയും. കലാകായികമേളകളിലും അല്ലാതെയും ഗ്രേസ് മാർക്കും മറ്റും നേടി പഠിച്ചിറങ്ങുന്നവർക്ക് എമ്പ്ളോയബിലിറ്റി ഉണ്ടാകണമെന്നില്ല. കാരണം വിഷയത്തിലുള്ള അറിവും അവഗാഹവുമല്ല അവരെ അതിന് യോഗ്യരാക്കിയത്. അതുകൊണ്ടാണ് എഞ്ചിനീയറിംഗും മെഡിസിനും മറ്റും പഠിച്ചിട്ടും ജോലിയൊന്നും ലഭിക്കാതെ ധാരാളം പേർക്ക് അലഞ്ഞ് തിരിയേണ്ടി വരുന്നത്.

വിഷയത്തിലുള്ള അവഗാഹത്തോടൊപ്പം തന്നെ സോഫ്റ്റ് സ്കിൽസ് എന്ന് വിളിക്കപ്പെടുന്ന മറ്റ് ധാരാളം കഴിവുകളും ഉള്ളവർക്കേ ഇന്ന് എമ്പ്ളോയബിലിറ്റി ഉണ്ട് എന്ന് പറയാൻ പറ്റുകയുള്ളു. ഉദാഹരണത്തിന് എഞ്ചിനീയറിംഗ് പാസ്സായ ഒരാൾക്ക് ആ വിഷയത്തിലുള്ള അവഗാഹത്തോടൊപ്പം വിദ്യുച്ഛക്തി സംബന്ധമായ വിഷയങ്ങളിലുള്ള അറിവും വാഹനമോടിക്കാനും കമ്പ്യൂട്ടർ ഉപയോഗിക്കാനും ഭക്ഷണം പാകം ചെയ്യാനും ഉള്ള കഴിവും ഉണ്ടെങ്കിൽ അയാൾക്ക് കൂടുതൽ എമ്പ്ളോയബിലിറ്റി ഉണ്ടാകും എന്നത് നിസ്സംശയമാണ്. ഒരാൾ താൻ അറിയേണ്ടുന്ന വിഷയത്തിന് പുറമേ ആർജ്ജിക്കുന്ന കഴിവുകളെയാണ് സോഫ്റ്റ് സ്കീൽസ് എന്ന് പറയുന്നത്. അതായത് കേവലം ഉയർന്ന

മാർക്കോ ഗ്രേഡോ ഉണ്ടായതുകൊണ്ട് മാത്രം ജോലി കിട്ടണമെന്നില്ല എന്നർത്ഥം. ആഗോളവൽകൃതമായ ഇന്നത്തെ ലോകം മത്സരാധിഷ്ഠിത മാണ്. ആ മത്സരത്തിൽ ജയം ഉറപ്പാക്കാനുള്ള മാർഗ്ഗമാണ് എമ്പ്ളോയ ബിലിറ്റി. അല്ലാത്തവർ പിൻതള്ളപ്പെടും.

വലിയ തുകകൾ മുടക്കി സ്കൂൾ കലോത്സവങ്ങളിലും മറ്റും തങ്ങളുടെ കുട്ടികളെ വിജയികളാക്കുന്ന മാതാപിതാക്കളുടെ എണ്ണം ഇന്ന് വളരെയധികമുണ്ട്. കാരണം അതിലൂടെ അവർക്ക് എൻട്രൻസ് പരീക്ഷയ്ക്കും മറ്റും കൂടുതൽ ഗ്രേസ് മാർക്ക് നേടാൻ അവസരമൊരു ങ്ങുന്നു. എന്നാൽ ഇങ്ങനെ കിട്ടുന്ന ഗ്രേസ് മാർക്ക് പ്രവേശനം കിട്ടാൻ സാദ്ധ്യത വർദ്ധിപ്പിക്കുമെങ്കിലും എമ്പ്ളോയബിലിറ്റി കുറയ്ക്കും എന്ന കാര്യം ഓർക്കേണ്ടതുണ്ട്. അതോടൊപ്പം ശരിയല്ലാത്ത മാർഗ്ഗങ്ങളിലൂടെ, ഉദാഹരണമായി, മത്സരങ്ങളുടെ വിധികർത്താക്കൾക്ക് പണം കൊടുത്ത് അവരെ സ്വാധീനിച്ചും മറ്റും കുട്ടികളെ വിജയികളാക്കുന്നവർ സ്വന്തം കുട്ടികളെ അധാർമ്മികളാക്കുക കൂടി ചെയ്യുന്നു. അങ്ങനെ ചെയ്യുന്ന വർ സ്വന്തം മക്കളിൽ നിന്ന് തന്നെ പിന്നീട് തിരിച്ചടി നേരിടുന്നത് വിരള മല്ല. അങ്ങനെ ധാർമ്മികനിലവാരം പുലർത്താത്തവർക്കും ഇന്ന് എമ്പ്ളോയബിലിറ്റി ഇല്ല. കാരണം അവർ ആ രീതിയിൽ ആർജ്ജിച്ച ചില സ്വഭാവരീതികൾ ജോലി സ്ഥലത്തും പ്രയോഗിച്ചെന്ന് വരാം. അക്കാര്യം പുറത്താകുമ്പോൾ അവർ പുറംതള്ളപ്പെടും.


ഐ.എ.എസ്, ഐ.പി.എസ്. പോലെയുള്ള അഖിലേന്ത്യാ മത്സര പ്പരീക്ഷകൾക്ക് കേരളത്തിൽ നിന്ന് വളരെ ചുരുക്കം പേരേ ജയിക്കു ന്നുള്ളു എന്ന കാര്യം പ്രത്യേകം ശ്രദ്ധേയമാണ്. കാണാപ്പാഠം പഠി ച്ചത് പകർത്തിയെഴുത്തല്ല ഈ പരീക്ഷകൾ എന്നതാണ് അതിന്റെ കാരണം. വിഷയത്തിൽ നല്ല അറിവുണ്ടാകുകയും അത് അവരവരുടെ ശൈലിയിൽ എഴുതുകയും വേണം. മലയാളികൾ ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ വളരെ പിന്നിലാണ് എന്നത് ഒരു കാരണ മാണ്. ആശയ വിനിമയത്തിനുള്ള പാടവം ഇന്നത്തെ ലോകത്തിൽ വളരെ പ്രധാനപ്പെട്ടതാണ്. അതു തന്നേയും പ്രസന്നതയോടെയും ആകർഷണീയമായും ചെയ്യുകയും വേണം. ഇതെല്ലാം നമ്മുടെ നാട്ടിൽ പഠിച്ചിറങ്ങുന്നവരിൽ ചുരുക്കമായേ കാണുന്നുള്ളു. അതുപോലെ പെരു മാറ്റത്തിൽ ഉള്ള കുലീനതയും സൗമ്യതയും പരസ്പരബഹുമാനവും ധാർഷ്ട്യം കലരാത്ത ശൈലിയും എല്ലാം ഉണ്ടെങ്കിലേ ഇന്ന് തൊഴിൽക്ക മ്പോളത്തിലെ മത്സരത്തിൽ ജയിച്ച് കയറാൻ കഴിയുകയുള്ളൂ.

പ്രിയപ്പെട്ട കുട്ടികളേ, വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം ഉയർന്ന മാർക്കും ഗ്രേഡും വാങ്ങി ഉയർന്ന ശമ്പളമുള്ള ജോലിയിൽ പ്രവേശിച്ച്

കുടുംബത്തോടും സമൂഹത്തോടും ഒന്നും ഒരു പ്രതിബദ്ധതയുമില്ലാതെ ജീവിക്കുകയല്ല. നമ്മുടെ ഇന്നത്തെ വിദ്യാഭ്യാസ രീതി നമ്മുടെ നാടിനെ കോളനിവത്ക്കരിച്ച ബ്രിട്ടീഷുകാർ ആവിഷ്ക്കരിച്ചതാണ്. അവർക്ക് ആവശ്യമുണ്ടായിരുന്നത് അറിവുള്ളവരേയും മിടുക്കരേയും സ്വന്തമായി ആശയങ്ങൾ ഉള്ളവരേയും ആയിരുന്നില്ല, പ്രത്യുത അവരെ ചോദ്യം ചെയ്യാതെ അനുസരിക്കുന്നവരും എഴുത്തും വായനയും അഭ്യസിച്ചവരും ആയിട്ടുള്ളവരേയായിരുന്നു. നിർഭാഗ്യവശാൽ ഇന്നും നമ്മൾ അതേ രീതി തന്നെ തുടരുന്നു. അടിയാന്മാരും കുടിയാന്മാരും എല്ലാം നമ്മുടെ നിയമങ്ങളിൽ നിന്ന് അപ്രത്യക്ഷമായെങ്കിലും ഇന്നും നമ്മുടെ മനസ്സുകളിൽ അതുണ്ട് എന്ന് നമ്മുടെ പ്രവൃത്തികൾ സൂചിപ്പിക്കുന്നു. നമ്മുടെ ഒരു ഓഫീസിൽ സീൽ ചെയ്യാൻ ഒരു പ്യൂൺ ഉണ്ടെങ്കിൽ അയാൾ വരാത്ത ദിവസങ്ങളിൽ മറ്റാരും അത് ചെയ്യുകയില്ല. തൻമൂലം ജോലികൾ ഒന്നും നടക്കുകയുമില്ല. നമ്മുടെ നാട് വികസിയ്ക്കാത്തിന്റെ കാരണം ഇതുപോലെയുള്ള മനോഭാവങ്ങളാണ്.

നിങ്ങളിൽ നിന്ന് പ്രതീക്ഷിക്കുന്നത് അതല്ല. ഈ നാടിനും നിങ്ങളുടെ കുടുംബത്തിനും നമ്മുടെ സഭയ്ക്കും എല്ലാം ഉപകാരം ചെയ്യുന്നവരും ധാർമ്മികരും സത്യസന്ധരും മിടുക്കരുമായ പൗരന്മാരെയാണ് നിങ്ങളിൽ നിന്ന് പ്രതീക്ഷിക്കുന്നത്. സമൂഹത്തിന്റെ ഭാവി നിങ്ങളുടെ കൈകളിലാണ്. ഈ സമൂഹം നിലനിൽക്കണോ വേണ്ടയോ എന്ന് തീരുമാനിക്കുന്നതും നിങ്ങൾ തന്നെയാണ്. നിങ്ങൾ നല്ല തീരുമാനങ്ങൾ എടുക്കാൻ പ്രാപ്തരാകട്ടെ. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടി ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽനിന്ന് 2014 ജൂൺ മാസം 20-ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ ജൂൺ മാസം 8-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

# യുവജനദിനം 2014

## ജൂലൈ 6, ഞായർ

**കെ.സി.ബി.സി. യുവജനകമ്മീഷൻ**
**പുറപ്പെടുവിക്കുന്ന സർക്കുലർ**

*"ആത്മാവിൽ ദരിദ്രർ ഭാഗ്യവാന്മാർ; സ്വർഗരാജ്യം അവരുടേതാണ്"*
*(മത്താ 5:3)*

കർത്താവിൽ വാത്സല്യമുള്ള യുവജനങ്ങളേ, സഹോദരീസഹോദര ന്മാരേ,

യുവജനങ്ങളെ ഏറെ സ്നേഹിച്ച, ആധുനികയുഗത്തിലെ തിരുസ്സഭയുടെ രണ്ട് അമൂല്യനിധികളാണ് വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പായും വിശുദ്ധ ജോൺ ഇരുപത്തിമൂന്നാമൻ മാർപാപ്പായും. ലോകയുവജനദിനാഘോഷങ്ങളുടെ സ്വർഗീയ മധ്യസ്ഥനായ ജോൺ പോൾ രണ്ടാമൻ മാർപാപ്പാ 2014 ഏപ്രിൽ മാസം 27-ാംതീയതി വിശുദ്ധരുടെ ഗണത്തിലേക്ക് ഉയർത്തപ്പെട്ടു. യുവജനങ്ങളെക്കുറിച്ചുള്ള സഭയുടെയും സമൂഹത്തിന്റെയും കാഴ്ചപ്പാടുകൾക്ക് സുപ്രധാനമായ മാറ്റങ്ങൾ കുറിച്ച രണ്ടാം വത്തിക്കാൻ കൗൺസിലിന് ആരംഭം കുറിച്ച ജോൺ ഇരുപത്തി മൂന്നാമൻ മാർപാപ്പായും ഇതേ ദിവസം തന്നെയാണ് വിശുദ്ധരുടെ ഗണത്തിലേക്ക് ചേർക്കപ്പെട്ടത്. ഇരുപതാംനൂറ്റാണ്ടിന്റെ ചരിത്രത്തിൽ തിരുസഭയുടെ നിർണായകമായ സാന്നിദ്ധ്യമായി മാറിയ രണ്ട് പുണ്യജന്മങ്ങളാണ് വിശുദ്ധരായ ജോൺ പോൾ രണ്ടാമൻ മാർപാപ്പായും ജോൺ ഇരുപത്തിമൂന്നാമൻ മാർപാപ്പായും. ഒരു ലോകയുവജന ദിനം കൂടി കടന്നുവരുമ്പോൾ ലോകത്തിലെ എല്ലാ ഭൂഖണ്ഡങ്ങളിലുമുള്ള യുവതലമുറയെ ഈ രണ്ട് വിശുദ്ധരുടെയും മധ്യസ്ഥതയിൽ സമർപ്പിക്കാം.

**29-ാം ലോകയുവജനദിനം**

യുവജനങ്ങളുടെ വിശ്വാസജീവിതത്തിന്റെ ആഘോഷമാണ് ലോകയുവജനദിന സമ്മേളനങ്ങൾ. ലോകമെമ്പാടുമുള്ള യുവജന

ങ്ങളെ ദൈവം സ്നേഹിക്കുന്നതിന്റെയും തിരുസ്സഭ അവരെ അംഗീകരിക്കുന്നതിന്റെയും അടയാളമാണ് യുവജനസമ്മേളനങ്ങൾ. ഇരുപത്തിയെട്ടാം ലോകയുവജനദിനാഘോഷങ്ങൾ നടന്നത് രണ്ടായിരത്തി പതിമൂന്നിൽ ബ്രസീലിലെ റിയോ ഡെ ജനൈറോ (Rio de Jeneiro) യിൽ വച്ചായിരുന്നു. ലോകത്തിന്റെ നാനാഭാഗത്തുനിന്നും അവിടെ സമ്മേളിച്ച യുവജനങ്ങളുടെ വിശ്വാസ തീക്ഷ്ണത സഭയ്ക്കും സമൂഹത്തിനും പുതിയ പ്രതീക്ഷകൾ നല്കുന്നുണ്ട്. അടുത്ത യുവജനസംഗമത്തിന് വേദി ഒരുങ്ങുന്നത് പോളണ്ടിലാണ്. രണ്ടായിരത്തി പതിനാറിൽ പോളണ്ടിലെ ക്രാക്കോവിൽ നടക്കുന്ന ലോകയുവജന വിശ്വാസസംഗമം തിരുസ്സഭയുടെ ചരിത്രത്തിലെ മറ്റൊരു നാഴികക്കല്ലായിരിക്കും.

ഈ വർഷം ആഘോഷിക്കുന്ന ഇരുപത്തിഒൻപതാം ലോകയുവജനദിനം പ്രാദേശിക തലങ്ങളിലാണ് ആഘോഷിക്കപ്പെടുന്നത്. ഈ വർഷത്തെ ലോകയുവജനദിന സന്ദേശത്തിൽ തിരുസ്സഭയുടെ തലവനായ ഫ്രാൻസിസ് മാർപാപ്പാ പങ്കുവയ്ക്കുന്ന തിരുവചനഭാഗം, വിശുദ്ധ മത്തായി എഴുതിയ സുവിശേഷം അഞ്ചാം അധ്യായം മൂന്നാം വാക്യമാണ്. "ആത്മാവിൽ ദരിദ്രർ ഭാഗ്യവാന്മാർ; സ്വർഗരാജ്യം അവരുടേതാണ്". സുവിശേഷസൗഭാഗ്യങ്ങളുടെ പരിവർത്തനശക്തിക്ക്, യുവജനങ്ങളിലൂടെ എപ്രകാരം സഭയിലും സമൂഹത്തിലും മാറ്റങ്ങൾ സൃഷ്ടിക്കാൻ സാധിക്കുമെന്ന് പരിശുദ്ധ പിതാവ് തന്റെ സന്ദേശത്തിലൂടെ വ്യക്തമാക്കുന്നു. പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പായുടെ പ്രഥമ യുവജനദിനസന്ദേശമാണ് ഇരുപത്തി ഒൻപതാം ലോകയുവജനദിനസമ്മാനമായി തിരുസ്സഭ നല്കുന്നത്.

**ദൈവരാജ്യം യുവജനങ്ങളുടെ സമ്പത്ത്**

ആത്മാവിൽ ദരിദ്രരായി മാറിയ തന്റെ ശിഷ്യർക്ക് ദൈവം കൊടുക്കുന്ന സമ്മാനമാണ് സ്വർഗരാജ്യമെന്ന് യേശുവിന്റെ ഗിരിപ്രഭാഷണത്തിലെ പ്രഥമവാക്യം പഠിപ്പിക്കുന്നു. പൂർണതയും സ്വർഗരാജ്യവും ആർക്കുവേണ്ടി മാറ്റിവയ്ക്കപ്പെട്ടിരിക്കുന്നുവെന്നും അതിന്റെ വ്യവസ്ഥ എന്താണെന്നും ഈ സുവിശേഷ ഭാഗത്ത് ദർശിക്കാനാവും. ഇപ്രകാരം ശിഷ്യർ നേടിയെടുക്കുന്ന സമ്മാനം യേശുനാഥനെ പിൻതുടരുന്ന വ്യക്തികളുടെ സൗഭാഗ്യമാണ്. അങ്ങനെയെങ്കിൽ സ്വർഗരാജ്യമെന്ന വലിയ സമ്പത്തിന്റെ ഉടമയായ, ആത്മവിൽ ദിരദ്രരായ ഭാഗ്യവാന്മാരും ഭാഗ്യവതികളും, 'സമ്പന്നരായ' യുവജനങ്ങളാണ്.

യുവത്വത്തിന്റെ ശക്തിയും ഓജസ്സും ജീവിതമൂല്യങ്ങളും ഭാവിയെക്കുറിച്ച് സ്വപ്നം കാണാനുള്ള വിശാലമായ മനസ്സും നല്കിയേക്കാവുന്ന സുരക്ഷയുടെ കവചങ്ങളിൽ നിന്നും അഹന്തയുടെ കൂടാരങ്ങളിൽ നിന്നും പുറത്തുവന്ന്, ദരിദ്രഭാവം ഉൾക്കൊണ്ടുകൊണ്ട്, വേദനിക്കുന്നവരുടെയും അടിച്ചമർത്തപ്പെട്ടവരുടെയും ശബ്ദമായി മാറിയ യുവാവായ യേശുനാഥന്റെ കർമ്മപഥങ്ങളിലേക്കിറങ്ങി വരാനുള്ള ദൈവവിളിയാണ്, തന്റെ പ്രഥമ യുവജനദിന സന്ദേശത്തിലൂടെ മാർപാപ്പാ യുവജനങ്ങളെ ഓർമ്മിപ്പിക്കുന്നത്. രണ്ടായിരത്തി പതിമൂന്നിലെ ലോകയുവജനദിനാഘോഷങ്ങളുടെ ആപ്തവാക്യമായിരുന്ന "നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ" (മത്താ 28:19) എന്ന തിരുവചനവും ആത്മാവിൽ ദരിദ്രരാകാൻ ആഹ്വാനം ചെയ്യുന്ന പ്രഥമ സുവിശേഷഭാഗ്യവും അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്ന ദൈവിക സന്ദേശങ്ങളാണ്.

**സുവിശേഷത്തിന്റെ സന്തോഷം**

ദൈവരാജ്യം പ്രസംഗിക്കാനും ശിഷ്യപ്പെടുത്താനുമുള്ള ദൗത്യനിർവഹണത്തിന് ആവശ്യമായ ഒരു പ്രധാനപ്പെട്ട നിബന്ധനയാണ് ആത്മാവിൽ ദരിദ്രരായി മാറുകയെന്നത്. ഈ പരിവർത്തനത്തിന്റെ ഫലമായ സൗഭാഗ്യമാണ്, യുവശിഷ്യന്റെ സന്തോഷം. യുവജനങ്ങൾ ഏർപ്പെടുന്ന എല്ലാ സുവിശേഷ പ്രവർത്തനങ്ങളുടെയും വിജയവും വളർച്ചയും അടിസ്ഥാന മുറപ്പിച്ചിരിക്കുന്നത് അവർ സ്വന്തമാക്കുന്ന ഈ സന്തോഷമാണ്. ഫ്രാൻസിസ് മാർപാപ്പാ തന്റെ പ്രഥമ അപ്പസ്തോലികപ്രബോധനമായ "സുവിശേഷത്തിന്റെ സന്തോഷത്തിൽ" *(Evangelii Gaudium)* പങ്കുവയ്ക്കുന്നത് ഈ സന്തോഷത്തിന്റെ അനന്തസാധ്യതകളാണ്. ആ രേഖ യുവജനങ്ങൾ വായിക്കുകയും ധ്യാനിക്കുകയും ചെയ്യുന്നത് തങ്ങളുടെ ദൗത്യനിർവഹണം കാര്യക്ഷമമാക്കാൻ സഹായിക്കും.

ആത്മാവിൽ ദരിദ്രരായി നേടിയെടുക്കുന്ന അദൃശ്യമായ സമ്പത്തിന്റെ ദൃശ്യമായ അടയാളങ്ങളായി മാറുന്ന സുവിശേഷത്തിന്റെ സന്തോഷത്തിന്റെ പ്രഘോഷകരാകാനാണ്, ദൈവം ഓരോ നിമിഷവും താൻ ഏറ്റവും സ്നേഹിക്കുന്ന യുവജനങ്ങളെ വിളിക്കുന്നത്. ഈ ദൗത്യത്തിൽ പങ്കുകാരാകുന്ന യുവജനങ്ങളോട് പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പാ, ദാരിദ്ര്യത്തെയും ദരിദ്രനെയും സംബന്ധിക്കുന്ന മൂന്ന് നിർദ്ദേശങ്ങൾ നല്കുന്നുണ്ട്. (1) ദരിദ്രരെ സ്നേഹിക്കാൻ പഠിക്കുക (2) ദരിദ്രഭാവം സ്വന്തമാക്കുക (3) ദരിദ്രരിൽ നിന്നും പഠിക്കുക.

**പ്രതീക്ഷ നല്കുന്ന യുവജനം... കരുതലോടെ മുന്നേറാം...**

കേരളത്തിലെ കത്തോലിക്കാ യുവജനങ്ങൾ സഭയ്ക്കും സമൂഹത്തിനും നല്കുന്ന നിസ്വാർത്ഥസേവനത്തെ ഈ ദിനം അഭിമാനത്തോടെ അനുസ്മരിക്കാം. സമൂഹത്തിന്റെ വളർച്ചയ്ക്കും തിരുസഭയുടെ ദൈവരാജ്യപ്രഘോഷണമേഖലകളിലും അനേകം യുവജനങ്ങൾ തങ്ങളുടെ സമ്പത്തായ സമയവും ആരോഗ്യവും പണവും വ്യയം ചെയ്യുന്നുണ്ട്. തിരുസഭയെയും വിശ്വാസസത്യങ്ങളെയും തകർക്കാൻ വെമ്പൽകൊള്ളുന്ന എല്ലാ പ്രവർത്തനങ്ങൾക്കുമെതിരെ പടവാളെടുക്കേണ്ടത് വിശ്വാസത്തിന്റെ കാവൽക്കാരായ യുവജനങ്ങളാണ്. സമാധാനവും നീതിയും സമത്വവും സമൂഹത്തിൽ ഊട്ടിയുറപ്പിക്കുന്ന ചാലകശക്തികളായി ഓരോ യുവാവും യുവതിയും മാറണം. രാജ്യത്തിന്റെ അഖണ്ഡതയും സുരക്ഷയും തകർക്കുന്ന എല്ലാം വിധ്വംശക പ്രവർത്തനങ്ങളെയും എതിർക്കുന്ന രാജ്യസ്നേഹികളാവണം ഈ നാടിന്റെ യുവശബ്ദം.

തിന്മയ്ക്കെതിരെയുള്ള പോരാട്ടത്തിൽ തിരുസഭയുടെ ശബ്ദമായി സമൂഹത്തിൽ എന്നും കർമ്മനിരതരാകേണ്ടത് ക്രൈസ്തവയുവതയാണ്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ വർധിച്ചുവരുന്ന അതിക്രമങ്ങൾക്കെതിരെയും മദ്യത്തിനും മയക്കുമരുന്നിനുമെതിരെയുള്ള പോരാട്ടത്തിലും യുവജനങ്ങളാണ് മുന്നിട്ടിറങ്ങേണ്ടത്. യുവജനങ്ങളെ തെറ്റായി സ്വാധീനിക്കുന്ന തിന്മയുടെ ശക്തികൾ എക്കാലത്തും സമൂഹത്തിന്റെ ശാപമാണ്. തെറ്റായ മൂല്യങ്ങളെ പ്രലോഭനാത്മകമായി അവതരിപ്പിക്കുന്ന മാധ്യമസംസ്കാരം യുവജനം തിരിച്ചറിയണം. മാധ്യമവളർച്ചയിലൂടെ ലോകം നേടിക്കൊണ്ടിരിക്കുന്ന അറിവിന്റെ വിസ്ഫോടനത്തെ ഇവിടെ നാം തള്ളിക്കളയുന്നില്ല. രാഷ്ട്രീയ സാമൂഹിക തലങ്ങളിലെ തെറ്റായ കീഴ്വഴക്കങ്ങളും അധികാരകേന്ദ്രീകരണവും പണത്തിന്റെയും രാഷ്ട്രീയത്തിന്റെയും മറവിൽ വരുന്ന അക്രമവും ദാരിദ്രവും അസമത്വവും മാറ്റിയെഴുതുവാൻ തക്ക ലക്ഷ്യബോധമുള്ളവരാകണം യുവജനങ്ങൾ.

നന്മയുടെ മൂല്യങ്ങൾ പകർന്നു കൊടുക്കുന്നതിനും സംസ്കാരത്തെ വളർത്തുന്നതിനും ഉതകുന്ന വളക്കൂറുള്ള മണ്ണാണ് കലാലയങ്ങൾ. യുവജനങ്ങളിൽ ഏറിയ പങ്കും പഠനവുമായി ബന്ധപ്പെട്ട് കലാലയങ്ങളിൽ ആയിരിക്കുമ്പോൾ മൂല്യബോധമുള്ള ക്രൈസ്തവ യുവജനങ്ങളുടെ സാന്നിധ്യം ഓരോ കലാലയത്തെയും സമ്പന്നമാക്കണം. ഒരു പുതിയ സംസ്കാരത്തിന്റെ പ്രവാചകരാകണം കാമ്പസിലെ ക്രൈസ്തവ യുവജനങ്ങൾ.

ആധുനിക ലോകത്തിൽ കുടുംബം നേരിടുന്ന വെല്ലുവിളികളെ കുറിച്ച് ആഴത്തിൽ പഠിക്കുന്നതിനും അവയെ അതിജീവിക്കാനുള്ള കർമപദ്ധതികൾ തയ്യാറാക്കാനുമായി തിരുസഭ ഈ കാലയളവിൽ ഒരു സാധാരണ സിനഡും ഒരസാധാരണ സിനഡും വിളിച്ചുകൂട്ടുകയാണ്. ഈ അവസരത്തിൽ ക്രൈസ്തവയുവതയും കുടുംബഭദ്രതയും എന്ന പഠനവിഷയം യുവജനങ്ങൾക്കായി കെസിബിസി യൂത്ത് കമ്മീഷൻ സമർപ്പിക്കുന്നു. 'കുടുംബമേ നീ എന്താണോ അതായിത്തീരുക' എന്ന് കുടുംബങ്ങളുടെ മാർപാപ്പായായ വിശുദ്ധ ജോൺ പോൾ രണ്ടാമൻ നമ്മെ ഓർമ്മിപ്പിക്കുന്നു. തകർച്ചയിലേക്ക് നീങ്ങുന്ന കുടുംബങ്ങളെയും സമൂഹത്തെയും സുസ്ഥിരപ്പെടുത്താൻ യുവജനങ്ങൾ തയ്യാറാകണം. അത് സഭയുടെയും സമൂഹത്തിന്റെയും ആവശ്യമാണ്.

കുടുംബങ്ങളെക്കുറിച്ച് ഇന്നത്തെ യുവജനങ്ങൾക്ക് വ്യക്തമായ ഒരു കാഴ്ചപ്പാടുണ്ടാകണം. വിവാഹജീവിതത്തെയും കുടുംബഭദ്രതയെയും ബാധിക്കുന്ന ആധുനിക വെല്ലുവിളികളെ അതിജീവിക്കുവാൻ യുവജനങ്ങൾ തങ്ങളെത്തന്നെ സജ്ജരാക്കേണ്ടതുണ്ട്. വിവാഹമോചനവും വർധിച്ചുവരുന്ന മദ്യസംസ്കാരവും മയക്കുമരുന്നുപയോഗവും മാധ്യമങ്ങളുടെ ക്രമാതീതമായ കടന്നുകയറ്റവും ഏറെ കരുതലോടെ നേരിടേണ്ട വെല്ലുവിളികളാണ്. നാഗരിക സംസ്കാരവും പ്രഫഷണലിസവും വർധിച്ചു വരുമ്പോൾ പരസ്പരബന്ധവും വിട്ടുവീഴ്ചകളും കൂടുതൽ ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. അതുപോലെ തന്നെ കുടുംബജീവിതത്തിൽ വളരെ പ്രധാനപ്പെട്ടതാണ് ദൈവവിശ്വാസവും പ്രാർത്ഥനാചൈതന്യവും. കൂടുതൽ കുഞ്ഞുങ്ങളും ജീവന്റെ സംരക്ഷണവും ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. ദൈവം ആഗ്രഹിക്കുന്ന ഈ നന്മകളിലൂടെ ഒരു നവീനസംസ്കാരത്തെ കെട്ടിപ്പെടുക്കുവാനുള്ള കടമ ഓരോ യുവാവിനും യുവതിക്കുമുണ്ട്.

**ഉപസംഹാരം**

കഴിഞ്ഞ കാലഘട്ടങ്ങളിൽ മാതൃരാജ്യത്തിന്റെ വളർച്ചയ്ക്കും ദൈവരാജ്യപ്രഘോഷണത്തിനും കേരളത്തിലെ കത്തോലിക്കാ യുവജനങ്ങൾ ചെയ്തിട്ടുള്ള എല്ലാ മുന്നേറ്റങ്ങളെയും കേരള സമൂഹവും കേരള കത്തോലിക്കാ മെത്രാൻ സമിതിയും നന്ദിയോടു കൂടി സ്മരിച്ചുകൊണ്ട് തങ്ങളുടെ ക്രൈസ്തവസാന്നിധ്യം കൂടുതൽ വിശ്വസ്തതയോടെ തുടർന്നുകൊണ്ടുപോകുവാൻ സ്നേഹപൂർവം ആഹ്വാനം ചെയ്യുന്നു. യുവജനങ്ങൾക്കുവേണ്ടി യുവജനങ്ങളോടൊപ്പം പ്രവർത്തിക്കുന്ന എല്ലാ അഭിവന്ദ്യപിതാക്കന്മാരെയും അതിരൂപത,

രൂപത, ഫൊറോന, ഇടവക തലങ്ങളിൽ സേവനം ചെയ്യുന്ന ഡയറക്ടറച്ചന്മാരെയും ബഹുമാനപ്പെട്ട സിസ്റ്റേഴ്സിനെയും, യുവജനനേതാക്കന്മാരെയും നന്ദിയോടുകൂടി ഓർക്കുകയും അവരുടെ നിസ്വാർത്ഥസേവനങ്ങൾക്ക് ദൈവാനുഗ്രഹം നേരുകയും ചെയ്യുന്നു. ആധ്യാത്മികതയിലും ബൗദ്ധിക വളർച്ചയിലും സാമൂഹിക സാംസ്കാരിക മുന്നേറ്റങ്ങളിലും നിലംതികഞ്ഞ മാതൃകായുവജന ങ്ങളെ ഇന്ന് ലോകത്തിനാവശ്യമുണ്ട്. എല്ലാറ്റിന്റെയും സ്രഷ്ടാവും അധിപനുമായിരിക്കെ ദരിദ്രനായി ജനിച്ച് വേദനിക്കുന്നവന്റെ രക്ഷയായും പ്രതീകമായും സ്വർഗീയപിതാവിന്റെ ഇഷ്ടത്തിനായി സ്വജീവിതം ബലി നല്കിയ യുവാവായ യേശുനാഥന്റെ മാതൃക പിൻചെല്ലാൻ, വിശുദ്ധ ഫ്രാൻസിസ് അസീസിയുടെ ജീവിതമാതൃകയെ അനുസ്മരിച്ചുകൊണ്ട്, പരിശുദ്ധ പിതാവ് യുവജനങ്ങളെ ആഹ്വാനം ചെയ്യുന്നു. യുവജനങ്ങളിലുണ്ടാകേണ്ട ഒരു പരിവർത്തനത്തിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. ശിഷ്യത്വം ആവശ്യപ്പെടുന്ന ഈ ത്യാഗം, ആധുനിക യുഗത്തിന്റെ എല്ലാ തിന്മകളിൽ നിന്നും അകന്നു നിന്നുകൊണ്ട്, പാവപ്പെട്ടവനോടും തിരസ്കരിക്കപ്പെട്ടവനോടും അടിച്ചമർത്തപ്പെട്ടവനോടും പക്ഷം ചേരുന്ന യുവാവായ യേശുനാഥന്റെ ജീവനിൽ പങ്കുചേരാനുള്ള ക്ഷണമാണ്.

**ബിഷപ്പ് മാർ ജോസഫ് പണ്ടാരശ്ശേരിൽ**
ചെയർമാൻ, കെ.സി.ബി.സി. യുവജനകമ്മീഷൻ

**ബിഷപ്പ് വിൻസെന്റ് സാമുവൽ**
വൈസ് ചെയർമാൻ, കെ.സി.ബി.സി. യുവജനകമ്മീഷൻ

**ബിഷപ്പ് തോമസ് മാർ അന്തോണിയോസ്**
വൈസ് ചെയർമാൻ, കെ.സി.ബി.സി. യുവജനകമ്മീഷൻ

---

**NB:- ഈ സർക്കുലർ ജൂലൈ മാസം 6–ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ ഈ സർക്കുലറിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ച് കൊടുക്കേണ്ടതാണ്.**

**JOSE PORUNNEDOM**
**BISHOP OF MANANTHAVADY**

***Prot. No. 14656//2014***

## ഡിക്രി

### മാനന്തവാടി രൂപതയുടെ മെത്രാൻ മാർ ജോസ് പൊരുന്നേടം പനമരത്ത് വി.പാദ്രേ പിയോയുടെ നാമത്തിലുള്ള പ്രതിഷ്ഠാലയം സ്ഥാപിച്ചുകൊണ്ട് പുറപ്പെടുവിക്കുന്ന ഡിക്രി.

2005 ഏപ്രിൽ 6-ന് പനമരത്ത് കപ്പൂച്ചിൻ സമൂഹത്തിന്റെ ഒരു ആശ്രമവും ആശ്രമത്തോട് ചേർന്ന് ഒരു ചെറിയ ദേവാലയവും ആരംഭിച്ചു. 2005 ഏപ്രിൽ 25 മുതൽ 2013 മെയ് 24-ന് പനമരത്ത് രൂപതയുടെ കീഴിൽ ഒരു ഇടവക സ്ഥാപിക്കപ്പെട്ടതുവരെ അവിടെ പൊതുജനങ്ങൾക്കായി ഒരു കുർബാനകേന്ദ്രവും (Mass Centre) നിലവിലുണ്ടായിരുന്നു.

പനമരത്ത് ഇടവക സ്ഥാപിതമായതോടെ Mass Centre എന്ന നിലയിലുള്ള പ്രവർത്തനം തുടരുന്നതിൽ പ്രസക്തിയില്ലെന്നും കപ്പൂച്ചിൻ സഭാധികാരികൾക്ക് താത്പര്യമെങ്കിൽ ഒരു Shrine ആയി ആശ്രമ ദേവാലയത്തെ പ്രഖ്യാപിക്കാം എന്നും ഞാൻ ബഹുമാനപ്പെട്ട പ്രൊവിൻഷ്യാളച്ചനെ അറിയിച്ചതനുസരിച്ച് ആശ്രമദേവാലയത്തെ Shrine ആയി ഉയർത്തണമെന്ന് ബഹു. പ്രൊവിൻഷ്യാൾ അച്ചൻ 2013 ഫെബ്രുവരി 27-ന് രേഖാമൂലം എന്നോട് ആവശ്യപ്പെട്ടു. തുടർന്ന് 2013 മാർച്ച് 2 ന് പുതിയ ആശ്രമദേവാലയത്തിന്റെ ശിലാസ്ഥാപനത്തിന് ഞാൻ പനമരം ആശ്രമത്തിൽ ചെന്ന സന്ദർഭത്തിൽ അദ്ദേഹവും ആശ്രമാംഗങ്ങളും എന്നോടൊപ്പം ഒരുമിച്ചിരുന്ന് ഇക്കാര്യം ചർച്ച ചെയ്തിരുന്നു. ആശ്രമദേവാലയത്തെ ഒരു Shrine ആയി ഉടൻ തന്നെ

പ്രഖ്യാപിക്കുവാൻ ബഹുമാനപ്പെട്ട പ്രൊവിൻഷ്യാളച്ചൻ കത്ത് മുഖാന്തിരം എന്നോട് ആവശ്യപ്പെട്ടെങ്കിലും പുതിയദേവാലയത്തിന്റെ കൂദാശയോടു കൂടി അതും ചെയ്യാം എന്ന് തീരുമാനിക്കുകയായിരുന്നു.

പുതിയ ദേവാലയം പൂർത്തിയായ സാഹചര്യത്തിൽ ആശ്രമ ദേവാലയത്തെ വി.പാദ്രേ പിയോയുടെ നാമത്തിലുള്ള ഒരു പ്രതിഷ്ഠാലയം ആയി ഉയർത്തുകയാണ്. ഇംഗ്ലീഷിൽ Shrine എന്ന് വിളിയ്ക്കപ്പെടുന്ന ദേവാലയമാണ് പ്രതിഷ്ഠാലയം എന്ന പദം കൊണ്ട് വിവക്ഷിക്കുന്നത്. പ്രതിഷ്ഠാലയം തീർത്ഥാടനകേന്ദ്രത്തിൽ നിന്ന് വ്യത്യാസപ്പെട്ടിരിക്കുന്നു. വിശ്വാസികൾ തീർത്ഥാടനമായി വിവിധ സ്ഥലങ്ങളിൽ നിന്ന് വന്ന് പ്രാർത്ഥിച്ച് പോകുന്ന പുണ്യസ്ഥലങ്ങളാണ് തീർത്ഥാടനകേന്ദ്രങ്ങൾ. എന്നാൽ പ്രതിഷാഠലയങ്ങളിലാകട്ടെ അങ്ങനെ സംഘം ചേർന്നുള്ള തീർത്ഥാടനങ്ങൾ പ്രോത്സാഹിപ്പിക്കപ്പെടുന്നില്ല. പ്രത്യുത വിശ്വാസികൾക്ക് വന്ന് പ്രാർത്ഥിക്കാനും കുമ്പസാരിക്കാനും കൗൺസിലിംഗ് ശുശ്രൂഷ സ്വീകരിക്കാനും നിശബ്ദമായി പ്രാർത്ഥിക്കാനും മറ്റുമുള്ള സ്ഥലമാണ് പ്രതിഷ്ഠാലയം.

വി.പാദ്രേ പിയോ പ്രതിഷ്ഠാലയത്തിന്റെ ചുമതലയുള്ള വൈദികൻ റെക്ടർ എന്ന പേരിൽ ആയിരിക്കും അറിയപ്പെടുന്നത്. പ്രതിഷ്ഠലായത്തിൽ പ്രാർത്ഥനയ്ക്കും കുമ്പസാരത്തിനും കൗൺസിലിംഗിനും മറ്റും വരുന്നവർക്ക് അസൗകര്യങ്ങൾ ഉണ്ടാകാതെ അക്കാര്യങ്ങൾക്ക് എത്രയും പെട്ടെന്ന് തന്നെ സൗകര്യം ഒരുക്കുക, കുമ്പസാരം, കൗൺസിലിംഗ് തുടങ്ങിയവയുടെ സമയക്രമം ആളുകൾക്ക് കാണത്തക്കവിധം പ്രദർശിപ്പിക്കുക, പ്രതിഷ്ഠാലയത്തിൽ കൗൺസിലിംഗ് നടത്തുന്നവർക്ക് അക്കാര്യത്തിൽ ആവശ്യമായ പരിശീലനവും പക്വതയും ഉള്ളവരാണ് എന്ന് ഉറപ്പുവരുത്തുക, ഈസ്റ്റർ, ക്രിസ്തുമസ്, തുടങ്ങിയ പ്രധാന തിരുനാളുകളോടനുബന്ധിച്ച് വിശ്വാസികൾക്ക് കുമ്പസാരത്തിന് പ്രത്യേകസൗകര്യം ഒരുക്കുക മുതലായവയെല്ലാം റെക്ടറുടെ കടമയും ഉത്തരവാദിത്വവുമായിരിക്കും.

ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും ഇടവക ദേവാലയത്തിൽ ഇടവക സമൂഹത്തോടൊപ്പം വി. കുർബാനയിൽ പങ്കെടുക്കുവാൻ വിശ്വാസികൾക്ക് കടമയുണ്ട്. (Ref. *മാനന്തവാടി രൂപതാനിയമാവലി 2007, നമ്പർ 383*). അതിനാൽ ഒരു സ്ഥിരം സംവിധാനം എന്ന നിലയിൽ ആ ദിവസങ്ങളിൽ പ്രതിഷ്ഠാലയത്തിന് അടുത്തുള്ള ഇടവകകളിൽ നിന്നുമുള്ള വിശ്വാസികൾക്കായി വി.കുർബാന അർപ്പിക്കുന്നത് ഉചിതമല്ലാത്തതിനാൽ അതിനുള്ള അനുവാദം ഉണ്ടായിരിക്കുന്നതല്ല.

എന്നാൽ വി. പാദ്രേ പിയോയോടുള്ള പ്രത്യേക മാദ്ധ്യസ്ഥം അപേക്ഷി ക്കുവാനും നേർച്ചകൾ നിറവേറ്റുവാനും മറ്റുമായി ആ ദിവസങ്ങളിൽ പ്രതിഷ്ഠാലയം സന്ദർശിക്കുന്ന വിശ്വാസികൾക്കായി ഉച്ചയ്ക്കോ വൈകുന്നേരമോ വി.കുർബാന അർപ്പിക്കുന്നതിന് തടസ്സമില്ല. എങ്കിലും അതിനുള്ള സമയം ബഹു. വികാരിയച്ചനുമായി ആലോചിച്ച് ക്രമീക രിക്കേണ്ടതാണ്. ക്രിസ്തുമസ്സ്, വലിയ ആഴ്ച എന്നിവയോടനുബന്ധി ച്ചുള്ള വിശ്വാസികളുടെ പങ്കാളിത്തത്തോടെ നടത്തുന്ന തിരുക്കർമ്മ ങ്ങൾക്കും പ്രതിഷ്ഠാലയത്തിൽ അനുവാദം ഉണ്ടായിരിക്കുന്നതല്ല. അത്തരം സന്ദർഭങ്ങളിൽ ആശ്രമത്തിലെ അംഗങ്ങൾ കഴിയുന്നത്രെ ഇടവക ദേവാലയത്തിൽ തിരുക്കർമ്മങ്ങളിൽ പങ്കാളികളാകാൻ ശ്രമി ക്കേണ്ടതുമാണ്.

കപ്പൂച്ചിൻ സഭയുടെ പാവനാത്മാ പ്രൊവിൻസിന്റെ ഇപ്പോഴത്തെ പ്രൊവിൻഷ്യാൾ ബഹു. തോമസ് കരിങ്ങടയിൽ അച്ചന്റെ ആഗ്രഹവും മാനന്തവാടി രൂപതയിലുള്ള ദൈവജനത്തിന്റെ ആത്മീയവളർച്ചയ്ക്ക് ഉപകരിക്കുമെന്ന് ബോധ്യപ്പെട്ടതിനാലും രൂപതാ മെത്രാൻ എന്ന നില യിൽ എനിക്കുള്ള അധികാരം ഉപയോഗിച്ചും 2014 മാർച്ച് 2 മുതൽ പനമരം പാദ്രേപിയോ ആശ്രമദേവാലയത്തെ വി. പാദ്രേപിയോയുടെ നാമത്തിലുള്ള പ്രതിഷ്ഠാലയമായി ഞാൻ ഉയർത്തുന്നു. St. Padre Pio Shrine അല്ലെങ്കിൽ വി. പാദ്രേ പിയോയുടെ പ്രതിഷ്ഠാലയം എന്നതാ യിരിക്കും ഔദ്യോഗിക നാമം. ഈ പ്രതിഷ്ഠാലയം സ്ഥാപിച്ചുകൊണ്ട് പുറപ്പെടുവിക്കുന്ന ഈ ഡിക്രിയോട് ചേർത്ത് വച്ചിരിക്കുന്ന നിയമാ വലി അനുസരിച്ചുള്ള എല്ലാ അവകാശാധികാരങ്ങളും കടമകളും അന്നു മുതൽ ഈ പ്രതിഷ്ഠാലയത്തിന് ഉണ്ടായിരിക്കുന്നതാണ്. ഈ പ്രതി ഷ്ഠാലയത്തിന്റെ പ്രഥമ റെക്ടറായി ബഹു. പോൾ കൈനിക്കൽ OFM.Cap അച്ചനെ ഞാൻ നിയമിക്കുന്നു.

പുതിയ പ്രതിഷ്ഠാലയത്തിന്റെ സ്ഥാപനത്തിനായി യത്നിച്ചിട്ടുള്ള എല്ലാവരേയും, കപ്പൂച്ചിൻ സഭയുടെ പാവനാത്മ പ്രൊവിൻസിന്റെ അധി കാരികളെയും പ്രത്യേകിച്ച് ഇപ്പോഴത്തെ പ്രൊവിൻഷ്യാൾ ബഹു. തോമസ് കരിങ്ങടയിൽ അച്ചനെയും പാദ്രേ പിയോ ആശ്രമത്തിലെ സുപ്പീരിയറും ഈ പ്രതിഷ്ഠാലയത്തിന്റെ റെക്ടറുമായ ബഹു. പോൾ കൈനിക്കൽ അച്ചനെയും നന്ദിയോടെ സ്മരിക്കുകയും ഹൃദയപൂർവ്വം അഭിനന്ദിക്കുകയും ചെയ്യുന്നു. ഈ പ്രതിഷ്ഠാലയത്തിൽ ആത്മീയ ശുശ്രൂഷകൾക്കായി കടന്നുവരുന്നവരെയും ആത്മീയ ശുശ്രൂഷ നൽകുന്ന ബഹു. വൈദികരെയും ഈ പ്രതിഷ്ഠാലയത്തിന്റെ

മദ്ധ്യസ്ഥനായ വി. പാദ്രേ പിയോ വഴി ക്രിസ്തുനാഥൻ ധാരാളമായി അനുഗ്രഹിക്കട്ടെ. നമ്മുടെ കർത്താവായ ഈശോമിശിഹായുടെ കൃപയും + പിതാവായ ദൈവത്തിന്റെ സ്നേഹവും + പരിശുദ്ധാത്മാവിന്റെ സഹവാസവും + നിങ്ങളോടുകൂടി ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാകാര്യാലയത്തിൽനിന്നും 2014 ഫെബ്രുവരി മാസം 28 ന് നൽകപ്പെട്ടത്.

**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

**ഫാ. ജോസഫ് പരുവുമ്മേൽ**
ചാൻസലർ

# മക്കൾ ഉന്നതവ്യക്തിത്വത്തിന് ഉടമകളാകാൻ

**അഡ്വ. ചാർളി പോൾ**

മാനുഷികതയുടെ പരിശീലനകേന്ദ്രമാണ് കുടുംബം. കുടുംബത്തിൽ നിന്നാണ് സനാതന മൂല്യങ്ങൾ കുട്ടിയിൽ രൂപപ്പെടേണ്ടത്. ധാർമ്മികതയുടെ നീരൊഴുക്ക് കുടുംബത്തിലുണ്ടാകണം. ഒരുപിതാവ് കുഞ്ഞിന്റെ കളിക്കൂട്ടുകാരനാണ്. ഭർത്താവ് ഭാര്യയുടെ ചങ്ങാതിയാണ്. ഭാര്യ ഭർത്താവിന്റെ കൂട്ടുകാരിയാണ്. ഇത്തരത്തിലുള്ള ഒരു ബന്ധം നിലനിർത്തണം. മാതൃകാകുടുംബത്തിൽ പരസ്പരസ്നേഹം, ത്യാഗമനോഭാവം, ക്ഷമ, സമർപ്പണം, കടമകൾ നിർവ്വഹിക്കൽ, പരസ്പരധാരണ, പരസ്പരം വളർത്തൽ, പരിലാലന, മൂല്യബോധം, പങ്കുവയ്ക്കൽ, സാമ്പത്തിക അച്ചടക്കം, കൂട്ടായ്മ എല്ലാം ഉണ്ടാകും. ദുശ്ശീലങ്ങൾക്ക് ഇടയുമില്ല. അപ്രകാരമുള്ള കുടുംബാന്തരീക്ഷത്തിലാണ് മക്കൾ ഉന്നതവ്യക്തിത്വത്തിന് ഉടമകളാകുക.

ചെറുപ്പകാലങ്ങളിലെ ശീലം മരണംവരെ തുടരും. നല്ല പെരുമാറ്റശീലങ്ങൾ ചെറുപ്പത്തിലേ പകർന്നു നൽകുക. പെരുമാറ്റം വ്യക്തിത്വത്തിലെ സവിശേഷഘടകമാണ്. പെരുമാറ്റം നന്നായില്ലെങ്കിൽ മറ്റുള്ളവർ നമ്മുടെ പേരുമാറ്റും. കളിപ്പേരിടും. സവിശേഷതകളുടെ സമാഹാരമാണ് വ്യക്തിത്വം. സ്നേഹവും അംഗീകാരവും നൽകി മക്കളെ വളർത്തുക. സവിശേഷ മൂല്യങ്ങൾ നിരന്തരം പകർന്നുനൽകുക. “വിതച്ചതാണ് കൊയ്യാനാകുക.”

മക്കൾ ചോദിക്കുന്നതൊക്കെ മക്കൾക്ക് വാങ്ങിക്കൊടുക്കരുത്. അങ്ങനെ ചെയ്താൽ ജീവിതത്തിൽ ചെറിയൊരു നിരാശപോലും മക്കൾക്ക് താങ്ങാനാവില്ല. ചിലപ്പോൾ മക്കൾ വാശിപിടിച്ച് കരയും. തറയിൽ കിടന്ന് ഉരുണ്ട് ബഹളം വയ്ക്കും. എന്നാലും മക്കൾക്ക് എന്താണ് വാങ്ങിക്കൊടുക്കേണ്ടത് എന്ന് മാതാപിതാക്കൾതന്നെ തീരുമാനിക്കണം. ചിലപ്പോൾ കുട്ടികൾ കുറച്ച് വികൃതികൾ കാണിക്കും. അതു മാതാപിതാക്കൾ സഹിക്കണം. ഈ പ്രായത്തിൽ മാത്രമല്ലേ കുസൃതിത്തരങ്ങൾ നിറഞ്ഞ ജീവിതം കുട്ടികൾക്ക് സാധിക്കൂ. അല്പം കുസൃതിയില്ലെങ്കിൽ കുട്ടികൾക്കും മുതിർന്നവർക്കും എന്താണ് വ്യത്യാസം. മക്കളെ

എപ്പോഴും ശാസിക്കാതിരിക്കുക. സാധാരണഗതിയിൽ പറഞ്ഞാൽ മക്കൾ അനുസരിക്കും. മക്കളെ എപ്പോൾ ശാസിക്കണമെന്ന് മാതാപിതാക്കൾ സ്വയം തീരുമാനിക്കണം.

മാതാപിതാക്കൾ മക്കൾക്ക് എന്തെങ്കിലും വാഗ്ദാനം ചെയ്താൽ എപ്പോഴും അതു പാലിക്കുക. അല്ലെങ്കിൽ വാഗ്ദാനങ്ങൾ പാലിക്കാതിരിക്കുന്നതിൽ തെറ്റില്ലെന്ന് മക്കൾ മനസ്സിലാക്കും. മക്കൾ എന്തെങ്കിലും തെറ്റു ചെയ്തിട്ടുണ്ടെങ്കിൽ ദയവായി തിരുത്തുക. അല്ലെങ്കിൽ തെറ്റു ചെയ്താൽ ഒന്നും സംഭവിക്കില്ലെന്നും അതെല്ലാം ആവർത്തിക്കാമെന്നും മക്കൾ വിചാരിക്കും. മക്കളെ ഒരിക്കലും മറ്റു കുട്ടികളുമായി താരതമ്യപ്പെടുത്തരുത്. അത് മക്കളെ വല്ലാതെ വേദനിപ്പിക്കും. മക്കളുടെ ആത്മവിശ്വാസം നശിപ്പിക്കും. മക്കൾക്ക് ഒരുപാടു കഴിവുകളുണ്ട്. എന്നിട്ടും മറ്റുള്ളവരുടെ മുന്നിൽ വച്ച് മക്കൾ മണ്ടനാണെന്ന് മാത്രം തെളിയിക്കണോ. ചിലപ്പോൾ മക്കൾ നിങ്ങളോടു പറയുന്ന കാര്യങ്ങളിൽ ചീത്തത്തരങ്ങളും അബദ്ധങ്ങളും മണ്ടത്തരങ്ങളും കണ്ടേക്കാം. അതെല്ലാം പറഞ്ഞ് ശകാരിക്കുകയോ, കളിയാക്കുകയോ ആണെങ്കിൽ പിന്നീടൊരിക്കലും നിങ്ങളോട് മക്കൾക്ക് മനസു തുറന്നു സംസാരിക്കാൻ സാധിക്കില്ല. മക്കളുടെ കൂട്ടുകാരുടെ മുന്നിൽവച്ച് ദയവായി മക്കളുടെ തെറ്റുകൾ ചൂണ്ടിക്കാണിക്കാതിരിക്കുക. കൂട്ടുകാരുടെ മുന്നിൽ വച്ച് മക്കളെ കുറ്റപ്പെടുത്തുമ്പോൾ അവർ സന്തോഷിക്കുകയും മക്കളുടെ മനസ് വേദനിക്കുകയും ചെയ്യും. മക്കളുടെ തെറ്റു തിരുത്താൻ മക്കളെ പഠിപ്പിക്കേണ്ടത് മറ്റുള്ളവരുടെ മുന്നിൽ വച്ചല്ല.

മക്കളെ ഒരിക്കലും മടിയനാക്കരുത്. വളർന്നുവരുമ്പോൾ ചെറിയ കാര്യങ്ങൾ ചെയ്യാൻ മക്കളെ അനുവദിക്കുക. ഡ്രസ് ചെയ്യാനും ഷൂസ് ഇടാനും മുടി ചീകാനും മക്കളെ അനുവദിക്കുക. വളരുന്തോറും കൂടുതൽ കാര്യങ്ങൾ ചെയ്യാൻ മക്കളെ അനുവദിക്കണം. അല്ലെങ്കിൽ എല്ലാക്കാര്യത്തിനും മക്കൾ എന്നും ആരെയെങ്കിലും ആശ്രയിച്ചുകൊണ്ടിരിക്കും. എല്ലാവരും തനിക്ക് വേണ്ടി മാത്രം ജീവിക്കുന്നവരാണെന്ന് മക്കൾ വിശ്വസിച്ചുപോകും. ഒന്നും തനിച്ചുചെയ്യാൻ പ്രാപ്തിയില്ലാത്തവരായി മക്കൾ മാറും. തെറ്റുകളിലൂടെയാണ് എല്ലാവരും ശരികൾ പഠിക്കുന്നത്. മക്കളെ ശകാരിക്കുമ്പോൾ ഒച്ചവെയ്ക്കരുത്. സാധാരണ സ്വരത്തിൽ കാര്യങ്ങൾ പറഞ്ഞ് മക്കളെ തിരുത്തുക. മക്കളുടെ മുന്നിൽ വെച്ച് മറ്റുള്ളവരോട് കള്ളം പറയരുത്. മാതാപിതാക്കളെപ്പറ്റി മക്കളുടെ മനസിൽ വലിയ ബഹുമാനവും വിശ്വാസവുമുണ്ട്. കള്ളംപറയുമ്പോൾ അതെല്ലാം ഇല്ലാതാകും. സിനിമയ്ക്കോ, ബസിൽ യാത്ര ചെയ്യുമ്പോഴോ

അല്പലാഭത്തിനു വേണ്ടി മക്കളുടെ പ്രായം കുറച്ചു പറയുന്നതും തെറ്റാണ്. കള്ളം പറയുന്നതിൽ തെറ്റില്ലെന്നും ചെറിയ ലാഭമുണ്ടെന്നും കൂടി മക്കൾ മനസിലാക്കും.

എപ്പോഴെങ്കിലും തെറ്റു പറ്റിയാൽ മാതാപിതാക്കൾ മക്കളോട് സോറി പറയുക. അങ്ങനെ ചെയ്താൽ മക്കളുടെ തെറ്റുകൾക്ക് മക്കളും ക്ഷമ ചോദിക്കും. മാതാപിതാക്കൾ ഉത്തമ മാതൃകയാകണം. ഒരിക്കലും മക്കളുടെ മുന്നിൽവെച്ച് വഴക്കുണ്ടാക്കരുത്. മക്കൾ ഉറങ്ങിയതിനുശേഷ മാകാം നിങ്ങളുടെ വഴക്കുകൾ. ടെൻഷനില്ലാതെയും സമാധാനമായിട്ടും ജീവിക്കാൻ മക്കളെ അനുവദിക്കുക. എന്നും എവിടെയും ഒന്നാമനാക ണമെന്ന് മക്കളോട് എപ്പോഴും പറയാതിരിക്കുക. എല്ലാ കുട്ടികൾക്കും എപ്പോഴും എല്ലാ മത്സരത്തിലും ഒന്നാമനാകാൻ കഴിയില്ലല്ലോ? ജീവി തത്തിൽ പരാജയങ്ങൾകൂടിയുണ്ടെന്ന് മക്കളെ പഠിപ്പിക്കുക. അങ്ങനെ യാകുമ്പോൾ പരാജയപ്പെട്ടാലും മക്കൾ നിരാശനാകില്ല. നിയന്ത്രണമി ല്ലാതെ ടിവി കാണാനും കമ്പ്യൂട്ടർ ഉപയോഗിക്കാനും മക്കളെ അനുവ ദിക്കാതിരിക്കുക.

ശരിയായ ജീവിതമൂല്യങ്ങൾ മക്കളെ പഠിപ്പിക്കാൻ മാതാപിതാ ക്കൾ സമയം കണ്ടെത്തുക. മാതാപിതാക്കൾ പറയുന്ന കാര്യങ്ങൾ ജീവി തത്തിൽ പകർത്തിക്കാണിക്കുക. മഹാന്മാരുടെ ജീവിത കഥകൾ ഉറങ്ങു ന്നതിന് മുമ്പ് മക്കൾക്ക് പറഞ്ഞു കൊടുക്കാൻ സമയം കണ്ടെത്തുക. മക്കൾ ചീത്തവാക്കു പറഞ്ഞാലോ, മുതിർന്നവരെ ബഹുമാനിക്കാതി രുന്നാലോ അത് മക്കളുടെ കുസൃതിയാണെന്ന് കരുതി ആസ്വദിക്കരുത്. അവയെ തിരുത്തണം. അല്ലെങ്കിൽ മക്കൾക്ക് പ്രോത്സാഹനമാണെന്ന് കരുതി വീണ്ടും മക്കൾ അതു തന്നെ ചെയ്യും.

അച്ഛൻ അറിയാതെ അമ്മയും അമ്മ അറിയാതെ അച്ഛനും മക്കൾക്ക് സമ്മാനങ്ങൾ നൽകാതിരിക്കുക. മക്കളെ കൂടുതൽ സ്നേഹി ക്കുന്നുവെന്ന് ബോധ്യപ്പെടുത്താൻ നിങ്ങൾ ഉത്സാഹിക്കരുത്. അത് മക്കളെ തെറ്റായ വഴികളിലൂടെ നടത്തും. മാതാപിതാക്കൾ കാറിൽ സ്കൂളിൽ മക്കളെ വിടാതിരിക്കുക. ക്ലാസിലെ മറ്റു കുട്ടികൾക്കില്ലാത്ത ആഡംബരങ്ങളൊന്നും മക്കൾക്ക് നൽകാതിരിക്കുക. ഇങ്ങനെയൊ ക്കെയേ മക്കളെ മിതവ്യയം ശീലിപ്പിക്കാൻ സാധിക്കു.

ബാല്യത്തിലും കൗമാരത്തിലും മക്കൾക്ക് കൂട്ടുകാർ ഏറെയാ യിരിക്കും. മക്കളുടെ കൂട്ടുകാരെ സ്വന്തമെന്നപോലെ സ്വീകരിക്കുകയും മനസ്സിലാക്കുകയും ചെയ്യുക. എങ്കിലേ മക്കളുടെ ചങ്ങാത്തം മക്കൾക്ക് ഗുണകരമാകുമോ എന്ന് മനസിലാക്കിത്തരാനാകു. കഴിയുമെങ്കിൽ

മക്കളുടെ കൂട്ടുകാരുടെ കുടുംബവുമായി സുഹൃത്ത്ബന്ധം സ്ഥാപിക്കുക. പെൺകുട്ടികളെ സമൂഹത്തിന് മുന്നിൽ പ്രദർശന വസ്തുക്കളാക്കാതിരിക്കുക. നഗ്നതാ പ്രദർശനം പ്രോത്സാഹിപ്പിക്കരുത്. നല്ലത്/നന്മ ചെയ്താൽ പ്രോത്സാഹിപ്പിക്കുക, അഭിനന്ദിക്കുക, മോശപ്പെട്ട ഒരു പ്രവർത്തികളിലും കൂട്ടുചേരാതിരിക്കുക, അമിത ലാളനയും പാടില്ല.

മക്കൾ അനുസരിക്കണമെങ്കിൽ അച്ഛനമ്മമാർ മക്കളുടെ കൂട്ടുകാരാവുക. തുറന്നു സംസാരിക്കാൻ സാഹചര്യം സൃഷ്ടിക്കുക. നല്ല കേൾവിക്കാരാവുക, ഏത് പ്രശ്നവും പങ്കുവയ്ക്കുവാനുള്ള സ്വാതന്ത്ര്യം ഉണ്ടാകണം. ഉള്ളു തുറന്ന സംസാരവും തമാശപറയലും ആഹ്ളാദകരമായ കൂട്ടായ്മയും ഒത്തു ചേരലും ആത്മവിശ്വാസം നൽകും. മക്കൾക്ക് ആവശ്യത്തിലധികം പണം നൽകരുത്. പണത്തിന്റെ കണക്കുകൾ തിരക്കണം. ബോധപൂർവ്വം, ധൂർത്തുകൾ ഒഴിവാക്കി പണം ഉപയോഗിക്കാൻ മക്കളെ പരിശീലിപ്പിക്കുക.

മക്കളെ മറ്റ് കുട്ടികളുമായി ഒരിക്കലും താരതമ്യം ചെയ്യരുത്. ഓരോ കുട്ടിയും വ്യത്യസ്ഥതയുള്ളവരും അതുല്യരുമാണ്. മക്കളെ തല്ലരുത്, ക്രൂരതകാട്ടരുത്, വായ കൊട്ടിയടക്കരുത് ശാരീരിക ശിക്ഷകൾ മുറിവുകൾ സൃഷ്ടിക്കും. മനസ്സിന് മുറിവേൽപ്പിക്കുന്ന രീതിയിൽ കുറ്റപ്പെടുത്തരുത്. തെറ്റ് ബോധ്യപ്പെടുത്തി ശരി ചെയ്യാൻ പ്രോത്സാഹിപ്പിക്കലാണ് ശിക്ഷണം. വളരാനും വളർത്താനും കഴിയുന്ന നിലപാടുകളെ സ്വീകരിക്കാവൂ. തളരാനും തളർത്താനും ശ്രമിക്കരുത്. ഉപദേശിച്ച് ബോറടിപ്പിക്കരുത് (ഒരു ടൺ ഉപദേശത്തേക്കാൾ നല്ലതാണ് ഒരു സ്പൂൺ കരുണ) സ്നേഹശാസനകളും തിരുത്തലും ആകാം. വേദനിപ്പിച്ചുകൊണ്ട് മക്കളുടെ സ്വഭാവത്തിൽ മാറ്റം വരുത്താനാകില്ല. പ്രശ്നങ്ങൾ ചർച്ച ചെയ്യുക. അച്ഛനമ്മമാരുടെ വിഷമങ്ങൾ, ആഗ്രഹങ്ങൾ, സ്വപ്നങ്ങൾ പങ്കുവയ്ക്കുക. മക്കളുടെ വികാരങ്ങളെ മാനിക്കുക.

മാതാപിതാക്കളുടെ ക്രൂരത മക്കളെ ക്രൂരന്മാരും സാമൂഹ്യ വിരുദ്ധരുമാക്കും. മക്കൾക്ക് നൽകേണ്ട സ്നേഹവും സംരക്ഷണവും നൽകേണ്ട പ്രായത്തിൽ കൊടുക്കാതെ തിരക്കുകളായി നടന്നാൽ മക്കൾ വളർന്ന് അവരുടെ തിരക്കുകളിൽ ചേക്കേറുമ്പോൾ മാതാപിതാക്കളെ അവർ മറക്കും. അല്ലെങ്കിൽ അനാഥാലയത്തിലാക്കും. കുട്ടികളെ ചെറിയ ചെറിയ ഉത്തരവാദിത്വങ്ങൾ ഏല്പിച്ചുകൊടുത്താൽ കുടുംബത്തിന്റെ ഭാഗമാണെന്നുള്ള തോന്നൽ അവർക്കുണ്ടാകും. സ്വാശ്രയത്തിൽ ജീവിക്കാൻ പഠിക്കും. സ്വന്തമായി എല്ലാ കാര്യവും ചെയ്യാനവർ പഠിക്കട്ടെ.

മക്കളിലെ വൈകാരിക പ്രശ്നങ്ങളുടെ സൂചനകൾ എത്രയും വേഗം തിരിച്ചറിയുക, പഠനത്തിൽ പിന്നോക്കം പോവുക, അകാരണ മായ വിഷാദം, ദേഷ്യം വരുമ്പോൾ ആക്രമണോൽസുകമായ രീതി യിൽ പെരുമാറുക, എല്ലാത്തിനെയും എതിർക്കുക തുടങ്ങിയ മാറ്റങ്ങൾ കുട്ടി ലൈംഗീക ചൂഷണത്തിനോ ലഹരിവസ്തുക്കൾക്കോ ഇരയായ തിന്റെ സൂചനയാകാം. പ്രശ്നങ്ങളോട് പക്വമായ സമീപനം വേണം. കൗൺസിലിംഗ് നൽകുക.

നമ്മൾ പറയുന്നത് കേട്ടല്ല മറിച്ച് നമ്മൾ ചെയ്യുന്നത് കണ്ടാണ് മക്കൾ അനുകരിക്കുക. ലഹരിപദാർത്ഥങ്ങൾ കുട്ടികൾ കാണുകയോ അവരറിയത്തക്ക വിധത്തിലോ ഉപയോഗിക്കരുത്. കുട്ടികൾക്ക് വിവേ ചനാബുദ്ധി കുറവാണ്. നമ്മെ മക്കൾ അനുകരിക്കും. വീട്ടിൽ ലഹരി വസ്തുക്കൾ സൂക്ഷിക്കരുത്. മക്കൾ അത് ഉപയോഗിക്കും.

ചില സാഹചര്യങ്ങളിൽ 'നോ' പറയാൻ മക്കളെ ശീലിപ്പിക്കണം. തിന്മകളോടും പ്രലോഭനങ്ങളോടും മക്കൾ 'നോ' പറയട്ടെ. അത് ആത്മ ബലമാണ്. ലഹരിക്ക് വീട്ടിൽ സ്വീകാര്യത നൽകരുത്. മദ്യത്തോടുള്ള മാന്യ സമീപനം മക്കൾക്ക് നാശം വരുത്തും. ആഘോഷങ്ങളിൽ വീട്ടിൽ ഒരിക്കലും മദ്യം വിളമ്പരുത്. സന്തോഷവും അംഗീകാരവുമാണ് മനു ഷ്യന് മരിക്കുവോളം വേണ്ടത്. തകർന്ന കുടുംബങ്ങൾക്കിടയിലാണ് ലഹരികൾ ഇടം കണ്ടെത്തുന്നത്. സന്തോഷവും അംഗീകാരവും പര സ്പരം നൽകിയാൽ ലഹരിയുടെ ഇരുണ്ടവഴികൾ ആരും തേടില്ല.

പ്രശ്നക്കാരായ മക്കളെ വിശ്വാസത്തിലെടുത്തു തുറന്നു സംസാ രിക്കുക. ഭയപ്പെടുത്താതിരിക്കുക. പ്രശ്നങ്ങൾ ചർച്ചചെയ്ത് ശരി തെറ്റു കൾ ബോധ്യപ്പെടുത്തുക. കുറ്റപ്പെടുത്താതിരിക്കുക. പ്രശ്നപരിഹാരം കണ്ടെത്താൻ സഹായിക്കുക. പ്രശ്നങ്ങളിൽ വീണ്ടും അകപ്പെടാതിരി ക്കാൻ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക. പ്രതിസന്ധിയിൽ തുണയാകു മെന്ന് മക്കൾക്ക് തോന്നണം. ശരിതെറ്റുകളെക്കുറിച്ച് വിധിക്കാതിരിക്കുക. ക്ഷമയോടെ കേട്ടും പിന്തുണ നൽകിയും സ്നേഹിച്ചും പ്രോത്സാഹി പ്പിച്ചും മനസ്സിന് കരുത്ത് പകർന്നും മക്കളെ നല്ലവരാക്കുക. ആവശ്യ മെങ്കിൽ മന:ശാസ്ത്രജ്ഞന്മാരുടെ സഹായം തേടുക.

*കടപ്പാട് : പ്രതികരണനിധി, 2014 മെയ് 5,*
*Volume 8 Issue 5*

# രൂപതാകച്ചേരി വാർത്തകൾ

### പരേതരായ വൈദികരുടെ സ്മരണ

റവ.ഫാ. മാത്യു കൊല്ലിത്താനം – ജൂൺ 3, റവ.ഫാ. തോമസ് കാട്ടൂർ – ജൂൺ 8, റവ.ഫാ. അബ്രാഹം മൂക്കനോലി – ജൂലൈ 16. നമ്മുടെ പ്രിയമുള്ള ഈ അച്ചന്മാരെ നമുക്ക് പ്രാർത്ഥനകളിൽ നന്ദിയോടെ സ്മരിക്കാം.

### ബൈബിൾ ഞായർ

ജൂൺ 15–ാം തീയതി ബൈബിൾ ഞായറായി നാം ആചരിക്കുകയാണല്ലോ. അന്നേദിവസം എടുക്കുന്ന പ്രത്യേക സ്തോത്രക്കാഴ്ച കെ.സി.ബി.സി. യുടെ ബൈബിൾ കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി അയച്ചുകൊടുക്കുവാനായി രൂപതാ കേന്ദ്രത്തിൽ എത്തിക്കുമല്ലോ. ബൈബിൾ വാരാചരണത്തിനായി കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ തയ്യാറാക്കിയ വിചിന്തനങ്ങളും പ്രാർത്ഥനയും പേജ് 35–43 ൽ ചേർത്തിരിക്കുന്നു.

### പത്രോസിന്റെ കാശ് – ജൂൺ 29

ജൂൺ 29–ന് ആദിമസഭയുടെ അടിസ്ഥാനശിലകളായി വർത്തിച്ച പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ തിരുനാളാണല്ലോ. ജൂൺ 29–ാം തീയതി ഞായറാഴ്ച വി. പത്രോസിന്റെ കാശ് പിരിവിനുള്ള ദിവസമായി കണക്കാക്കി, പ്രത്യേകം സ്തോത്രക്കാഴ്ച നടത്തി ലഭിക്കുന്ന തുക റോമിലേയ്ക്ക് അയച്ചുകൊടുക്കുവാനായി കാലതാമസം വരുത്താതെ രൂപതാ കേന്ദ്രത്തിൽ എത്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

### സീറോ മലബാർ ദിനം – ജൂലൈ 3

സീറോമലബാർ സഭാദിനമായി കൂടി ആചരിക്കുന്ന, നമ്മുടെ സഭയുടെ പിതാവായ മാർ തോമാശ്ലീഹായുടെ തിരുനാൾ ദിനമായ ദുക്റാന തിരുനാളിന്റെ മംഗളങ്ങൾ ഏവർക്കും നേരുന്നു. നമ്മുടെ പിതാവിന്റെ ഓർമ്മതിരുനാളാഘോഷം സഭാദിനമായി ആചരിക്കുന്ന

ജൂലൈ മൂന്നിന് പ്രത്യേക സ്തോത്രക്കാഴ്ച എടുക്കുകയും ലഭിക്കുന്ന തുക സീറോമലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയായുടെ പ്രവർത്തന ഫണ്ടിലേയ്ക്ക് നൽകുന്നതിനായി കഴിയുന്നത്ര നേരത്തേ രൂപതാ കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

**യുവജനദിനം**

കേരളസഭ ജൂലൈ 6-ാം തീയതി യുവജനദിനം ആചരിക്കുന്നു. സഭയുടെയും സമൂഹത്തിന്റെയും ഭാവി വാഗ്ദാനങ്ങളായ യുവജനങ്ങളുടെ ആത്മീയവും ഭൗതീകവുമായ വളർച്ചയിൽ നമുക്കെല്ലാവർക്കും കഴിയുന്നവിധത്തിൽ സഹായിക്കാം. ഉചിതമായ വിധത്തിൽ യുവജനദിനം ആഘോഷിക്കുവാൻ ബഹു. വികാരിയച്ചന്മാരും ബന്ധപ്പെട്ടവരും താല്പര്യം കാണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. നമ്മുടെ രൂപതയിൽ യുവജന ശുശ്രൂഷയ്ക്ക് നേതൃത്വം നൽകുന്ന ബഹു. ലാൽ പൈനുങ്കൽ അച്ചനെയും മറ്റ് ഭാരവാഹികളെയും ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു. അന്നേദിവസം യുവജനങ്ങൾക്കുവേണ്ടി പ്രത്യേകം സ്തോത്രക്കാഴ്ച സ്വീകരിച്ച് യുവജനപ്രവർത്തനങ്ങളെ സഹായിക്കുവാൻ രൂപതാ കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യണമെന്ന് ഓർമ്മപ്പെടുത്തുന്നു.

**നന്ദി**

വിവിധ സന്യാസ സമൂഹങ്ങളിൽ നിന്നും രൂപതാ സേവനത്തിനായി കടന്നു വന്ന് തിരിച്ചുപോകുന്ന വൈദികരെ ഏറെ നന്ദിയോടെ അനുസ്മരിക്കുന്നു. പുതിയിടം വികാരിയായിരുന്ന ബഹു. ജോസ് ചെമ്പുകെട്ടിക്കൽ O.Praem അച്ചനും അപ്പപ്പാറ വികാരിയായിരുന്ന ബഹു. തോമസ് തലച്ചിറ O.Carm അച്ചനും തലപ്പുഴ വികാരിയായിരുന്ന ബഹു. ചാക്കോ ഇല്ലിപ്പറമ്പിൽ CMI അച്ചനും അരുൾനിലയം വികാരിയായിരുന്ന ബഹു. മാത്യു ചാലിൽ CMI അച്ചനും ചാരിറ്റി വികാരിയായിരുന്ന ബഹു. തോമസ് പട്ടത്തിൽചിറ CMF അച്ചനും ആത്മാർത്ഥമായ സേവനങ്ങൾക്ക് രൂപത മുഴുവന്റെയും നന്ദിയും കടപ്പാടും പ്രാർത്ഥനകളും അറിയിക്കട്ടെ. പുതിയ പ്രവർത്തന മേഖലകളിൽ എല്ലാവിധ ദൈവാനുഗ്രഹവും വിജയങ്ങളും ആശംസിക്കുന്നു. അതോടൊപ്പം ഏതാനും മാസങ്ങൾ തരിയോട് ഇടവകയിൽ അസിസ്റ്റന്റ് വികാരിയായി സേവനം ചെയ്ത ബഹു. ജോസഫ് പരത്തനാൽ OFM Cap. അച്ചനും കല്ലോടിയിൽ അസിസ്റ്റന്റ് വികാരിയായിരുന്ന ബഹു. ലിന്റോ കണിച്ചായി SJ. അച്ചനും നന്ദിയും പുതിയ സേവനരംഗങ്ങളിൽ വിജയവും ആശംസിക്കുന്നു.

**സ്വാഗതം**

മാനന്തവാടി രൂപതയിൽ സേവനത്തിനായി കടന്നുവന്നിരിക്കുന്ന ബഹു. മനോജ് തോട്ടുംകര O.Praem അച്ചനും (പുതിയിടം), ബഹു. ലിജോയ് താന്നിക്കൽ O.Carm അച്ചനും (അപ്പപ്പാറ), ബഹു. ജോസഫ് നരിപ്പാറ അച്ചനും (കല്പറ്റ), ബഹു. ജോസഫ് പയ്യപ്പുള്ളി SDV അച്ചനും (കൊട്ടിയൂർ), ബഹു. സന്തോഷ് തലച്ചിറയിൽ CSJBP അച്ചനും (നടവയൽ), ബഹു. പോൾ ചക്കാനിക്കുന്നേൽ CMI അച്ചനും (തലപ്പുഴ), ബഹു. തോമസ് പെരുവേലിൽ CMI അച്ചനും (അരുൾനിലയം), ബഹു. അബ്രാഹം ചെരടിയിൽ CMF അച്ചനും (ചാരിറ്റി) മാനന്തവാടി രൂപതയിലേയ്ക്ക് സ്വാഗതം. ഇവരുടെ ശുശ്രൂഷാ മേഖലകളിൽ എല്ലാവിധ വിജയങ്ങളും നന്മകളും ആശംസിക്കുന്നു.

**ഡോ. രാജു ജോർജിന് നന്ദി**



മാനന്തവാടി രൂപതയുടെ കീഴിലുള്ള മാനന്തവാടി മേരിമാതാ ആർട്ട്സ് ആന്റ് സയൻസ് കോളേജിന് ഒരു സുവർണ്ണകാലം സമ്മാനിച്ചുകൊണ്ട് 2006 ഏപ്രിൽ മാസം മുതൽ 2014 ഏപ്രിൽ 30 വരെ പ്രിൻസിപ്പാളായി സേവനം ചെയ്ത ഡോ. രാജു ജോർജ് തന്റെ ഔദ്യോഗിക പദവിയിൽ നിന്നും വിരമിക്കുന്ന ഈ സന്ദർഭത്തിൽ മാനന്താവാടി രൂപതയുടെ പേരിൽ ഹൃദ്യമായ നന്ദി അറിയിക്കുന്നു. ലാളിത്യത്തിന്റെയും കഠിനാദ്ധ്വാനത്തിന്റെയും ദൈവവിശ്വാസത്തിന്റെയും മാതൃഭക്തിയുടെയും പിൻബലത്തോടെ ദൃഢതയാർന്ന ഇച്ഛാശക്തിയോടെ തന്റെ അധ്യാപന മികവുകൊണ്ടും ഭരണപാടവം കൊണ്ടും പാഠ്യപാഠ്യേതര തലങ്ങളിൽ മേരി മാതയെ ഉന്നത നിലവാരത്തിലേയ്ക്ക് ഉയർത്തി, ദേശീയ കൗൺസലിന്റെ (NACC) തന്നെ ഉന്നത അംഗീകാരത്തിന് (A Grade) അർഹമാക്കിയതിന്റെ ചാരിതാർത്ഥ്യത്തോടെ വിരമിക്കുന്ന ഡോ. രാജു ജോർജ് സാറിന് മാനന്തവാടി രൂപതാ കുടുംബത്തിന്റെ എല്ലാവിധ ഭാവുകങ്ങളും പ്രാർത്ഥനാപൂർവ്വം ആശംസിക്കുന്നു.

**നന്ദിയും സ്വാഗതവും**

കഴിഞ്ഞ അഞ്ചു വർഷങ്ങളായി രൂപതാ ഓഫീസിൽ സാമ്പത്തിക കാര്യസംബന്ധമായ ശുശ്രൂഷ ചെയ്തിരുന്ന സി. ബീന SD സ്ഥലം മാറ്റത്തെത്തുടർന്ന് ആലുവയിലുള്ള മദർ ഹൗസിലേക്ക് തിരിച്ച്

പോകുന്നു. കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ നമ്മുടെ രൂപതയ്ക്കുവേണ്ടി ഏറ്റവും ഉത്തരവാദിത്വപൂർവ്വം, തന്നെ ഏൽപ്പിച്ച കാര്യങ്ങൾ സ്തുത്യർഹമാംവിധം നിർവ്വഹിക്കുവാൻ സി. ബീന കാണിച്ച കരുതലിന് രൂപതയുടെ പേരിൽ ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു. സി.ബീനയെ ഈ നാളുകളിൽ ഇവിടെ സേവനത്തിനായി അയച്ച SD സഭാധികാരികളോടും ഏറെ നന്ദി പറയുന്നു. സി. ബീനയുടെ പുതിയ ശുശ്രൂഷാരംഗം ദൈവാനുഗ്രഹം നിറഞ്ഞതാകട്ടെ.

രൂപതാ ഓഫീസിൽ പുതുതായി നിയമിതയായിരിക്കുന്നത് ഫ്രാൻസിസ്കൻ ക്ലാര സഭയിലെ സി. വന്ദന FCC ആണ്. സി. വന്ദനയെ ഈ സേവന മേഖലയിലേക്ക് പറഞ്ഞയയ്ക്കുവാൻ സന്മനസു കാണിച്ച പ്രൊവിൻഷ്യലിനും മറ്റ് അധികാരികൾക്കും നന്ദി പറയുന്നതോടൊപ്പം സി. വന്ദനയ്ക്ക് വിജയാശംസകളും നേരുന്നു.

## Transfers & Appointments (w.e.f. 18.05.2014)

| SN. | Rev Fr. | Assignment |
|---|---|---|
| 1. | Aikarathazhath Joseph | Vallikett & Secretary to Syncellus |
| 2. | Chempalayil Augustine | Chennalode |
| 3. | Chettiyassery Joseph | Jude's Mount (Add. Charge) |
| 4. | Edayakondatt Paul | Arinchermala |
| 5. | Kakkattikalayil Sebastian | Puthiyidomkunnu |
| 6. | Kassamkuttiyil Sebastian | Leave |
| 7. | Kakkonal Thomas | Kurumani & Radio Mattoli (w.e.f. June 22) |
| 8. | Kizhakkanputhupally Varghese | Manager, Seminary Villa Estate |
| 9. | Kocharackal Jose | Kallody |
| 10. | Kottarathil Jose | Njarappadam |
| 11. | Kuzhikandathil Joseph | Vadakkanad |
| 12. | Madathil Abraham | Director, KCBC Madyavirudha Samithi & Director, Vianney Bhavan |
| 13. | Mampally George | Retired |
| 14. | Manikutty Kurian | Vimalagiri |
| 15. | Moonnanal Justin | Mary Matha College & Padamala |
| 16. | Mukkattukavunkal Thomas | Muttiyel & Moolepadam |
| 17. | Mundackamattam Jose | Leave |
| 18. | Munjanattu Mathew | Dwaraka |

| | | |
|---|---|---|
| 19. | Muthukathaniyil Varghese | Mundery & Bhoodanam |
| 20. | Muttathukunnel Joseph | Study |
| 21. | Nellikunnel Francis | Mullankolly |
| 22. | Nilackappillil Augustine | Kalpetta & Manager, De Paul Public School |
| 23. | Palackeel Sebastian | Retired |
| 24. | Pallichankudy Mathai | Kurumbala |
| 25. | Parunthanoly Thomas | Vazhavatta |
| 26. | Peedikappara James | Boy's Town |
| 27. | Perumattikunnel Thomas | Peria |
| 28. | Ponparackal John | Corporate Manager |
| 29. | Poothakuzhy Jacob | Velloonny |
| 30. | Pullankunnel Chacko | Temporary Vicar, Kurumani & Study |
| 31. | Punakatt Chandy | Director, AKCC (add. Charge) |
| 32. | Punchayil Luke | Padichira |
| 33. | Puthenpurayil Manuel | Thuckalay |
| 34. | Puthenpurayil Tomy | Director, Pastoral Centre Manimooly & Vicar, Marutha |
| 35. | Puthussery Martin | Kavumannam |
| 36. | Thuruthel Kuriakose | Thalanji |
| 37. | Unnipally Sebastian | Pookkottumpadam |
| 38. | Urumbil Joseph | Valad & Principal, Newman's College (w.e.f.15-06-2014) |
| 39. | Vadakkanchery Mathew | Kottiyoor |
| 40. | Vadakkemulanjanal Michael | Prasanthagiri |
| 41. | Vazhakat Joseph | Jesus Youth & Christeen (Add. Charge) |
| 42. | Mulakudiyankal Varghese | Spritual Adviser, Vincent De Paul Society |
| **Religious Priests** | | |
| 1. | Chakkanikunnel Paul CMI | Thalapuzha (w.e.f. 01-06-2014) |
| 2. | Cheradiyil Abraham CMF | Charity (w.e.f. 07-06-2014) |
| 3. | Peruvelil Thomas CMI | Arulnilayam (w.e.f. 01-06-2014) |
| 4. | Thanickal Lijoy O.Carm, | Appapara (w.e.f. 25-5-2014) |
| 5. | Thottumkara Manoj O.Praem | Pro-Vicar, Puthiyidom (w.e.f. 20-05-2014) |

| Assistants | | |
|---|---|---|
| 1. | Edakkudiyil Mathew | Assistant Director, Boy's Town Orphanage & Assistant Director, Social Service Training Centre (w.e.f.17-06-14) |
| 2. | Iykkkarakana Thomas | Kallody |
| 3. | Kalliyatt Devassia | Nadavayal |
| 4. | Kavalakkadan Varghese | Kallody (2nd Assistant) Add. Charge |
| 5. | Palathadam George | S. Bathery |
| 6. | Puthukattil Mathew | Thariode |
| 7. | Thenattil Thomas (Mandya) | Mullenkolly |
| 8. | Naripara Jobish (Mandya) | Kalpetta |
| 9. | Payyappully Joseph SDV | Kottiyoor |
| 10. | Thalachirayil Santhosh SJBP | Nadavayal (2nd Assistant) |

**മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

# രൂപതാദിനം 2014 - റിപ്പോർട്ട്

ഈ വർഷത്തെ രൂപതാദിനാഘോഷങ്ങൾ 2014 മെയ് 1 വ്യാഴാഴ്ച ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. രൂപതയാകുന്ന വലിയ കുടുംബത്തിന്റെ പ്രതിനിധിസമ്മേളനമായ ഈ കൂട്ടായ്മയുടെ ആഘോഷത്തിന് തുടക്കം കുറിച്ചുകൊണ്ട് രാവിലെ 9.00 ന് അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് പതാക ഉയർത്തി. തുടർന്ന് അഭിവന്ദ്യ പിതാവുമായുള്ള ചോദ്യോത്തരവേളയായിരുന്നു. 10.30 ന് അഭിവന്ദ്യ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ വി. ബലിയർപ്പിച്ചു. പ്രോട്ടോസിഞ്ചെല്ലൂസ് മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ, സിഞ്ചെല്ലൂസ് വെരി. റവ. ഫാ. ജെയിംസ് കുറ്റിമാക്കൽ എന്നിവർ സഹകാർമ്മികരായിരുന്നു. വി.കുർബാന മധ്യേ അഭിവന്ദ്യ പിതാവ് വചനസന്ദേശം നൽകി. ഇടയദൗത്യം മെത്രാനും അച്ചന്മാരും അടങ്ങുന്ന ഒരു ഗണത്തിന്റേതുമാത്രമല്ലായെന്നും മുഴുവൻ ക്രൈസ്തവ വിശ്വാസികളുടെതുമാണെന്ന് ഈ ദിനം നമ്മെ ഓർമ്മപ്പെടുത്തുന്നുവെന്നും ഓരോ ക്രൈസ്തവന്റെയും ഇടയദൗത്യം കർത്താവിന്റെ ഇടയദൗത്യം തന്നെയാണെന്നും അത് ശുശ്രൂഷയാണെന്നും ആടുകളുടെ വളർച്ചയ്ക്ക് വേണ്ടിയുള്ള ശുശ്രൂഷയാണെന്നും പിതാവ് പറഞ്ഞു. അബ്രാഹത്തെപ്പോലെ മറ്റുള്ളവർക്ക് അനുഗ്രഹമാകാനുള്ള വിളിയാണ് കൈക്കാരന്മാർ, മതാദ്ധ്യാപകർ തുടങ്ങി നേതൃത്വനിരയിലുള്ള എല്ലാവർക്കുമെന്ന് പിതാവ് സൂചിപ്പിച്ചു. ദൈവം നമ്മുടെ കൂടെയുണ്ടെന്നുള്ള ഉറപ്പാണ് നമ്മുടെ പ്രവർത്തനങ്ങൾക്ക് ശക്തിയെന്നും പിതാവ് ഓർമ്മിപ്പിച്ചു.

വി. കുർബാനയ്ക്ക് ശേഷം 12 മണിക്ക് പൊതുസമ്മേളനം ആരംഭിച്ചു. വിൻസെന്റ്ഗിരി ബാലഭവനിലെ കുട്ടികളുടെ രംഗപൂജയോടെ ആരംഭിച്ച സമ്മേളനത്തിൽ അടുത്ത ഇനം കെ.സി.വൈ.എം. ചുങ്കക്കുന്ന് യൂണിറ്റ് അവതരിപ്പിച്ച തെരുവുനാടകം ആയിരുന്നു. ലഹരിയുടെ ദൂഷ്യവശങ്ങളെക്കുറിച്ച് വളരെ മനോഹരമായി അവതരിപ്പിക്കാൻ അഭിനേതാക്കൾക്ക് സാധിച്ചു.

സമ്മേളനത്തിൽ രൂപതാ വികാരി ജനറാൾ മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ ഏവർക്കും സ്വാഗതം ആശംസിച്ചു. അദ്ധ്യക്ഷപ്രസംഗത്തിൽ അഭിവന്ദ്യ പിതാവ് ആടുകൾക്ക് ജീവനേകുന്ന ഇടയന്മാരാവുക എന്നതാണ് നമ്മുടെ ദൗത്യമെന്നും നമുക്ക് മുൻപേ കടന്നുപോയവരെ അനുസ്മരിക്കാനുള്ള ഒരു ദിനമാണ് ഇതെന്നും സൂചിപ്പിച്ചു. ദൈവ

ത്തിന് സാക്ഷ്യം വഹിക്കുന്ന ഒരു രൂപതയായി നാം മാറണമെന്നും ആഹ്വാനം ചെയ്തു. സമ്മേളനത്തിന് ആശംസ അർപ്പിച്ചുകൊണ്ട് കപ്യാരുമലയിൽ മരിയ ടീച്ചർ സംസാരിച്ചു.

2014 ലെ രൂപതാ ദിനത്തോടനുബന്ധിച്ച് ശ്രേഷ്ഠ പുരസ്കാരത്തിന് അർഹരായ ശ്രീ. ബെന്നി വെട്ടിക്കൽ (അധ്യാപനം) സി. ജോവിറ്റ എഫ്. സി. സി. (സിസ്റ്റർ) എന്നിവർക്കുള്ള അവാർഡ് ദാനം അഭിവന്ദ്യ പിതാവ് നിർവ്വഹിച്ചു.

*തിരുബലിനാഥനണയ്ക്കാൻ* എന്ന പേരിൽ മാനന്തവാടി രൂപത തയ്യാറാക്കി ശ്രീ. ബാബു ഉരുളിയാനിക്കൽ രചനയും സംഗീതവും നിർവഹിച്ച വി. കുർബാനയ്ക്കുള്ള ഗാനങ്ങൾ അടങ്ങിയ സി.ഡി. പ്രകാശനം ബഹു. വിജയൻ ചോഴൻപറമ്പിൽ അച്ചന് ആദ്യ സി.ഡി നൽകിക്കൊണ്ട് അഭിവന്ദ്യ പിതാവ് നിർവ്വഹിച്ചു. ബഹു. തോമസ് കുറ്റിക്കാട്ടുകുന്നേൽ, ശ്രീ. ജോസ് പള്ളത്ത് എന്നിവർ രചിച്ച *വ്യക്തിത്വവാതായനങ്ങൾ* എന്ന പുസ്തകത്തിന്റെ രണ്ടാം പതിപ്പിന്റെ പ്രകാശനം ബഹു. ജെയിംസ് കുറ്റിമാക്കൽ അച്ചന് നൽകിക്കൊണ്ടും ബഹു. തോമസ് കുറ്റിക്കാട്ടുകുന്നേൽ രചിച്ച Substance Abuse എന്ന ക്വിസ് എന്ന പുസ്തകത്തിന്റെ പ്രകാശനം മോൺ. മാത്യു മാടപ്പള്ളിക്കുന്നേലച്ചന് നൽകിയും അഭിവന്ദ്യ പിതാവ് നിർവ്വഹിച്ചു. ലഹരി വിമുക്തവർഷാചരണത്തോടനുബന്ധിച്ച് രൂപതാ സമിതിയുടെ ആഭിമുഖ്യത്തിൽ ശ്രീ. ഷാജി ചന്ദനപറമ്പിൽ രചന നിർവ്വഹിച്ച തീം സോങിന്റെ പ്രകാശനകർമ്മം ലഹരി വിമുക്തവർഷാചരണ സെക്രട്ടറി ശ്രീ. ജോൺസൺ തൊഴുത്തുങ്കലിന് നൽകി അഭിവന്ദ്യ പിതാവ് നിർവ്വഹിച്ചു. തുടർന്ന് വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച ബെനിൽഡ് ജോസഫ് ഐമനച്ചിറ – നടവയൽ (Ethical Hacker), നീതു തോമസ് – പയ്യമ്പള്ളി ( 2nd Rank, Indian Statitical Service Entrance Exam), സെബാസ്റ്റ്യൻ അറയ്ക്കൽ– വൈത്തിരി (സാഹിത്യരംഗം), ഷാനി ഷാജി – പാടിച്ചിറ (കായികരംഗം), നീന റോയി പരികിലാമലയിൽ – ഞാറപ്പാടം, (MSC Ist Rank with gold medal at Mangalore University) എന്നിവരെ ആദരിച്ചു. പൗരോഹിത്യ ജീവിതത്തിൽ 50 വർഷങ്ങൾ പൂർത്തിയാക്കിയ റവ. ഫാ. ജോൺ പുത്തൻപുര, റവ. ഫാ. ജോസഫ് ചിറ്റൂർ എന്നിവർക്ക് അവരുടെ അസാന്നിദ്ധ്യത്തിലും ആശംസകൾ നേർന്നു.

സമർപ്പിത ജീവിതത്തിന്റെ സുവർണ്ണ ജൂബിലി വർഷത്തിൽ ആയിരിക്കുന്ന സി. സിസിലി SCV, സി. മരീറ്റ SCV, സി. പെർപെത്വാ SCV, സി. ലിയോസ SCV, സി. റോസ്‌ലിൻ SCV, സി. ലൂസി SCV, സി.സിറിൽ FCC, സി. ജെയിൻ മരിയ FCC, സി. ഫ്രാൻസീസ്

ഗൈൽസ് FCC, സി. ട്രീസ മരിയ MSMI, സി. ആവില കൂനൻ SH, സി. എലൈസ് വരിക്കമാക്കൽ SH, സി. റോസിലിൻ തടത്തിൽ SH, സി. സെലിൻ അറയ്ക്കൽ SH, സി. ലീന ജോസ് കാപ്പുകാട്ടിൽ SH എന്നിവരെയും മതാധ്യപനരംഗത്ത് 35 വർഷങ്ങൾ പിന്നിടുന്ന തങ്കച്ചൻ വെട്ടുകല്ലുംപുറത്ത് (മരക്കടവ്), സി. സിസിൽ മരിയ SH (ചുള്ളിയാന) എന്നിവരെയും അൾത്താര ശുശ്രൂഷയിൽ 25 വർഷങ്ങൾ പിന്നിട്ട ജയ്സൺ കച്ചിറയ്ക്കൽ (മരക്കടവ്) എന്നിവരെയും അഭിവന്ദ്യ പിതാവ് പൊന്നാടയണിയിച്ച് ആദരിച്ചു. ശ്രീ. ബെന്നി വെട്ടിക്കൽ മറുപടി പ്രസംഗം നടത്തി. രൂപതാ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ എല്ലാവർക്കും നന്ദി പറഞ്ഞു. തുടർന്ന് രൂപതാ ഗാനത്തോടെ പൊതുസമ്മേളനം അവസാനിച്ചു. തുടർന്ന് ഉച്ച ഭക്ഷണത്തിനായി പിരിഞ്ഞു. ഉച്ചയ്ക്കുശേഷം 2.45 മുതൽ 4.45 വരെ ശ്രീ. ജോയ്സ് മുക്കുടം അവതരിപ്പിച്ച തിരുവചന വിസ്മയം മാജിക് ഷോയുമുണ്ടായിരുന്നു.

രൂപതയുടെ വിവിധ ഭാഗങ്ങളിൽ നിന്നായി രൂപതയിൽ സേവനം ചെയ്യുന്ന ബഹു. വൈദികർ, രൂപതയിലെ എല്ലാ സമർപ്പിത സമൂഹ ങ്ങളുടെയും മേജർ സുപ്പീരിയേഴ്സ്, എല്ലാ സന്യാസഭവനങ്ങളുടെയും സുപ്പീരിയേഴ്സ്, രൂപതാ പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, ഇടവക യിലെ നടത്തുകൈക്കാരന്മാർ, സെക്രട്ടറിമാർ, ദേവാലയശുശ്രൂഷികൾ, സൺഡേസ്കൂൾ പ്രധാനാധ്യാപകർ, വിവിധ സംഘടനകളുടെ രൂപതാ ഭാരവാഹികൾ, രൂപതയിലെ എൽ.പി., യു.പി., എച്ച്.എസ്., എച്ച്. എസ്. എസ് എന്നിവയുടെ പ്രധാനാധ്യാപകർ, ഇടവകാതല ലഹരിവിമുക്ത വർഷാചരണ കമ്മറ്റി കൺവീനർമാർ എന്നീ വിഭാഗങ്ങളിൽ നിന്നായി 800 ലധികം വ്യക്തികൾ രൂപതാദിനാഘോഷങ്ങളിൽ പങ്കെടുത്തു. രൂപതാദിനാഘോഷങ്ങൾ സുന്ദരവും മനോഹരവുമാക്കാൻ സഹായിച്ച എല്ലാവരേയും വളരെ പ്രത്യേകമായി രൂപതാ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിലിനെയും വിവിധ കമ്മറ്റി കൺവീനർമാരായി പ്രവർത്തിച്ച പാസ്റ്ററൽ സെന്ററിലെ എല്ലാ ബഹു. വൈദികരെയും സിസ്റ്റേഴ്സിനെയും സ്റ്റാഫംഗങ്ങളെയും സീയോൻ ധ്യാന കേന്ദ്രത്തിലെ സിസ്റ്റേഴ്സിനെയും വിവിധ സംഘടാപ്രവർത്ത കരെയും മേജർ സെമിനാരി വിദ്യാർത്ഥികളേയും പലവിധത്തിൽ സഹായസഹകരണങ്ങൾ ചെയ്തു തന്ന എല്ലാവരെയും ഓർക്കുകയും ഏവർക്കും ഹൃദയപൂർവ്വം നന്ദി അറിയിക്കുകയും ചെയ്യുന്നു.

**ഫാ. ജോസഫ് പരുവുമ്മേൽ**
ചാൻസലർ

# ബൈബിൾ ഞായർ, ബൈബിൾ വാരാചരണവും

## (2014 ജൂൺ 8 — 15)

### ജൂൺ 8: ബൈബിൾ ഞായർ
### ദൈവസ്നേഹം എന്ന സുവിശേഷം

സ്നേഹം നിങ്ങളെ വിളിക്കുമ്പോൾ അവനെ അനുഗമിക്കുക, അവന്റെ വഴികൾ കഠിനവും ചെങ്കുത്തായതും ആണെങ്കിലും അവന്റെ ചിറകുകൾ നിങ്ങളെ പൊതിയുമ്പോൾ അവന് കീഴ്വഴങ്ങുക, അവന്റെ തൂവലുകൾക്കിടയിൽ ഒളിപ്പിച്ച ഖഡ്ഗം നിങ്ങളെ മുറിവേൽപ്പിക്കുമെങ്കിലും – ഖലീൽ ജിബ്രാൻ

ദൈവത്തിന്റെ സ്നേഹം പലരുടെ വാക്യങ്ങളിലൂടെ അക്ഷരങ്ങളായി പുസ്കതത്താളുകളിൽ പതിഞ്ഞതാണ് സുവിശേഷം. സ്നേഹം നിർബന്ധിച്ചപ്പോൾ അവരെഴുതി. അല്ല, സ്നേഹം അവരെക്കൊണ്ട് എഴുതിച്ചു. അതിനാൽ ദൈവനിവേശനം എന്നാൽ സ്നേഹനിവേശനം എന്നാണർത്ഥം. തങ്ങൾ കണ്ടതും കേട്ടതും അനുഭവിച്ചതുമായ ദൈവത്തിന്റെ സ്നേഹം ലോകത്തിൽ പ്രദാനം ചെയ്യുകയും, അതുവഴി ലോകാവസാനം വരെ വരാനിരിക്കുന്ന തലമുറകൾക്ക് ആ സ്നേഹത്തിന്റെ ഊഷ്മളത പകർന്ന് നൽകുകയുമായിരുന്നു ഓരോ സുവിശേഷകന്റെയും ലക്ഷ്യം. സുവിശേഷത്തിലൂടെ "ദൈവത്തിനു നമ്മോടുള്ള സ്നേഹം നാം അറിയുകയും അതിൽ വിശ്വസിക്കുകയും ചെയ്തിരിക്കുന്നു" (1യോഹ 4:16).

**നമുക്ക് പ്രാർത്ഥിക്കാം**

സ്നേഹം തന്നെയായ ദൈവമേ, അവിടുത്തെ അചഞ്ചല സ്നേഹത്തിനു മുന്നിൽ ഞങ്ങൾ കൂപ്പുകൈകളോടെ നിൽക്കുന്നു. സ്നേഹത്തിന്റെ സുവിശേഷം പ്രപഞ്ചത്തിലൂടെയും ചരിത്രത്തിലൂടെയും പ്രവാചകന്മാരിലൂടെയും യേശുക്രിസ്തുവിലൂടെയും സഭയിലൂടെയും ബൈബിളിലൂടെയും അങ്ങു വാരിവിതറുന്നതിനെയോർത്ത് ഞങ്ങൾ അങ്ങേയ്ക്ക് നന്ദി പറയുന്നു. ദൈവസ്നേഹമെന്ന സുവിശേഷത്തിന്റെ നിത്യ പ്രചാരകരാകാൻ ഞങ്ങൾക്കു കൃപ നൽകിയാലും. ആമ്മേൻ

## ജൂൺ 9:

## മാംസം ധരിച്ച സുവിശേഷം

നല്ല വാർത്തകൾ എളുപ്പത്തിൽ മാഞ്ഞു പോകാറുണ്ട്. നല്ല വിശേഷങ്ങൾ ദുർവിശേഷങ്ങളായി പരിണമിക്കാറുമുണ്ട്. എന്നാൽ ദൈവസ്നേഹം എന്ന സുവിശേഷം ക്രിസ്തുവിൽ മാംസം ധരിച്ചു സ്ഥായിയായി. സുവിശേഷത്തിന് രക്തവും മാംസവും നാഡീഞരമ്പുകളും സിദ്ധിച്ചത് അവിടുന്നിലാണ്. 'സന്തോഷത്തിന്റെ സദ്‌വാർത്ത' എന്നാണ് ദൈവദൂതൻ ആ മാംസധാരണവിശേഷത്തെ വിളിച്ചത് (ലൂക്ക 2:10).

ഏദനിൽ മുഴങ്ങിയ മംഗളവാർത്ത (cf.ഉൽ 3:15) ബെത്‌ലെഹേമിലെ പുൽത്തൊട്ടിയിൽ കിടന്ന് കൈകാലിട്ടടിക്കും മുമ്പേ നസറത്തെ കന്യകയുടെ മനസിലും ഹൃദയത്തിലും ശരീരത്തിലും ഭവനത്തിലും മരണപ്പിടച്ചിൽ സൃഷ്ടിക്കുകയുണ്ടായി. സുവിശേഷത്തിന്റെ മാംസധാരണം ആയാസരഹിതമായിരുന്നില്ലെന്നു ചുരുക്കം. ബത്‌ലഹേമിന്റെ ആയാസം എന്നു നമുക്കതിനെ വിളിക്കാമെന്നു തോന്നുന്നു. സുവിശേഷം ബെത്‌ലഹേമിൽ ആയാസകരമായി മാംസം ധരിച്ചത് ദൈവസ്നേഹത്തിന്റെ സുവിശേഷത്തെ അനായാസകരമായി പുൽകാൻ എവിടെയുമുള്ള മനുഷ്യർക്ക് അവസരമൊരുങ്ങാൻ വേണ്ടിത്തന്നെയാണ്.

ഇന്നും കിണർവക്കിലും മരച്ചോട്ടിലും ദേവാലയഭണ്ഡാരത്തിനടുത്തും കുഴിമാടത്തിനരികിലും കടൽക്കരയിലും അവനെത്തുന്നുണ്ട്. തിരിച്ചറിയുക; പിൻതുടരുക.

**നമുക്ക് പ്രാർത്ഥിക്കാം**

പിതാവായ ദൈവമേ, അങ്ങേ സ്നേഹത്തിന്റെ മാംസാവതാരമായ യേശുക്രിസ്തുവിനെ പ്രതി ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. ക്രിസ്തുവിൽ ഞങ്ങൾ ദർശിച്ച സ്നേഹത്തിന്റെ സുവിശേഷം വിശ്വസിക്കാനും സ്വാംശീകരിക്കാനും ജീവിക്കാനും പ്രഘോഷിക്കാനും ഞങ്ങളെ പ്രാപ്തരാക്കണമേ. സ്നേഹത്തിന്റെ മനുഷ്യാവതാരത്തിന്റെ തുടർച്ചയായി ഭൂമിയിൽ ജീവിക്കാൻ ഞങ്ങൾക്കു കൃപയരുളണമേ. ആമ്മേൻ

## ജൂൺ 10:

## പറയപ്പെട്ട സുവിശേഷം

ക്രിസ്തുവിന്റെ വാക്കുകൾ സങ്കീർത്തനം പോലെ ഒഴുകി, സംഗീതമായി, സദൃശവാക്യങ്ങളായി മാറി. അത് ഉപമകൾ സൃഷ്ടിച്ചു.

അദ്ദേഹത്തിന്റെ പ്രഭാഷണം കേട്ടിരുന്നവരുടെ പാനപാത്രങ്ങളൊക്കെയും നിറഞ്ഞു. അത് അവരെ പച്ചയായ പുൽപ്പുറങ്ങളിൽ കിടത്തി. സ്വസ്ഥതയുള്ള ജലത്തിനരികിലേക്ക് അത് അവരെ കൂട്ടിക്കൊണ്ടുപോയി.

വചനം മാംസമായി നമ്മുടെയിടയിൽ വസിച്ചു. അവൻ നമ്മോട് സംവദിച്ചു. കേൾവിക്കാരുടെ ഹൃദയവയലിൽ മുപ്പതും അറുപതും നൂറും മേനിയായി അതു വിളഞ്ഞു. അവന്റെ വാക്കുകൾ കേൾവിക്കാർക്ക് സംഗീതം പോലെ തോന്നി. അവന്റെ വാക്കുകളിൽ അവർ വിശ്വാസമർപ്പിച്ചു. അവന്റെ മൗനവും, ചലനംപോലും അവരെ സ്പർശിച്ചു. അവന്റെ വസ്ത്ര വിളുമ്പുപോലും സുവിശേഷം പറഞ്ഞു. എതിരാളികൾപോലും പറഞ്ഞു: "ഇവനെപ്പോലെ ആരും ഇതുവരെ സംസാരിച്ചിട്ടില്ല." അവൻ സംസാരിച്ചപ്പോൾ ഹൃദയം ജ്വലിച്ചിരുന്നുവെന്ന് എമ്മാവൂസിലേക്കു പോയ ശിഷ്യന്മാരും സാക്ഷ്യപ്പെടുത്തുന്നു (ലൂക്ക 24:32). ദരിദ്രരുടെയും ആലംബഹീനരുടെയും പതിതരുടെയും മനസിൽ അവന്റെ വാക്കുകൾ ആശ്വാസത്തിന്റെ കുളിരലകൾ സൃഷ്ടിച്ചപ്പോൾ അധികാരിവർഗ്ഗവും വരേണ്യവർഗ്ഗവും അവന്റെ വാക്കുകളെ ഭയപ്പെട്ടു.

**നമുക്ക് പ്രാർത്ഥിക്കാം**

യേശുനാഥാ, അങ്ങയുടെ വചനങ്ങളുടെ ചുരുളഴിയുമ്പോൾ പ്രകാശം പരക്കുന്നു. വചനപ്രഘോഷണമേഖലയിൽ ശുശ്രൂഷ ചെയ്യുന്ന എല്ലാവരേയും അങ്ങേയ്ക്ക് ഞങ്ങൾ സമർപ്പിക്കുന്നു. വായ് തുറക്കുമ്പോൾ വചനം ലഭിക്കാനും സുവിശേഷത്തിന്റെ രഹസ്യം ധൈര്യപൂർവ്വം പ്രഘോഷിക്കാനും അവർക്കിടയാകട്ടെ. വചനത്തിൽ നിറഞ്ഞുനിൽക്കുന്ന അങ്ങയുടെ ഉത്ഥിതസാന്നിധ്യം ജീവിതത്തിൽ ആഴത്തിൽ അനുഭവിച്ചറിയാൻ തക്കവിധം വചനം ശ്രവിക്കാനും ഗ്രഹിക്കാനും ഉൾക്കൊള്ളാനും ഞങ്ങളുടെ ഹൃദയങ്ങളെ തുറക്കണമേ. ആമ്മേൻ

## ജൂൺ 11:
## എഴുതപ്പെട്ട സുവിശേഷം

വിശ്വാസത്തിനും ജീവത്സമൃദ്ധിക്കും വേണ്ടിയാണ് ബൈബിൾ എഴുതപ്പെട്ടതെന്ന വസ്തുത (യോഹ 20:31) അതിശയകരമാണ്. അക്ഷരംകൊല്ലും എന്ന സാമാന്യ തത്ത്വത്തിൽ നിന്നു വ്യത്യസ്തമായി, ജീവിപ്പിക്കുന്ന അക്ഷരത്തെ വിശുദ്ധഗ്രന്ഥത്തിൽ കണ്ടുമുട്ടുന്നു.

ലോകത്തിൽ ഏറ്റവും കൂടുതൽ ഭാഷയിൽ അച്ചടിക്കപ്പെട്ടിട്ടുള്ളതും ഏറ്റവുമധികം ആളുകൾ വായിച്ചിട്ടുള്ളതും ബൈബിൾ തന്നെയാണ്. വിശുദ്ധ ലിഖിതങ്ങൾ മനുഷ്യഹൃദയത്തിന്റെ സ്വീകരണമുറിയിൽ നിരന്തരം മുട്ടിക്കൊണ്ടിരിക്കുന്നു. നിയമത്തിലും പ്രവചനങ്ങളിലും എഴുതപ്പെട്ടതൊക്കെയും വിശ്വസിക്കാത്തവർക്കുനേരെ ഉത്ഥിതൻ കടുത്ത ഭാഷയാണ് പ്രയോഗിച്ചത്. "ഭോഷന്മാരേ' ഹൃദയം മന്ദീഭവിച്ചവരേ' എന്നൊക്കെയുള്ള അവിടുത്തെ അഭിസംബോധന, എഴുതപ്പെട്ട സദ്വാർത്തയെ അവിശ്വസിക്കുകയോ അവഗണിക്കുകയോ ചെയ്ത എമ്മാവൂസ് യാത്രികർക്കുള്ളതായിരുന്നു (ലൂക്ക 24:25). "അവർക്കു മോശയും പ്രവാചകന്മാരുമുണ്ടല്ലോ. അവരെ കേൾക്കട്ടെ" (ലൂക്ക 16:29) എന്നാണ് തന്റെ സഹോദരന്മാരെക്കുറിച്ചുള്ള ധനികന്റെ ആശങ്കയ്ക്കുള്ള ഏക പ്രതിവിധിയായി അബ്രാഹം നിർദ്ദേശിക്കുന്നതെന്നും ഇവിടെ സ്മരിക്കേണ്ടതുണ്ട്.

**നമുക്ക് പ്രാർത്ഥിക്കാം**

ഞങ്ങളെ സ്നേഹിക്കുന്ന ദൈവപിതാവേ, ഞങ്ങളുടെ പ്രബോധനത്തിനും മാർഗ്ഗദർശനത്തിനുമായി അങ്ങു നൽകിയ വിശുദ്ധ ഗ്രന്ഥത്തെയോർത്ത് ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. വിശുദ്ധ ഗ്രന്ഥം കലർപ്പില്ലാതെ കാത്തുസൂക്ഷിക്കാനും അതിനെ നിർവചിക്കാനും തെറ്റില്ലാതെ വ്യാഖ്യാനിക്കാനുമായി അങ്ങു നിയോഗിച്ച സഭയുടെ പ്രബോധനാധികാരത്തെയോർത്ത് ഞങ്ങൾ നന്ദി പറയുന്നു. വിശുദ്ധ ഗ്രന്ഥത്തോട് സവിശേഷമായ സ്നേഹവും വിശ്വാസവും ഞങ്ങളിൽ ശക്തിപ്പെടുത്തണമേ. ദൈവവചനം ഭക്തിയോടും ശ്രദ്ധയോടും കൂടെ പാരായണം ചെയ്യാനും ജീവിതത്തിൽ ഓരോ നിമിഷവും അത് അനുവർത്തിക്കാനും ഞങ്ങൾക്ക് ഇടയാക്കണമേ. ആമ്മേൻ

## ജൂൺ 12:
## ആഘോഷിക്കപ്പെടുന്ന സുവിശേഷം

യേശുക്രിസ്തുവിൽ പ്രകടമായ ദൈവസ്നേഹം നാം ആഘോഷിക്കുന്നത് ആരാധനക്രമത്തിലാണ്. വിശുദ്ധഗ്രന്ഥത്തിന്റെ സമൃദ്ധമായ ഉപയോഗം ആരാധനക്രമത്തിൽ കാണാവുന്നതാണ്. അക്ഷരവചനം കൗദാശികവചനമാകുന്നത് നേരിട്ടനുഭവിക്കുക. ഹോമിലിയുടെ രുചിയാണ് പരിശുദ്ധകുർബാനയപ്പത്തിന്റെ രുചി. എമ്മാവൂസിലേക്കു പോയ ശിഷ്യരുടെ കണ്ണുതുറക്കൽ പ്രക്രിയ ഹൃദയജ്വലനത്തോടെ ആരംഭിച്ചിരുന്നിരിക്കണം! മറ്റൊരുവിധത്തിൽ പറഞ്ഞാൽ, വചനം മുറിച്ചപ്പോഴു

ണ്ടായ ഹൃദയജ്വലനവും അപ്പം മുറിച്ചപ്പോഴുണ്ടായ കണ്ണുതുറവിയും പരസ്പരാപേക്ഷികങ്ങളാണ്. അതുകൊണ്ടുതന്നെയാണ് ആരാധനക്രമ മധ്യേയുള്ള പ്രസംഗത്തെക്കുറിച്ച് പ്രതിപാദിക്കാൻ ഫ്രാൻസീസ് പാപ്പാ തന്റെ 'സുവിശേഷത്തിന്റെ സന്ദേശം' എന്ന അപ്പസ്തോലികാഹ്വാനത്തിൽ 25 ഖണ്ഡികകൾ നീക്കിവച്ചിരിക്കുന്നത്!

**നമുക്ക് പ്രാർത്ഥിക്കാം**

എമ്മാവൂസിലേക്ക് യാത്രയായ ശിഷ്യരുടെകൂടെ സഞ്ചരിച്ചു കൊണ്ട് വിശുദ്ധലിഖിതം വ്യാഖ്യാനിച്ചു നൽകിയ ഉത്ഥിതനായ യേശുനാഥാ, ഞങ്ങളെല്ലാവരും തിരുവചനങ്ങൾ വിശ്വസിക്കണമെന്നും ഗ്രഹിക്കണമെന്നും അങ്ങേക്കു നിർബന്ധമുണ്ടല്ലോ. വിശുദ്ധമായ അങ്ങയുടെ ശുശ്രൂഷാപൗരോഹിത്യത്തിൽ പങ്കുപറ്റി അപ്പസ്തോലികപ്രബോധ ദൗത്യം ഏറ്റുവാങ്ങിയിട്ടുള്ള മെത്രാന്മാരും വൈദികരും ഡീക്കന്മാരും വചനപ്രഘോഷണം വഴി ദൈവജനത്തിന്റെ ഹൃദയങ്ങളെ ജ്വലിപ്പിക്കട്ടെ. അപ്പസ്തോലികപ്രബോധനങ്ങൾക്കായി മനസ്സും ഹൃദയവും തുറക്കാൻ ദൈവജനത്തിനു ശക്തിയും കൃപയും നൽകണമേ. ആമേൻ

## ജൂൺ 13:
## പ്രാർത്ഥിക്കപ്പെടുന്ന സുവിശേഷം

*ജീവത്തായ അന്തരീക്ഷത്തിലേക്കുള്ള നിങ്ങളുടെതന്നെ വികാസമല്ലാതെ, മറ്റെന്താണു പ്രാർത്ഥന?... വാക്കുകളാൽ എങ്ങനെ പ്രാർത്ഥിക്കുമെന്ന് നിങ്ങളെ പഠിപ്പിക്കുവാൻ എനിക്കറിഞ്ഞുകൂടാ... ദൈവം നിങ്ങളുടെ വാക്കുകൾക്ക് ചെവികൊടുക്കുന്നില്ല, അവൻതന്നെ നിങ്ങളുടെ അധരങ്ങളിലൂടെ സംസാരിക്കുമ്പോഴല്ലാതെ* – ഖലീൽ ജിബ്രാൻ

ക്രിസ്തുവിൽ തെളിഞ്ഞു വന്ന ദൈവസ്നേഹമാണ് ക്രൈസ്തവ പ്രാർത്ഥനയായി ഉയരുന്നത്. 'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ' എന്നു പ്രാർത്ഥിക്കാൻ എല്ലാ മനുഷ്യർക്കും കഴിയുന്നത് സ്നേഹത്തിന്റെ സുവിശേഷം എല്ലാവർക്കും വേണ്ടിയുള്ളതായതിനാലാണ്. സകല സൃഷ്ടികളെയും സഹോദരങ്ങളായി കണ്ടുകൊണ്ടുള്ള പ്രാർത്ഥനയാണിത്. വിശുദ്ധ ഗ്രന്ഥം ഉൾക്കൊള്ളുന്ന ചില പ്രാർത്ഥനകൾ ഇന്ന് ക്രൈസ്തവരുടെ അനുദിന പ്രാർത്ഥനകളാണ്. സങ്കീർത്തനങ്ങളും 'നന്മനിറഞ്ഞ മറിയ'വും 'ബെനദിക്തൂസും' 'മാഞ്ഞിഫിക്കാത്തും' 'നൂങ്ക് ദിമിത്തിസും' ഏതാനും ലേഖനങ്ങളുമൊക്കെ ക്രൈസ്തവ പ്രാർത്ഥ

നയുടെ ഭാഗങ്ങളായി മാറിക്കഴിഞ്ഞു. എന്നാൽ എല്ലാ പ്രാർത്ഥനകളുടെയും പൂർണ്ണതയാണ് കർത്തൃപ്രാർത്ഥന.

**നമുക്ക് പ്രാർത്ഥിക്കാം**

വിശുദ്ധഗ്രന്ഥ രചയിതാക്കളെ പ്രചോദിപ്പിച്ച പരിശുദ്ധാത്മാവേ, പ്രാർത്ഥനയുടെ ചൈതന്യമേ, പ്രാർത്ഥനയുടെ സുന്ദരമാതൃകകൾ വിശുദ്ധ ഗ്രന്ഥത്തിലൂടെ ഞങ്ങൾക്കു സമ്മാനിച്ചതിന് ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു. തിരുലിഖിതാധിഷ്ഠിതമായി ചിന്തിക്കാനും പ്രാർത്ഥിക്കാനും പ്രവർത്തിക്കാനും ഞങ്ങളെ സഹായിക്കണമേ. ആമ്മേൻ

## ജൂൺ 14 :
## ജീവിക്കുന്ന സുവിശേഷം

സുവിശേഷ വിശ്വാസം സുവിശേഷപ്രവൃത്തിയായി പരിണമിക്കുന്നതാണു ജീവിക്കുന്ന സുവിശേഷം. യേശുക്രിസ്തുവിൽ പ്രകടമായ ദൈവസ്നേഹം സ്വജീവിതത്തിൽ അനുഷ്ഠിക്കലാണത്. “പ്രവൃത്തികൾ കൂടാതെയുള്ള വിശ്വാസം അതിൽതന്നെ നിർജീവമാണ്” എന്ന യാക്കോബിന്റെ സന്ദേശം (2:17) ഇവിടെ സ്മരണീയമാണ്.

“ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കണം” (യോഹ. 15:12) – ഇതാണ് ജീവിക്കേണ്ട സുവിശേഷം. ക്രിസ്തുവായിത്തീരുക എളുപ്പമുള്ള കാര്യമല്ല. കാരണം ക്രിസ്തുവാകണമെങ്കിൽ സ്വയം ശൂന്യമാകണം, നിന്ദിക്കപ്പെടണം, മുറിവേൽക്കണം, മുഖത്ത് തുപ്പലേറ്റുവാങ്ങണം, തലയിൽ മുൾമുടി അടിച്ചു കയറ്റുമ്പോഴും നിശബ്ദനായി സഹിക്കണം. നഗ്നനായി കുരിശിലേറണം. പിതാവുപോലും കൈവിട്ട അവസ്ഥയിലൂടെ കടന്നുപോകണം. എങ്കിലേ ഒടുവിൽ “എല്ലാം പൂർത്തിയായി” എന്നുപറഞ്ഞ് അവനെപ്പോലെ ജീവൻ വെടിയാനാകൂ. എല്ലാവരെയും, എല്ലാറ്റിനെയും സ്നേഹിച്ച്, ചേർത്തണച്ച് ജീവിക്കാൻ നമുക്കിടയാകട്ടെ. അതിന് വചനമായവൻ നമ്മെ അനുഗ്രഹിക്കട്ടെ.

**നമുക്ക് പ്രാർത്ഥിക്കാം**

തിരുവചനപ്രഘോഷണവേളയിൽ ഞങ്ങളുടെ മധ്യേ സന്നിഹിതനായിരിക്കുന്ന ഉത്ഥിതനായ ക്രിസ്തുവേ, ജീവന്റെ സുവിശേഷം ജീവിതത്തിന്റെ എല്ലാ മേഖലകളിലേക്കും ഏറ്റുവാങ്ങാനും അനുവർത്തിക്കാനും ഞങ്ങൾക്കു കഴിയട്ടെ. ഞങ്ങളുടെ ഭരണകർത്താക്കളെയും നിയമപാലകരെയും സേവനമേഖലകളിലുള്ളവരെയും ജീവന്റെ ശുശ്രൂ

ഷകരായി കാക്കണമേ. ആതുരശുശ്രൂഷാരംഗത്തു പ്രവർത്തിക്കുന്ന എല്ലാവരെയും അങ്ങേയ്ക്കു ഞങ്ങൾ സമർപ്പിക്കുന്നു. ജീവന്റെ ശുശ്രൂഷ ഫലപ്രദമായി നിറവേറ്റാൻ, ഉത്ഥിതനായ നാഥാ, അവരെ ആശീർവദിക്കണമേ. രാജ്യരക്ഷാമേഖലയിലും ശാസ്ത്രസാങ്കേതിക മേഖലകളിലും വാണിജ്യ-വ്യാപാരമേഖലയിലും കാർഷികമേഖല യിലും മറ്റു തൊഴിൽ മേഖലകളിലും വ്യാപരിക്കുന്നവരെ ജീവന്റെ സ്നേഹിതരായി കാത്തുകൊള്ളണമേ. വചനത്തിലെ ഉത്ഥിതസാ ന്നിധ്യം ഏവരെയും ജീവന്റെ ഉപാസകരാക്കിത്തീർക്കട്ടെ. ആമ്മേൻ

## ജൂൺ 15:

## ബൈബിൾ ഞായർ

## സുവിശേഷക്കൈമാറ്റവും ബൈബിളും

സുവിശേഷം സാംക്രമികസ്വഭാവമുള്ളതാണ്. അതിനെ ഒരി ടത്തും ഒതുക്കി നിർത്തുക സാധ്യമല്ല. സുവിശേഷം ഇന്നലെയും ഇന്നും നാളെയും എല്ലാം ഒന്നുതന്നെയാണ്. കാരണം, "ക്രിസ്തു ഇന്നലെയും ഇന്നും എന്നും ഒരുവൻ തന്നെ" (ഹെബ്രാ 13:8). തലമുറകൾ പകർന്നു നൽകിയത് ഈ സ്നേഹത്തിന്റെ സുവിശേഷമാണ്. നൂറ്റാണ്ടുകളായി ഈ പ്രക്രിയ തുടരുകയാണ്. ഒരു തലമുറ പാകി, അടുത്ത തലമുറ വിളവെടുത്ത്... അങ്ങനെ കൊയ്ത്ത് അനുസ്യൂതമായി തുടരുകയാണ്. സുവിശേഷ കൈമാറ്റം ചെയ്യുന്നത് പ്രേഷിതന്റെ സന്തോഷം പൂർണ മാക്കുന്ന പ്രവർത്തിയാണ് (യോഹ 1:4).

"വിശുദ്ധ ലിഖിതങ്ങളാണ് സുവിശേഷവൽക്കരണത്തിന്റെ യഥാർത്ഥ ഉറവിടം" എന്ന ഫ്രാൻസീസ് പാപ്പായുടെ അപ്പസ്തോലി കാഹ്വാനത്തിന്റെ 174-ാം ഖണ്ഡികയിലെ കുറിപ്പ് ഇത്തരുണത്തിൽ ഏറെ പ്രസക്തമാണ്. സുവിശേഷങ്ങളിലൂടെ ക്രിസ്തുജീവിതവും, അപ്പ സ്തോലപ്രവർത്തനങ്ങളിലൂടെയും ലേഖനങ്ങളിലൂടെയും വെളിപാടു ഗ്രന്ഥങ്ങളിലൂടെയും സഭാജീവിതവും വിരചിതമായത് സുവിശേഷ വത്ക്കരണം ലക്ഷ്യമിട്ടുകൊണ്ടാണ്. വിജാതിയരോടുള്ള പ്രഘോഷ ണവും വിശ്വാസികൾക്കുള്ള പരിശീലനവും ഉൾച്ചേരുന്ന സുവിശേഷ വത്കരണ ലക്ഷ്യമാണ് ബൈബിളിനുള്ളത്.

**നമുക്ക് പ്രാർത്ഥിക്കാം**

പ്രവാചകരിലൂടെ ഇസ്രായേലിനോടു സംസാരിച്ച ദൈവമേ, അങ്ങയുടെ സ്വരം ശ്രവിക്കാൻ ഞങ്ങളെ പ്രാപ്തരാക്കണമേ. പ്രവാചക ഗ്രന്ഥങ്ങളുടെ ആന്തരാർത്ഥം ഞങ്ങൾക്കു മനസിലാക്കിത്തരണമേ. പ്രവാചകധീരതയോടും വിശ്വസ്തതയോടും കൂടി ജീവിക്കാൻ ഞങ്ങളെ

അനുഗ്രഹിക്കണമേ. ലോകത്തിന്റെ മനസാക്ഷിയായ സഭാമാതാവിന് അവളുടെ പ്രവാചക ദൗത്യം പൂർണവിശ്വസ്തതയോടെ നിറവേറ്റാൻ വേണ്ട കരുത്തും വിശുദ്ധിയും നൽകി അനുഗ്രഹിക്കണമേ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേയ്ക്കും. ആമേൻ!

## ദിവ്യബലി ആരംഭിക്കുന്നു

(വചനപ്രഘോഷണത്തിന് താഴെക്കാണുന്ന വി. ഗ്രന്ഥഭാഗങ്ങൾ ഉപയോഗിക്കാവുന്നതാണ്. 2 രാജാ 22:8-11; 23:1-3; ഹെബ്രാ 4:12-13; സങ്കീ 1:19/119; ലൂക്ക 6:46-49)

## കാറോസൂസ/ വിശ്വാസികളുടെ പ്രാർത്ഥന

1. പിതാവായ ദൈവമേ, അങ്ങയുടെ മക്കളായ ഞങ്ങളെ ഓരോരുത്തരെയും അങ്ങേയ്ക്കു സമർപ്പിക്കുന്നു. ഞങ്ങൾ വചനം വായിക്കുമ്പോഴും പഠിക്കുമ്പോഴും ആത്മാവിന്റെ നിറവോടുകൂടി അത് ഹൃദിസ്ഥമാക്കുവാനുള്ള കൃപ നൽകി ഞങ്ങളെ അനുഗ്രഹിക്കണമേയെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.
   കർത്താവേ......
2. സ്നേഹപിതാവേ, അങ്ങയുടെ ആത്മാവിന്റെ ആലയമായ ഞങ്ങളുടെ ശരീരത്തെയും മനസിനെയും അങ്ങേയ്ക്ക് സമർപ്പിക്കുന്നു. വിശുദ്ധമായ വികാരവിചാരങ്ങളോടെ ആത്മാവിനാൽ നിറഞ്ഞ് നല്ല ക്രിസ്തീയ ജീവിതം നയിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേയെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.
   കർത്താവേ......
3. സ്നേഹപിതാവേ, ഞങ്ങളുടെ പരിശുദ്ധ പിതാവിനെയും മെത്രാന്മാരെയും വൈദികരെയും സന്യസ്തരെയും അല്മായ പ്രേഷിതരെയും സമർപ്പിക്കുന്നു. ആത്മാവിന്റെ പ്രേരണയനുസരിച്ച് തീരുമാനങ്ങൾ എടുക്കുവാനും തിരുസഭയെ ആത്മനിറവിൽ നയിക്കുവാനുള്ള കൃപ നൽകി അവരെ അനുഗ്രഹിക്കണമേയെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.
   കർത്താവേ....
4. സ്നേഹപിതാവേ, ലോകം മുഴുവനെയും ഞങ്ങൾ അങ്ങേയ്ക്കു സമർപ്പിക്കുന്നു. ലോകം മുഴുവനിലും അങ്ങയുടെ ആത്മാവു നിറയട്ടെ! അങ്ങനെ ആത്മചൈതന്യം നിറഞ്ഞുനിൽക്കുന്ന ഒരു ലോകത്തിൽ ജീവിക്കുവാനുള്ള കൃപ നൽകി ഞങ്ങളെ അനുഗ്രഹിക്കണമേയെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

കർത്താവേ.....

5. സ്നേഹപിതാവേ, ഞങ്ങളുടെ കാലാവസ്ഥയെ സമർപ്പിക്കുന്നു. നല്ല കാലാവസ്ഥവും നല്ല നീരുറവകളും സമൃദ്ധമായ വിളവുകളും നൽകി ഞങ്ങളെ അനുഗ്രഹിക്കണമേയെന്ന് പ്രാർത്ഥിക്കുന്നു.
   കർത്താവേ.....

**കാർമ്മികൻ:** പ്രകാശസ്രോതസായ പിതാവേ, അങ്ങേ സന്നിധിയിൽ അങ്ങേ സ്വരം ശ്രവിച്ച മോശയുടെ മുഖം പ്രകാശിതമായി. അങ്ങേ വചനം മാംസം ധരിച്ച് മനുഷ്യരുടെ ഇടയിൽ കൂടാരമടിച്ചപ്പോൾ ഇരുണ്ട ജീവിതങ്ങൾ ദീപ്തങ്ങളായി. ഞങ്ങളുടെ ജീവിതങ്ങളെ അങ്ങേ വചനത്താൽ പ്രകാശപൂരിതമാക്കണമേ. വചനപ്രഭാമാരിയിൽ ആഴപ്പെടാൻ വേണ്ട സന്മനസു ഞങ്ങൾക്കു നൽകണമേ. അനുദിനവും വി. ഗ്രന്ഥം വായിക്കാനും ധ്യാനിക്കാനും പഠിക്കാനും ഞങ്ങൾ ശ്രദ്ധ വയ്ക്കട്ടെ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും ആമ്മേൻ.

**ദിവ്യബലിയുടെ അന്ത്യത്തിൽ വി. ഗ്രന്ഥമെടുത്ത് ആശീർവ്വദിക്കുന്നത് ഉചിതമായിരിക്കും.**

(ഭവനങ്ങളിലോ കുടുംബയൂണിറ്റുകളിലോ മഠങ്ങളിലോ ആണ് വചനശുശ്രൂഷ നടക്കുന്നതെങ്കിൽ മേൽക്കൊടുത്തിരിക്കുന്ന ഭാഗങ്ങൾ ഔചിത്യമനുസരിച്ച് വികസിപ്പിക്കാവുന്നതാണ്)

# സെമിനാരി വാർത്തകൾ

തങ്ങളുടെ പൗരോഹിത്യ പരിശീലനത്തിന്റെ ഒരു വർഷംകൂടി പൂർത്തിയാക്കിയ എല്ലാ വൈദിക വിദ്യാർത്ഥികൾക്കും അനുമോദനങ്ങൾ! 2014 ഏപ്രിൽ 1 മുതൽ 4 വരെ മൈനർ സെമിനാരിയിൽ വെച്ച് മേജർ സെമിനാരിക്കാരുടെ സമ്മേളനം നടന്നു. ഏപ്രിൽ 4-ന് രാവിലെ അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവിന്റെ കൈവയ്പുവഴി അനീഷ് ആലുങ്കൽ, സിജോ ഇളംകുന്നപ്പുഴ, സിബി മാടപ്പള്ളിക്കുന്നേൽ, ഷിന്റോ പുലിക്കുഴിയിൽ, ഷിജോ വേനക്കുഴിയിൽ എന്നിവർ മ്ശംശാന പട്ടവും, സിജേഷ് ചിറയ്ക്കത്തോട്ടത്തിൽ, സനോജ് ചിറ്ററയ്ക്കൽ, അനൂപ് കൊല്ലംകുന്നേൽ, ജിതിൻ പീച്ചാട്ട്, ജോമേഷ് തേക്കിലക്കാട്ടിൽ, ബിവാൾഡിൻ തേവർകുന്നേൽ, പ്രകാശ് വെട്ടിയ്ക്കൽ എന്നിവർ ഹെവുപ്പദ്യാക്ക്ന പട്ടവും, ജിന്റോ തട്ടുപറമ്പിൽ, സനീഷ് വടാശ്ശേരിൽ, ജിബിൻ വട്ടുകുളത്തിൽ എന്നിവർ കാറോയപട്ടവും സ്വീകരിച്ചു. തിരുക്കർമ്മങ്ങളിൽ സംബന്ധിക്കുകയും ഇവർക്ക് ആശംസകളർപ്പിക്കുകയും ചെയ്ത ബഹു. വൈദികർക്കും സിസ്റ്റേഴ്സിനും കുടുംബാംഗങ്ങൾക്കും നന്ദി.

**വൈദികവസ്ത്ര സ്വീകരണം**

2 വർഷത്തെ PG പ്രോഗ്രാം പൂർത്തിയാക്കി 2014 മെയ് 7-ാം തീയതി അഭിവന്ദ്യപിതാവിൽ നിന്ന് പൗരോഹിത്യവസ്ത്രം സ്വീകരിച്ച് ദൈവശാസ്ത്ര പഠനത്തിനായി പുറപ്പെടുന്ന മനു അറയ്ക്കപ്പറമ്പിൽ (തൃശൂർ), സന്തോഷ് ഒറവാറന്തറ(തൃശൂർ), ടിബിൻ ചക്കുളത്തിൽ (കുന്നോത്ത്), ടോണി ഏലംകുന്നേൽ (വടവാതൂർ), ജോഫ്രി കളരിയ്ക്കൽ (ആലുവ), വിപിൻ കളപ്പുരയ്ക്കൽ (റോം) എന്നിവർക്ക് ദൈവാനുഗ്രഹവും ആശംസകളും! തദവസരത്തിൽ നോബിൾ പാറയ്ക്കൽ മ്ശംശാനാപട്ടവും സ്വീകരിച്ചു. പ്രത്യേക അഭിനന്ദനങ്ങൾ!

**തത്വശാസ്ത്രകളരിയിലേക്ക്**

തത്വശാസ്ത്ര പഠനത്തിനായി വിവിധ മേജർ സെമിനാരികളിലേക്ക് പുറപ്പെടുന്നവർ - വടക്കേക്കണ്ണമംഗലത്ത് സ്റ്റെബിൻ -വടവാതൂർ, കുമ്പളക്കുഴി റോബിൻസ്, മരുതുംപാറയിൽ അഭിൻ - മംഗലപ്പുഴ, പല്ലാട്ടുകുന്നേൽ ജിജോ, തേക്കിലക്കാട്ടിൽ അജയ് - പൂന. ഏവർക്കും പ്രാർത്ഥനാ മംഗളങ്ങൾ നേർന്നുകൊണ്ട്,

**ഫാ. തോമസ് കച്ചിറയിൽ**

റെക്ടർ, മൈനർസെമിനാരി മാനന്തവാടി

# ലഹരിവിമുക്ത വർഷാചരണം

## 2014-2015

**നന്ദിനിറഞ്ഞ ഹൃദയത്തോടെ:**

കഴിഞ്ഞ 15 വർഷമായി കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി മാനന്തവാടി രൂപതയ്ക്ക് ശക്തമായ നേതൃത്വം നൽകിയ ബഹുമാനപ്പെട്ട തോമസ് കുറ്റിക്കാട്ടുകുന്നേലച്ചൻ രൂപതാ ഡയറക്ടർ സ്ഥാനത്ത് നിന്ന് വിരമിക്കുകയാണ്. കഴിഞ്ഞ 15 വർഷം മദ്യവിരുദ്ധ-ലഹരിവിരുദ്ധ പ്രവർത്തനരംഗത്ത് ആത്മാർത്ഥവും ത്യാഗോജ്ജ്വലവുമായ നേതൃത്വം നൽകാൻ അച്ചന് സാധിച്ചു. മദ്യവിമുക്തസഭയും സമൂഹവും എന്ന സഭയുടെ സ്വപ്നം സാക്ഷാത്കരിക്കുവാൻ ബോധവത്ക്കരണവും ആദ്ധ്യാത്മിക നവീകരണങ്ങളും പ്രചരണ പ്രവർത്തനങ്ങളും ജനകീയ സമരങ്ങളും ഏറ്റെടുത്ത് പ്രസ്ഥാനത്തെ സജീവമായി നിലനിർത്തുവാൻ അച്ചന്റെ നേതൃത്വത്തിന് സാധിച്ചു.

പടിഞ്ഞാറത്തറ മദ്യശാലയ്ക്ക് മുൻപിലെ ജനകീയ സമരം, ചീപ്പാട് മദ്യവിരുദ്ധസമരം, മാനന്തവാടി ഷാപ്പിന് മുന്നിലെ സമരം എന്നീ ജനശ്രദ്ധയാകർഷിച്ച സമരങ്ങളുടെ മുൻനിരയിൽ അച്ചന്റെ നേതൃത്വം ഉണ്ടായിരുന്നു. രൂപതയിലുടനീളം നിരവധി സെമിനാറുകൾക്കും അച്ചൻ നേതൃത്വം നൽകി. തെരുവോരങ്ങളിലെ മോചന ബോധവത്കരണപരിപാടി അച്ചന്റെ ആശയമായിരുന്നു. സന്യസ്തരെയും അത്മായരെയും സംഘടിപ്പിച്ച് നിരവധി കൺവെൻഷനുകൾക്ക് അച്ചൻ നേതൃത്വം നൽകി. ലഹരിവിമുക്ത ധ്യാനങ്ങൾ, ചികിത്സാ ക്യാമ്പുകൾ എന്നിവയും സംഘടിപ്പിച്ചു.

മയക്കുന്നലോകം മരിക്കുന്ന മനുഷ്യൻ - ലഹരികിസ്സ് എന്നീ പുസ്തകങ്ങളുടെ രചനയും അച്ചൻ നിർവ്വഹിച്ചു. സായാഹ്ന ധർണ്ണകൾ, ഉപവാസങ്ങൾ, പ്രചരണവാഹന ജാഥകൾ എന്നിവയും അച്ചന്റെ ആശയങ്ങളായിരുന്നു.

ഇന്ന് സ്കൂളുകളിൽ സജീവമായ 'കാസ' ലഹരിവിരുദ്ധ ക്ലബിന്റെ പ്രവർത്തനം ആരംഭിച്ചതും ശക്തമാക്കിയതും അച്ചന്റെ നേതൃത്വത്തിലായിരുന്നു.

രൂപതയിൽ ലഹരിവിമുക്തവർഷം പ്രഖ്യാപിച്ച് ലഹരിവിരുദ്ധ പ്രവർത്തനം ശക്തിപ്പെടുത്തുക അച്ചന്റെ വലിയ ആഗ്രഹമായിരുന്നു. നിരവധി വൈദിക സമ്മേളനങ്ങളിൽ അച്ചൻ ഈ വിഷയം അവതരിപ്പിച്ചു. അച്ചന്റെ ആഗ്രഹത്തിന്റെ പൂർത്തീകരണമായിരുന്നു രൂപതയുടെ ലഹരിവിമുക്ത വർഷാചരണ പ്രഖ്യാപനം.

ലഹരിവിരുദ്ധ-മദ്യവിരുദ്ധ പ്രവർത്തനങ്ങൾക്ക് പുതിയ ദിശാബോധം നൽകി അച്ചൻ പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ നിന്ന് വിട പറയുമ്പോൾ ഹൃദയപൂർവ്വം മദ്യവിരുദ്ധസമിതി നന്ദിയർപ്പിക്കുന്നു. പ്രവർത്തനരംഗത്ത് മാർഗ്ഗദർശിയായും പ്രാർത്ഥനയിൽ നിറസാന്നിദ്ധ്യമായും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

## ഹൃദ്യമായ സ്വാഗതം

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെ പുതിയ ഡയറക്ടറായി ഉത്തരവാദിത്വം ഏറ്റെടുത്തിരിക്കുന്നത് ബഹുമാനപ്പെട്ട സണ്ണി മഠത്തിലച്ചനാണ്. പടമല ഇടവകയിൽ ലഹരിക്കെതിരെ സന്ധിയില്ലാത്ത സഹന സമരം നടത്തിയ സണ്ണിയച്ചന്റെ നേതൃത്വം പ്രസ്ഥാനത്തിന് പുതിയ ദിശാബോധം നൽകുമെന്ന് ഉറപ്പുണ്ട്. അച്ചന് ഹൃദ്യമായ സ്വാഗതം ആശംസിക്കുന്നു.

## ലഹരിവിമുക്തവർഷം

മാനന്തവാടി രൂപത ലഹരിവിമുക്തവർഷം പ്രഖ്യാപിച്ച് 3 മാസം പൂർത്തിയാകുമ്പോൾ വൈവിധ്യങ്ങളായ കർമ്മപരിപാടികളിലൂടെ ഇടവകകൾ ലഹരിവിമുക്ത പ്രവർത്തനരംഗത്ത് സജീവമാകുന്നു. ധാരാളം ഇടവകകൾ ലഹരിവസ്തുക്കളുടെ ഉപയോഗത്തിന്റെ ഭീകരത മനസിലാക്കുകയും ലഹരിവസ്തുക്കളുടെ പ്രത്യേകമായി മദ്യത്തിന്റെ പിടിയിൽനിന്ന് ഇടവകജനത്തെ രക്ഷിക്കാനുള്ള പരിശ്രമങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്നു. ഇടവക ലഹരിവിമുക്തകമ്മറ്റികൾ യോഗം ചേരുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും വിലയിരുത്തുകയും ചെയ്യുന്നു. നേതൃത്വം നൽകുന്ന ബഹുമാനപ്പെട്ട വൈദികർക്കും സിസ്റ്റേഴ്സിനും അൽമായ നേതാക്കൾക്കും അഭിനന്ദനങ്ങൾ.

## ലഹരിവിമുക്ത പ്രവർത്തനം വിദ്യാർത്ഥികളിലൂടെ

സൺഡെസ്കൂളും പൊതുവിദ്യാലയങ്ങളും ജൂൺ മാസം മുതൽ പ്രവർത്തന നിരതമാകുകയാണ്. ലഹരിവിമുക്ത വർഷത്തിന്റെ വളരെ

പ്രത്യേകലക്ഷ്യങ്ങളിൽ ഒന്ന് വളർന്ന് വരുന്ന തലമുറയെ ഈ മഹാ വിപത്തിൽ നിന്ന് രക്ഷിക്കുക എന്നതാണ്. വിദ്യാർത്ഥികൾ, മതാധ്യാപകർ, അധ്യാപകർ എന്നിവരിലൂടെ ലഹരിവിമുക്തമായ ഒരു വിദ്യാർത്ഥി സമൂഹം നാം സ്വപ്നം കാണുന്നു. മതബോധന ക്ലാസുകളിലൂടെയും സ്കൂളുകളിൽ പ്രവർത്തിക്കുന്ന 'കാസ' ലഹരി വിരുദ്ധ ക്ലാസുകളിലൂടെയും നമുക്ക് ധാരാളം പ്രവർത്തനങ്ങൾ നടത്തുവാൻ സാധിക്കും.

വിശ്വാസോത്സവത്തിലൂടെ മതബോധന ക്ലാസുകളിൽ നാം തുടക്കംകുറിച്ച ലഹരിവിമുക്ത പ്രവർത്തനങ്ങൾ തുടരണം. പല ഇടവകകളിലും വിദ്യാർത്ഥികളിലൂടെയും വിദ്യാർത്ഥികൾക്കിടയിലും പല പ്രവർത്തനങ്ങളും നടത്തുന്നു.

## ചില മാതൃകകൾ

1. എല്ലാ ഞായറാഴ്ചയും ഒരു വിദ്യാർത്ഥി സൺഡെസ്കൂൾ അസംബ്ലിയിൽ 5 മിനിറ്റ് ലഹരിവിമുക്ത സന്ദേശം നൽകുക.
2. എല്ലാ വാർഡ് പ്രതിമാസ കൂട്ടായ്മകളിലും വാർഡിലെ ഒരു കുട്ടി 5 മിനിറ്റ് ലഹരിവിരുദ്ധ സന്ദേശം നൽകുക.
3. കുട്ടികളിൽ ലഹരിവിരുദ്ധ മനോഭാവം വളർത്താൻ വിവിധ മത്സരങ്ങൾ, കലാപരിപാടികൾ എന്നിവ നടത്തുക.
4. എല്ലാ ആഴ്ചയും ലഹരിക്കെതിരെയുള്ള ഒരു ബൈബിൾ വചനം മന:പാഠമാക്കുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക.
5. കുട്ടികൾക്കായി ലഹരിവിരുദ്ധ ടെലിഫിലിം കാണിക്കുക.- ഇന്റർനെറ്റിൽ ലഭ്യമാണ്.
6. ക്ലാസ് മുറികളിൽ ലഹരിവിമുക്ത സന്ദേശം എഴുതി വെക്കുക.
7. ലഹരിവിരുദ്ധ സന്ദേശം ഉൾക്കൊള്ളുന്ന നെയിംസ്ലിപുകൾ വിതരണം ചെയ്യുക.
8. റാലികൾ, പ്രതിജ്ഞകൾ എന്നിവ സംഘടിപ്പിക്കുക.
9. തുടർച്ചയായ പരിപാടികൾ കുട്ടികൾക്കയി ആസൂത്രണം ചെയ്യുക.
10. സൺഡെ സ്കൂളുകളിൽ ലഹരിവിരുദ്ധ ഫണ്ട് രൂപീകരിക്കുക.

## ലഹരികിസ്സ് - പുസ്തകപ്രകാശനം ചെയ്തു

റവ.ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേൽ രചിച്ച ലഹരികിസ്സ് എന്ന പുസ്തകം രൂപതാദിനാചരണത്തോടനുബന്ധിച്ച് അഭിവന്ദ്യ ജോസ് പിതാവ് പ്രകാശനം ചെയ്തു. ലഹരിവിമുക്ത വർഷാചരണ വർഷത്തിൽ കുടുംബങ്ങളിൽ ലഹരിവിരുദ്ധ ബോധവത്ക്കരണത്തിന് ഏറെ സഹായകരമാണ് ആ ലഘുപുസ്തകം. ഏറെ ത്യാഗമനോഭാവത്തോടെ മനോഹ

രമായ ഈ പുസ്തകത്തിന്റെ രചന നിർവ്വഹിച്ച ബഹുമാനപ്പെട്ട കുറ്റിക്കാട്ടുകുന്നേലച്ചന് ഹൃദയം നിറഞ്ഞ നന്ദിയും അഭിനന്ദനങ്ങളും.

**ലഹിവിമുക്തവർഷം - തീം സോംങ് പ്രകാശനം ചെയ്തു.**

ലഹരിവിമുക്ത വർഷാചരണ വർഷത്തോടനുബന്ധിച്ച് രൂപത സമിതി പുറത്തിറക്കിയ തീം സോംങ്ങിന്റെ പ്രകാശനകർമ്മം അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് സെക്രട്ടറി ജോൺസൺ തൊഴുത്തുങ്കലിന് നൽകി പ്രകാശനം നടത്തി. ശ്രീ. ഷാജി ചന്ദനപറമ്പിലാണ് തീം സോംങ്ങിന്റെ രചന നിർവ്വഹിച്ചത്. ഷാജിസാർ മീനങ്ങാടി ഇടവകാംഗവും നടവയൽ സെന്റ് തോമസ് ഹൈസ്ക്കൂൾ അധ്യാപകനുമാണ്. ഷാജി സാറിന് ഹൃദയപൂർവ്വം നന്ദിയർപ്പിക്കുകയും അഭിനന്ദിക്കുകയും ചെയ്യുന്നു. ഇതിന് നേതൃത്വം നൽകിയ സാംസ്ക്കാരിക വിഭാഗം കോ-ഓഡിനേറ്റർ ശ്രീ. ടോമി നെടുംകൊമ്പിൽ സാറിനും പ്രത്യേകം നന്ദി.

**ലഹരിവിരുദ്ധ മാജിക് ഷോ**

രൂപതാദിനത്തോടനുബന്ധിച്ച് ലഹരിവിരുദ്ധ മാജിക് ഷോ അവതരിപ്പിച്ചു. തിരുവചനവിസ്മയം എന്ന പേരിൽ മാജിക് ഷോ അവതരിപ്പിച്ചത് പ്രശസ്തമാന്ത്രികൻ ജോയിസ് മുക്കുടം ആണ്. വചനത്തിന്റെ അകമ്പടിയോടെ ആസ്വാദകരിൽ ആദ്ധ്യാത്മികതയുടെയും വിശുദ്ധിയുടെയും ധാർമ്മികതയുടെ നല്ല സന്ദേശം നൽകുവാൻ മാജിക് ഷോക്ക് സാധിച്ചു. അഭിവന്ദ്യപിതാവ് വളരെ പ്രത്യേകമായി താൽപര്യമെടുത്താണ് ഈ പരിപാടി രൂപതാ ദിനത്തോടനുബന്ധിച്ച് നടത്തിയത്. പിതാവിനെ സ്നേഹത്തോടും നന്ദിയോടും കൂടെ സ്മരിക്കട്ടെ.

**തെരുവുനാടകം**

രൂപതാദിനത്തോടനുബന്ധിച്ച് ചുങ്കക്കുന്ന് ഇടവകയിലെ യുവജനങ്ങൾ ലഹരിക്കെതിരെ നടത്തിയ തെരുവുനാടകം ഏറെ ശ്രദ്ധേയമായിരുന്നു. ശ്രീമതി ആലീസ് ടീച്ചർ രചന നിർവ്വഹിക്കുകയും ശ്രീ.ജോസ് കിഴക്കൻ സംവിധാനം ചെയ്യുകയും ചെയ്ത നാടകം വളരെ നന്നായിതന്നെ അവതരിപ്പിക്കപ്പെട്ടു. ഇങ്ങനെ ഒരുപരിപാടി സംഘടിപ്പിക്കുവാൻ നേതൃത്വം നൽകിയ ബഹുമാനപ്പെട്ട തോമസ് മണക്കുന്നേലച്ചനും ലാൽ പൈനുങ്കലച്ചനും കെ.സി.വൈ.എം. പ്രവർത്തകർക്കും പിന്നണി പ്രവർത്തകർക്കും പ്രത്യേകം നന്ദി.

**ഇടവക-ഫൊറോന പ്രവർത്തന റിപ്പോർട്ടുകൾ**

ഇടവകകളിൽ ലഹരിവിമുക്ത വർഷാചരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ടെങ്കിലും അവയുടെ റിപ്പോർട്ട് യഥാസമയം നൽകു

ന്നതിൽ വലിയ താൽപ്പര്യം കാണിക്കാത്ത ഇടവകകൾ ഉണ്ട്. ദയവ് ചെയ്ത് എല്ലാ മാസവും 15-ാം തീയതിക്കകം റിപ്പോർട്ടുകൾ പാസ്റ്ററൽ സെന്ററിലെ ഓഫീസിലോ ബുക്ക് സ്റ്റാളിലോ ഏൽപ്പിക്കുക.

## ഫൊറോന വാർത്തകൾ

### കല്ലോടി ഫൊറോന

24-4-2014 ന് ദ്വാരക സ്കൂളിൽ വെച്ച് കല്ലോടി മേഖല ലഹരിവിമുക്ത വർഷാചരണ കമ്മറ്റിയോഗം ചേർന്നു. വിവിധ ഇടവകകളിൽ നിന്നായി 22 പേർ പങ്കെടുത്തു. ഇടവകാ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. ബഹു. ഡയറക്ടർ റവ.ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേൽ പ്രവർത്തന മാർഗ്ഗരേഖ അവതരിപ്പിച്ചു. അടച്ചുപൂട്ടിയ ബാറുകൾക്കെതിരെ വി. എം. സുധീരൻ എടുക്കുന്ന സുധീരമായ നിലപാടുകൾക്ക് പിന്തുണ പ്രഖ്യാപിച്ചു. മദ്യവിരുദ്ധസമിതി മേഖലാ ഡയറക്ടറായി ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേൽ ചാർജ്ജെടുത്തു.

### ചുങ്കക്കുന്ന് ഫൊറോന

മെയ് 10-ാം തീയതി ഫൊറോനവികാരി റവ.ഫാ. തോമസ് മണക്കുന്നേലച്ചന്റെയും ഡയറക്ടർ ഫാ. ജോജോ ചങ്ങനാംതുണ്ടത്തിൽ അച്ചന്റെയും നേതൃത്വത്തിൽ യോഗം ചേർന്നു. പ്രവർത്തനറിപ്പോർട്ട് അവതരിപ്പിക്കുകയും അടുത്തമാസങ്ങളിലെ കർമ്മപരിപാടികൾ ആസൂത്രണം ചെയ്യുകയും ചെയ്തു. മേഖലാ കൺവീനർ ബിജു പൊയ്ക്കുന്നേൽ നന്ദി പറഞ്ഞു.

## ഇടവക പ്രവർത്തനങ്ങൾ

### നെല്ലിയോടി

വിശ്വാസോത്സവത്തോടനുബന്ധിച്ച് ലഹരിവിരുദ്ധ സ്കിറ്റുകൾ, കവിതകൾ, മുദ്രാവാക്യങ്ങൾ രൂപപ്പെടുത്തി അവതരിപ്പിച്ചു. നെല്ലിയോടി ടൗണിലേക്ക് ലഹരിവിരുദ്ധറാലി നടത്തി. പ്രത്യേക ആരാധനകൾ നടത്തി. ഒരു കുടുംബത്തെ ധ്യാനത്തിൽ പങ്കെടുപ്പിച്ചു.

### വെള്ളൂന്നി

ലഹരി ഉപയോഗിക്കുന്നവരുടെ സർവ്വേ നടത്തി. കുട്ടികൾക്ക് ബോധവത്ക്കരണക്ലാസ്, മദ്യപാനികൾക്കായി പ്രത്യേക പ്രാർത്ഥന എന്നിവ നടത്തി.

### ചുങ്കക്കുന്ന്

പിതൃവേദി തുടങ്ങുന്നത് സംബന്ധിച്ച് ചർച്ച നടത്തി. യുവജനങ്ങളുടെ നേതൃത്വത്തിൽ പ്രത്യേക കുരിശിന്റെ വഴി, തെരുവുനാടകം എന്നിവ നടത്തി. വാർഡു പ്രാർത്ഥനകളിൽ വികാരി തോമസച്ചൻ ലഹരിവിരുദ്ധ സന്ദേശം നൽകി.

**അടയ്ക്കാത്തോട്**

മതാധ്യാപകരുടെ നേതൃത്വത്തിൽ സി.ഡി. പ്രദർശനം നടത്തി. അടയ്ക്കാത്തോട് ടൗണിലേയ്ക്ക് ഇടവകജനം മുഴുവൻ ചേർന്ന് ലഹരി വിരുദ്ധറാലി നടത്തി.

**കേളകം**

മദ്യപാനംമൂലം തകർന്ന കുടുംബങ്ങളെ കണ്ടെത്തി പ്രത്യേക പ്രാർത്ഥന നടത്തുന്നു. മദ്യപാനികളെ ധ്യാനത്തിൽ പങ്കെടുപ്പിച്ചു. പ്രഥമ ദിവ്യകാരുണ്യ സ്വീകരണം നടത്തുന്ന കുട്ടികളുടെ മാതാപിതാക്കൾക്ക് ബോധവത്ക്കരണം നടത്തി. ഭവനസന്ദർശനവും മാതൃസംഘത്തിന്റെ നേതൃത്വത്തിൽ പ്രത്യേക പ്രാർത്ഥനയും ജപമാലയും നടത്തുന്നു.

**കൊട്ടിയൂർ**

എല്ലാ വെള്ളിയാഴ്ചയും വി.കുർബാന എഴുന്നള്ളിച്ച് ലഹരി വിമുക്ത സമൂഹത്തിനായി ആരാധനയും ജപമാലയും തുടർന്ന് വി.ബലിയും നടത്തുന്നു. തകർന്ന കുടുംബങ്ങൾക്ക് ഡോ. സൗമ്യയുടെ നേതൃത്വത്തിൽ ബോധവത്ക്കരണ ക്ലാസ് നടത്തുവാൻ തീരുമാനിച്ചു.

**കുറുമണി**

രണ്ട് വ്യക്തികളെ ചികിത്സക്ക് അയച്ചു. ലഹരിവിമോചന ധ്യാനത്തിൽ 4 പേരെ പങ്കെടുപ്പിച്ചു. ആദ്യകുർബാന, വിവാഹം, മാമ്മോദീസ എന്നിവയുടെ തലേദിവസം വികാരിയച്ചന്റെ നേതൃത്വത്തിൽ ഭവനസന്ദർശനം, ഈസ്റ്റർ ദിനത്തിൽ എല്ലാ ഭവനങ്ങളിലും സന്ദർശനം, ലഹരിയിൽ നുരയുന്ന കൗമാരം എന്ന പുസ്തകം പഠിച്ച് ക്വിസ്സ് മത്സരം നടത്തി.

**ചുള്ളിയാന**

ലഹരി-ക്വിസ് എന്ന പുസ്തകം എല്ലാ വീടുകളിലും എത്തിച്ചു. പുസ്തകത്തെ അടിസ്ഥാനമാക്കി വിവിധ ഗ്രൂപ്പുകൾക്ക് അടുത്തമാസം മുതൽ ക്വിസ് മത്സരം നടത്തും. ലഹരി ഉപയോഗം മൂലമുള്ള രോഗങ്ങളുടെ ഭീകരതകാട്ടുന്ന ഫ്ളക്സ് ബോർഡുകൾ സ്ഥാപിച്ചു.

**പനഞ്ചിറ**

ലഹരിവിമുക്തദീപം എല്ലാ ഭവനങ്ങൾക്കും അൾത്താരയിലെ ദീപത്തിൽ നിന്നും പകർന്ന് നൽകി. ഡെർബി മാങ്കുഴ കൺവീനറും സി. ലിൻസി അഗസ്റ്റിൻ കൺവീനറുമായി കമ്മറ്റി രൂപീകരിച്ചു. 19-4-2014 യോഗം ചേർന്ന് പ്രവർത്തനം വിലയിരുത്തി. മാസാവസാന ശനിയാഴ്ചകളിൽ പ്രത്യേക പ്രാർത്ഥന, ജപമാല എന്നിവ നടത്തുക. ഇടവക ലഹരി വിമുക്തമാക്കുക എന്നീ തീരുമാനങ്ങൾ എടുത്തു.

**ചിത്രഗിരി**

യുവജനങ്ങളുടെ നേതൃത്വത്തിൽ ജാഗരണപ്രാർത്ഥന നടത്തി. ഫാ. ജോസ് വടയാപറമ്പിൽ, ഫാ. ലാൽ പൈനുങ്കൽ, ഫാ. സജി മനേലിൽ, സി. മെറീന, സി. ഷാന്റി, സി. ആൻസി, ജോസ്കുട്ടി കാരക്കുന്നേൽ എന്നിവർ നേതൃത്വം നൽകി.

**പടമല**

ദിവസവും കുർബാനയ്ക്ക് മുമ്പ് അര മണിക്കൂർ ആരാധന. മാർച്ച് 7 ന് ജാഗരണ പ്രാർത്ഥന റവ.ഫാ. ജെയ്സൺ MCBS നേതൃത്വം നൽകി. എല്ലാ വെള്ളിയാഴ്ചയും കുരിശിന്റെ വഴി ആ നിയോഗത്തിനായി നടത്തുന്നു. ഇടവകയിൽ സണ്ണിയച്ചന്റെ നേതൃത്വത്തിൽ AA കൂട്ടായ്മ നടത്തുന്നു.

**തോമാട്ടുചാൽ**

ആരാധന സന്യാസിനികളുടെ നേതൃത്വത്തിൽ ഹോംമിഷൻ നടത്തി. നല്ല ഫലങ്ങൾ ഉണ്ടായി. ആദ്യകുർബാന സ്വീകരണത്തോടനുബന്ധിച്ച് കുട്ടികളുടെ മാതാപിതാക്കൾക്ക് വികാരി ബഹു. ബിജു തുരുത്തേലച്ചൻ ബോധവത്ക്കരണം നടത്തി. ലഹരിവിമുക്ത ആദ്യകുർബാന സ്വീകരണ ആഘോഷം എന്ന സന്ദേശം പ്രാവർത്തികമായി.

**വാളേരി**

കല്ലോടി ഇടവകയുടെ സ്റ്റേഷൻ പള്ളിയായ വാളേരിപള്ളിയിൽ ധ്യാനം നടത്തി. ഭവനസന്ദർശനം നടത്തി. കുട്ടികൾ ലഹരിവിരുദ്ധ ബൈബിൾവാക്യം പഠിക്കുന്നു.

**ദ്വാരക**

സന്യസ്തരുടെ നേതൃത്വത്തിൽ ഭവനസന്ദർശനം നടത്തി മദ്യപന്മാരുമായി സംസാരിക്കുന്നു. അനുകൂലപ്രതികരണങ്ങൾ ധാരാളം ലഭിക്കുന്നു. മണിമൂളിയിൽ നടക്കുന്ന ഏകദിന പ്രാർത്ഥനാ കൂട്ടായ്മയിൽ മദ്യപന്മാരെയും കുടുംബാംഗങ്ങളെയും പങ്കെടുപ്പിച്ചു. വെള്ളിയാഴ്ചകളിൽ മദ്യവിമുക്തർ ഒരുമിച്ച് ചേരുന്നു. അക്രൈസ്തവ സഹോദരങ്ങളും പുതുജീവിതത്തിലേക്ക് വരുന്നു. എ.എ. കൂട്ടായ്മ സംഘടിപ്പിച്ചു. പാട്ടവയൽ ഡി അഡിക്ഷൻ സെന്ററിലേക്ക് മദ്യപാനികളെ പറഞ്ഞയച്ചു. ലഹരിവിരുദ്ധറാലി നടത്തി. ബഹു. വികാരിയച്ചന്റെ നേതൃത്വത്തിൽ കുടുംബ കൗൺസിലിംഗ് ആരംഭിച്ചു. സർവ്വേ നടത്തുവാൻ തീരുമാനിച്ചു. ധ്യാനം, ചികിത്സ എന്നിവക്ക് അത്യാവശ്യമുള്ളവർക്ക് സാമ്പത്തിക സഹായം നൽകുന്നു. മാസത്തിലെ രണ്ടാം വെള്ളികളിൽ നൈറ്റ് വിജിൽ നടത്തുന്നു.

**തോണിച്ചാൽ**

മദ്യപന്മാരുടെ ഭവനം സന്ദർശിച്ചു. ഒരു വ്യക്തിയെ ഡി അഡിക്ഷൻ സെന്ററിലേക്ക് പറഞ്ഞയച്ചു. കട്ടക്കയത്തിൽ ജോയി സാറിന്റെ നേതൃത്വത്തിൽ കുട്ടികൾക്ക് സെമിനാർ നടത്തി.

**കൊമ്മയാട്**

ഏപ്രിൽ 4 ന് ലഹരിവിരുദ്ധ റാലി നടത്തി. സൺഡെ സ്കൂളിൽ എല്ലാ ഞായറാഴ്ചയും 10 മിനിറ്റ് ലഹരിക്കെതിരെ ബോധവത്ക്കരണം നടത്തുവാനും ലഹരിവിരുദ്ധ പ്രതിജ്ഞ എടുപ്പിക്കുവാനും തീരുമാനിച്ചു. മദ്യം ഉപയോഗിക്കുന്നതിനെതിരെ കർശന നിർദ്ദേശം വികാരിയച്ചൻ നൽകുന്നു. നോമ്പുകാലത്ത് ലഹരിവിരുദ്ധ നിയോഗം വെച്ച് കുരിശിന്റെ വഴി നടത്തി.

**പുതുശ്ശേരി**

വികാരി റവ.ഫാ. ഡൊമിനിക് വളകൊടിയിലിന്റെ നേതൃത്വത്തിൽ മതാധ്യാപകർ, കൈക്കാരന്മാർ, എ.എ. ഗ്രൂപ്പ്, കെ.സി.വൈ.എം., സി.എം.എൽ എന്നിവരുടെ കൂട്ടായ്മയിൽ പുതുശ്ശേരി ടൗണിൽ സമ്മേളനം നടത്തി. AA പ്രവർത്തകനായ രാധാകൃഷ്ണൻ, വാർഡ് മെമ്പർ ബേബി പെരുമ്പിൽ എന്നിവർ പ്രസംഗിച്ചു. കെസിവൈഎം. നേതൃത്വത്തിൽ തെരുവ് നാടകം നടത്തി. മദ്യം കുടുംബത്തിൽ ഉണ്ടാക്കുന്ന പ്രശ്നങ്ങളെപ്പറ്റി വീഡിയോ ക്ലിപ്പിംഗ് പ്രദർശനം ഫാ. ഡൊമിനിക് വളകുടിയിലച്ചൻ നിർവ്വഹിച്ചു. മദ്യവിമുക്ത നിയോഗത്തിനായി ഒരാഴ്ച ഇടവകജനം മുഴുവൻ പഞ്ചസാര ഉപേക്ഷിച്ചു. അനധികൃതമായി മദ്യം വിറ്റിരുന്ന ഒരു കടയുടെ മുമ്പിൽ കെസിവൈഎം അംഗങ്ങൾ ജപമാല ചൊല്ലി പ്രാർത്ഥിച്ചു. ഇതിന്റെ ഫലമായി ആ കട അടച്ചുപൂട്ടി. മദ്യപാനം നിർത്തിയവർ ആഴ്ചയിൽ ഒരിക്കൽ ഇടവകാ ദേവാലയത്തിൽ ഒരുമിച്ചുകൂടി പ്രാർത്ഥിക്കുന്നു.

**ദീപ്തിഗിരി**

വി.കുർബാനയ്ക്ക് ശേഷം ഒരു മണിക്കൂർ ആരാധന നടത്തി. ഒരാഴ്ച പ്രത്യേക നിയോഗമായി എല്ലാ വ്യക്തികളും മത്സ്യമാംസ വർജ്ജനം നടത്തി. വാർഷികധ്യാനം ലഹരിവിമുക്തലക്ഷ്യം വെച്ച് നടത്തി. മദ്യപന്മാരെ വ്യക്തിപരമായി കണ്ട് സംസാരിച്ചു.

**ബത്തേരി**

ഇടവകയിലെ ലഹരിവിമുക്ത വർഷാചരണ കമ്മറ്റി അംഗങ്ങൾ, വാർഡ് പ്രതിനിധികൾ, കൈക്കാരന്മാർ, മതാധ്യാപകർ, സന്യസ്തർ എന്നിവർക്കായി മെയ് 11 ന് ഞായർ രാവിലെ 9.30 മുതൽ 1 മണിവരെ

സെമിനാർ നടത്തി. ഇടവകയിലെ ലഹരിവിമുക്ത പ്രവർത്തനങ്ങൾക്ക് ശക്തമായ നേതൃത്വം നൽകുക എന്ന ലക്ഷ്യത്തോടെയാണ് സെമിനാർ നടത്തിയത്. ഫൊറോന വികാരി റവ.ഫാ. സ്റ്റീഫൻ കോട്ടയ്ക്കൽ ഉദ്ഘാടനം ചെയ്തു. ഷാജൻ സാർ പാറക്കൽ സ്വാഗതം പറഞ്ഞു. രൂപത ലഹരിവിമുക്ത വർഷാചരണ കമ്മറ്റി കൺവീനർ സെബാസ്റ്റ്യൻ പാലംപറമ്പിൽ ആമുഖപ്രഭാഷണം നടത്തി. സെക്രട്ടറി ജോൺസൺ തൊഴുത്തുങ്കൽ സെമിനാറിന് നേതൃത്വം നൽകി. ശ്രീ. ഷാജി സാർ ആരംപുളിക്കൽ പരിപാടികൾ കോ-ഓർഡിനേറ്റ് ചെയ്തു. ശ്രീ. ജോർജ് താണികുന്നേൽ നന്ദിയർപ്പിച്ചു.

**തവിഞ്ഞാൽ**

ലഹരിവിമുക്തരുടെ കുടുംബസംഗമം നടത്തി. ബഹുമാനപ്പെട്ട ചാക്കോ മേപ്പുറത്തച്ചൻ സെമിനാറിന് നേതൃത്വം നൽകി. പെസഹാ വ്യാഴാഴ്ച 12 മദ്യവിമുക്തരുടെ പദങ്ങളാണ് കഴുകിയത്. ഇടവകയുടെ വിവിധഭാഗങ്ങളിലായി ലഹരിവിരുദ്ധ സന്ദേശം നൽകുന്ന ഇരുപതോളം ഫ്ളക്സ് ബോർഡുകൾ സ്ഥാപിച്ചു. ലഹരിയുടെ ദോഷങ്ങളെപ്പറ്റി അവബോധം നൽകുവാൻ ഇതുകൊണ്ട് സാധിച്ചു. വിവിധ ആഘോഷങ്ങൾ ലഹരി രഹിരമാക്കുവാൻ ഇടവകക്കാർ ഒന്നടങ്കം തീരുമാനിച്ചു. അഞ്ച്പേരെ ലഹരി വിമുക്ത ചികിത്സയ്ക്ക് വിധേയമാക്കി. നോമ്പ്കാലത്ത് 'പരിത്യാഗനിധി' ശേഖരിച്ചു. എല്ലാ കുടുംബങ്ങളും നോമ്പുകാലത്ത് ശേഖരിച്ച പണം സ്വരുകൂട്ടിയാണ് പരിത്യാഗനിധി ശേഖരിച്ചത്. മദ്യപന്മാരെ ചികിത്സക്കും ധ്യാനത്തിനും പങ്കെടുപ്പിക്കുന്നതിനും മറ്റു ലഹരിവിമുക്ത പരിപാടികൾക്കും വേണ്ടിയാണ് പരിത്യാഗനിധി ശേഖരിച്ചത്.

**ജോൺസൺ തൊഴുത്തുങ്കൽ**

രൂപതാ സെക്രട്ടറി, ലഹരിവിമുക്തവർഷം

# ബൈബിൾ അപ്പോസ്തലേറ്റ്

**ലോഗോസ് ക്വിസ് 2014**

ലോഗോസ് ക്വിസ്സിന് ഇടവകകളിലും സ്ഥാപനങ്ങളിലും നൽകി വരുന്ന മികച്ച പ്രതികരണത്തിന് എല്ലാവർക്കും നന്ദി പറയുന്നു. ലോഗോസ് ക്വിസ്സ് 2014 - വർഷത്തെ മത്സരങ്ങൾക്കുള്ള രജിസ്ട്രേഷൻ **2014 ജൂൺ 01-ാം തീയതി ഇടവകകളിൽ ആരംഭിക്കുന്നു. രൂപതാതലത്തിൽ ജൂലൈ 31-ാം തീയതി രജിസ്ട്രേഷൻ അവസാനിക്കും.**

**ജൂലൈ 01-ാം തീയതി മുതൽ രജിസ്ട്രേഷൻ രൂപതാ ഓഫീസിൽ സ്വീകരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 10 രൂപയാണ്.**

**ലോഗോസ് ക്വിസ് 2014 പാഠഭാഗം**

ലേവ്യർ 15-27, ലൂക്ക 13-24, യോഹന്നാൻ എഴുതിയ രണ്ടും മൂന്നും ലേഖനങ്ങൾ.

രജിസ്ട്രേഷൻ ആരംഭിക്കുന്നത് : 2014 ജൂൺ 1

രജിസ്ട്രേഷൻ അവസാനിക്കുന്നത് : 2014 ജൂലൈ 31

രൂപതാതല പരീക്ഷ 2014 സെപ്റ്റംബർ 28, 2.00 മണി മുതൽ 3.30 വരെ

സംസ്ഥാനതല പരീക്ഷാ 2014 നവംബർ 29,30

**മത്സരാർത്ഥികളെ A,B,C,D,E,F എന്നീ ആറ് പ്രായവിഭാഗങ്ങളായി തിരിച്ചിരിക്കുന്നു.**

A വിഭാഗം : 1.1.2003 ശേഷം ജനിച്ചവർ

B വിഭാഗം : 1.1.1998 -നും 31.12.2002 -നും ഇടയ്ക്ക് ജനിച്ചവർ

C വിഭാഗം : 1.1.1983 -നും 31.12.1997 -നും ഇടയ്ക്ക് ജനിച്ചവർ

D വിഭാഗം : 1.1.1963 -നും 31.12.1982 -നും ഇടയ്ക്ക് ജനിച്ചവർ

E വിഭാഗം : 1.1.1950 -നും 31.12.1962 -നും ഇടയ്ക്ക് ജനിച്ചവർ

F വിഭാഗം : 31.12.1949 -നും മുമ്പ് ജനിച്ചവർ

**ഫാ. മാത്യു പെരിയപ്പുറം**

ഡയറക്ടർ, ബൈബിൾ അപ്പോസ്തലേറ്റ്

# മതബോധനരംഗം

## പുതിയ അധ്യയനവർഷം

2014-2015 അധ്യയനവർഷം മെയ് 25-ന് ആരംഭിച്ചു. ഈ വർഷത്തെ വിശ്വാസപരിശീലന പ്രവർത്തനങ്ങൾ ഫലപ്രദമായി തീരുവാൻ നമുക്ക് പ്രാർത്ഥിക്കാം. കഴിഞ്ഞവർഷങ്ങളിൽ വിശ്വാസ പരിശീലനരംഗത്ത് ആത്മാർത്ഥമായി പ്രവർത്തിച്ച എല്ലാവരേയും ഏറെ നന്ദിയോടെ ഓർക്കുന്നു. ഉന്നതവിദ്യാഭ്യാസം, വിവാഹാന്തസിലേക്കുള്ള പ്രവേശനം, ജോലിസംബന്ധമായ കാര്യങ്ങൾ.... തുടങ്ങിയ കാരണങ്ങളാൽ താൽക്കാലികമായിട്ടെങ്കിലും ഈ സേവനരംഗത്ത് നിന്ന് മാറിയിട്ടുള്ളവരുണ്ട്. അവർക്ക് സ്നേഹപൂർവ്വം നന്ദി അറിയിക്കുന്നു.

പുതുതായി വിശ്വാസപരിശീലന രംഗത്തേക്ക് കടന്നുവരുന്ന അധ്യാപകരെ ഹൃദ്യമായി സ്വാഗതം ചെയ്യുന്നു. അധ്യാപകർ ബഹു. വികാരിയച്ചന്റെ നേതൃത്വത്തിൽ കുട്ടികളുടെ പരീക്ഷാഫലത്തെയും വിശ്വാസജീവിത വളർച്ചയെയും വിലയിരുത്തുകയും പുതിയ വർഷത്തിലെ പ്രവർത്തനങ്ങൾക്ക് രൂപം നൽകുകയും ചെയ്യണം. മതബോധനക്ലാസുകൾ നഷ്ടപ്പെടുത്താതെ, രൂപതാ കലണ്ടറും സിലബസും അനുസരിച്ച് ഇടവകയിലെ വിശ്വാസപരിശീലന പ്രവർത്തനങ്ങൾ ക്രമീകരിക്കുവാൻ എല്ലാവരുടെയും സഹകരണം ആവശ്യമാണ്. പുതിയ അധ്യയനവർഷത്തിൽ എല്ലാവർക്കും വിജയാശംസകളും ദൈവാനുഗ്രഹവും നേരുന്നു.

## അധ്യാപകപരിശീലനം

കഴിഞ്ഞമാസത്തെ ബുള്ളറ്റിനിലൂടെ അറിയിച്ചതുപോലെ അധ്യാപകർക്കുള്ള പരിശീലന ക്ലാസ് ക്ലാസടിസ്ഥാനത്തിൽ ക്രമീകരിച്ചിട്ടുള്ളത് ശ്രദ്ധിക്കുക. പുതുതായി അധ്യാപനരംഗത്തേക്ക് വന്നവർ ഏതു ക്ലാസിലാണെങ്കിലും ആമുഖസെമിനാറിലാണ് സംബന്ധിക്കേണ്ടത്.

നിലവിൽ പഠിപ്പിച്ചുകൊണ്ടിരിക്കുന്നവർ മറ്റ് ക്ലാസുകളിലേക്ക് മാറിയിട്ടുണ്ടെങ്കിൽ (Class Charge) അവർ താഴെ കൊടുത്തിരിക്കുന്ന തീയതികളിൽ അതാതുക്ലാസിലെ പരിശീലനത്തിൽ പങ്കെടുക്കണം.

| ക്ലാസ് | തീയതി | സമയം | സ്ഥലം |
|---|---|---|---|
| VIII, IX, X, XI, XII | മെയ് 31 | 9.30 - 4.00 | ദ്വാരക |
| I, II, III, IV, V, VI, VII | ജൂൺ 7 | 9.30 - 4.00 | ദ്വാരക |

പരിശീലനത്തിന് വരുന്നവർ പാഠപുസ്തകം, നോട്ടുബുക്ക്, ടീച്ചിംഗ് നോട്ട്, ഫീസ്, Rs.100/- എന്നിവയും കൊണ്ടുവരാൻ ശ്രദ്ധിക്കുക.

**ആമുഖസെമിനാർ**

പുതുതായി വിശ്വാസപരിശീലനരംഗത്ത് അധ്യാപകരായി വരുന്നവർക്ക് വേണ്ടിയാണ് ആമുഖസെമിനാർ സംഘടിപ്പിക്കുന്നത്. പുതിയ അധ്യാപകർ, അവർ ഏതു ക്ലാസിലേക്ക് നിയോഗിക്കപ്പെട്ടാലും ആമുഖ സെമിനാറിൽ സംബന്ധിക്കണം. താഴെ കൊടുത്തിരിക്കുന്ന തീയതികളിൽ അതാത് ഫൊറോനകളിലെ അധ്യാപകർ സംബന്ധിക്കണം.

ജൂൺ 13, 14, 15 - ചുങ്കക്കുന്ന്, കല്ലോടി, മാനന്തവാടി, നിലമ്പൂർ, പയ്യമ്പള്ളി, തരിയോട്.

ജൂലൈ 11, 12, 13 - ബത്തേരി, കൽപ്പറ്റ, മണിമൂളി, മുള്ളൻകൊല്ലി, നടവയൽ, നീലഗിരി.

ഫീസ് Rs.300/- സമയം: സെമിനാർ തുടങ്ങുന്ന ദിവസം വൈകുന്നേരം 5 മണിക്ക് ആരംഭിച്ച്, അവസാനിക്കുന്ന ദിവസം 4.00 മണിവരെ. സ്ഥലം: ദ്വാരക പാസ്റ്ററൽ സെന്റർ, അധ്യാപകർ പരിശീലനത്തിന് വരുമ്പോൾ പഠിപ്പിക്കുന്ന ക്ലാസിലെ പാഠപുസ്തകം, നോട്ടുബുക്ക്, ടീച്ചിംഗ് നോട്ട്, ബൈബിൾ... എന്നിവ കൊണ്ടുവരണം.

**പ്രത്യേക ശ്രദ്ധയ്ക്ക്**

അധ്യാപക പരിശീലനത്തിന് വരുന്നവർ (ആമുഖസെമിനാറിനും മറ്റ് പരിശീലനത്തിനും) നിർബന്ധമായും രൂപതാ ഓഫീസിൽ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യണം. (ഫോൺ: 04935-245094)

**HDC, DCC Registration**

അടുത്ത അധ്യയനവർഷത്തേക്കുള്ള HDC, DCC കോഴ്സിലേക്കുള്ള അപേക്ഷകൾ ജൂൺ 26-ന് മുമ്പായി രൂപതാ ഓഫീസിൽ എത്തിക്കുവാൻ ശ്രദ്ധിക്കുക.

### 7-ാം ക്ലാസ് പ്രതിഭകൾ

മെയ് 3 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ നടന്ന 7-ാം ക്ലാസ് കുട്ടികളുടെ രൂപതാസംഗമത്തിൽ പ്രതിഭകളായി തെരഞ്ഞെടുക്കപ്പെട്ടവർ: ഡെനിക് മാങ്കുഴ - മൂലങ്കാവ്, അക്ഷയ് നെല്ലിക്കാട്ടിൽ - മാനന്തവാടി ടൗൺ, അനിറ്റ് ആന്റണി മാമ്പ്ര - നരിവാലമുണ്ട, ആർദ്ര പാലംപറമ്പിൽ - പറളിക്കുന്ന്.

രൂപതാ പ്രതിഭകളായി തെരഞ്ഞെടുക്കപ്പെട്ട ഈ നാലു പേരും മെയ് 13 മുതൽ 15 വരെ സീറോ മലബാർസഭ ആസ്ഥാന കാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ചു നടന്ന സംസ്ഥാന പ്രതിഭാസംഗമത്തിൽ പങ്കെടുത്തു. ഡെനിക് മാങ്കുഴ സംസ്ഥാന പ്രതിഭയായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. ഡെനികിനും അക്ഷയ്, അനിറ്റ്, ആർദ്ര എന്നിവർക്കും അവരെ ഒരുക്കിയ മാതാപിതാക്കൾ, ബഹു. വികാരിയച്ചന്മാർ, മതാധ്യാപകർ, മേഖലാ, രൂപതാ ടീം അംഗങ്ങൾ എന്നിവർക്കും പ്രത്യേകമായി ശ്രീ. ജോൺസൺ വടക്കേക്കര സാറിനും സി. ആൻസി സി.എം.സി.ക്കും പ്രത്യേകം നന്ദിയും അഭിനന്ദനങ്ങളും.

### SELOC രൂപതാ പ്രതിഭകൾ

ഏപ്രിൽ 26-ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ നടന്ന SELOC കുട്ടികളുടെ രൂപതാ ക്യാമ്പിൽ SELOC പ്രതിനിധികളായി തിരഞ്ഞെടുക്കപ്പെട്ടവർ: ആകാശ് പാലംപറമ്പിൽ - പറളിക്കുന്ന്, ജസ്റ്റിൻ പുളിയാനിക്കൽ - തോമാട്ടുചാൽ, ആഷ്‌ലി ദേവസ്യ തോരണത്തിൽ - ചെറുകാട്ടൂർ, ആഷ്‌ലിൻ കെ.ബെന്നി കാഞ്ഞിരംകുന്നേൽ - മണിമൂളി പ്രതിഭകൾക്ക് അഭിനന്ദനങ്ങൾ.

**കൊട്ടിയൂർ മേഖലാ സ്കോളർഷിപ്പ് പരീക്ഷയിൽ വിജയികളായവരുടെ പേരും ലഭിച്ച റാങ്കും താഴെ ചേർക്കുന്നു.**

| ക്ര.ന. | പേര് വീട്ടുപേര് | ഇടവക | ക്ലാസ് | റാങ്ക് |
|---|---|---|---|---|
| 1. | റോസ്മരിയ പുതുപറമ്പിൽ | ശാന്തിഗിരി | V | I |
| 2. | കൊച്ചുത്രേസ്യ ആണ്ടൂര് | നെല്ലിയോടി | " | II |
| 3. | ജയിംസ് പള്ളിപറമ്പിൽ | ചുങ്കക്കുന്ന് | " | III |
| 1. | ത്രേസ്യാമ്മ കിഴക്കേക്കര | നെല്ലിയോടി | VI | I |
| 2. | അനീറ്റ വയലിൽ | ഒറ്റപ്ലാവ് | " | II |
| 3. | മരിയ വയലിൽ | അമ്പായത്തോട് | " | III |

| | | | | |
|---|---|---|---|---|
| 1. | ഏലിയാമ്മ വട്ടുകളത്തിൽ | ചുങ്കക്കുന്ന് | VIII | I |
| 2. | അന്നക്കുട്ടി കാഞ്ഞിരംപാറ | കൊട്ടിയൂർ | " | II |
| 3. | അന്നമ്മ തട്ടാരപള്ളി | ചുങ്കക്കുന്ന് | " | III |
| 4. | അൽഫോൻസ നെടിയകാലാ | അടക്കാത്തോട് | " | III |
| 1. | ബഞ്ചമിൻ അനുഗ്രഹ | ചുങ്കക്കുന്ന് | IX | I |
| 2. | മേരി വട്ടുകളത്തിൽ | ചുങ്കക്കുന്ന് | " | II |
| 3. | അൽഫോൻസ കുറ്റിയാനിക്കൽ | ചുങ്കക്കുന്ന് | " | III |

**ഫാ. റോയി വട്ടക്കാട്ട്**
മതബോധന ഡയറക്ടർ

# ചെറുപുഷ്പ മിഷൻലീഗ്

പ്രിയ മിഷൻലീഗ് അംഗങ്ങളെ,

വിജയകരമായ ഒരു പ്രവർത്തനവർഷംകൂടി കടന്നുപോകുകയാണ്. ദൈവത്തിന് നമുക്ക് നന്ദി പറയാം. കഴിഞ്ഞപ്രവർത്തനവർഷത്തിൽ രൂപതയ്ക്ക് നൽകിയ എല്ലാ സഹകരണത്തിനും പ്രോത്സാഹനത്തിനും ഹൃദ്യമായ നന്ദി. മിഷൻലീഗ് എന്ന സംഘടനയുടെ വിജയത്തിനു പിന്നിൽ പ്രിയ വികാരിയച്ചൻമാരുടെ പങ്ക് വളരെ വലുതാണ്. മാനന്തവാടി രൂപത സംസ്ഥാനത്തെ മികച്ചതാണെങ്കിൽ അതിനു കാരണം അച്ചൻമാരുടെ താൽപര്യവും അധ്വാനവുമാണെന്ന് വ്യക്തിമായ ബോധ്യമുണ്ട്. വികാരിയച്ചനോട് ചേർന്ന് സംഘടനയെ മുന്നോട്ടു നയിക്കുന്ന എല്ലാ സിസ്റ്റേഴ്സിനെയും ഭാരവാഹികളെയും നന്ദിയോടെ സ്മരിക്കുന്നു.

മേഖലകളിൽ മിഷൻലീഗിന്റെ പ്രവർത്തനങ്ങൾ ക്രമീകരിച്ച മേഖലാഡയറക്ടർ അച്ചൻമാരെയും, സിസ്റ്റേഴ്സിനെയും ഭാരവാഹികളെയും സ്നേഹത്തോടെ ഓർക്കുന്നു. പ്രത്യേകിച്ച് മേഖലകളിൽ നിന്ന് സ്ഥലംമാറിയ പ്രിയ ജോയ് തുരുത്തേൽ അച്ചനെയും, സി. സെറിൻ സി.എം.സി., സി. ഡെയ്സി റോസ് സി.എം.സി, സി. തെരെസ് എസ്.എ.ബി.എസ്. എന്നിവരെയും നന്ദിപൂർവ്വം ഓർക്കുകയും, പുതിയ പ്രവർത്തന മേഖലകളിൽ വിജയം ആശംസിക്കുകയും ചെയ്യുന്നു.

പുതിയ പ്രവർത്തന വർഷത്തിലേയ്ക്ക്, ലഹരിവിമുക്ത വർഷത്തിലേയ്ക്ക് നാം പ്രവേശിക്കുന്നു. വിജയകരമായ ഒരു പ്രവർത്തന വർഷം സ്നേഹത്തോടെ ആശംസിക്കുന്നു. പുതിയ അധ്യയനവർഷത്തിൽ എല്ലാ വിജയാശംസകളും നേരുന്നു.

ഒത്തിരി സ്നേഹത്തോടെ,
**ഫാ. സോണി വടയാപറമ്പിൽ**
രൂപതാ ഡയറക്ടർ

**വചനതാരം - 2014**

"സുവിശേഷപഠനത്തിന് ഒരു സവിശേഷപദ്ധതി" എന്ന പേരിൽ ക്രമീകരിച്ച സുവിശേഷം പൂർണ്ണമായും മനപാഠമാക്കുന്ന വചനതാരം പ്രോഗ്രാം വളരെ വിജയകരമായി മെയ് 14,15 തീയതികളിൽ ദ്വാരക പാസ്റ്ററൽ സെന്ററിൽ നടന്നു. ഇരുന്നൂറോളം പേർ വിവിധ ഇടവകകളിൽ നിന്ന് രജിസ്റ്റർ ചെയ്തിരുന്നു. രൂപതാവികാരി ജനറാൾ മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ അച്ചൻ പ്രോഗ്രാം ഉദ്ഘാടനം ചെയ്യുകയും മത്സാർത്ഥികൾക്കെല്ലാം ഒരു പ്രോത്സാഹന സമ്മാനം സ്പോൺസർ ചെയ്യുകയും ചെയ്തു. വിവിധ തലങ്ങളിലുള്ള കൃത്യമായ വിലയിരുത്തലുകളിലൂടെ വിജയികളെ കണ്ടെത്തി. രൂപതാ ബൈബിൾ കമ്മീഷൻ ഡയറക്ടർ റവ.ഫാ. ജോഷി പെരിയപ്പുറം സമ്മാനവിതരണം നടത്തി. ഒന്നാം സ്ഥാനത്തിനർഹയായ കുട്ടിക്ക് കല്ലോടി മേഖല ഡയറക്ടർ ജോയ് തുരുത്തേൽ അച്ചൻ ബംമ്പർ സമ്മാനമായി ഒരു സ്വർണ്ണ ക്കുരിശ് സ്പോൺസർ ചെയ്തു. നാലും, അഞ്ചും സമ്മാനങ്ങൾ കേളകം ശാഖാ വികാരി മനോജ് കറുത്തേടത്ത് സ്പോൺസർ ചെയ്തു.

**സമ്മാനാർഹരായവർ**

| | | |
|---|---|---|
| ആശ കുന്നൂർ, കല്ലോടി | - | 10000 രൂപയും പ്രശസ്തിപത്രവും |
| ക്രിസ്റ്റീന ആഞ്ചേരിൽ, അമ്പായത്തോട് | - | 5000 രൂപയും പ്രശസ്തിപത്രവും |
| ജോമോൾ അമ്പലത്തറ, പോരൂർ | - | 3000 രൂപയും പ്രശസ്തിപത്രവും |
| പ്രിയ കാഞ്ഞിരത്തിങ്കൽ, കല്ലോടി | - | 1000 രൂപയും പ്രശസ്തിപത്രവും |
| ആൻമേരി കാനാപ്പറമ്പിൽ, നടവയൽ | - | 500 രൂപയും പ്രശസ്തിപത്രവും |




**രൂപത സീനിയർ ക്യാമ്പ് ഒരുമ-2014**

സി.എം.എൽ. മാനന്തവാടി രൂപത ക്യാമ്പ് ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് നടന്നു. ബൈബിൾ കമ്മീഷൻ രൂപതാ ഡയറക്ടർ റവ.ഫാ. ജോഷി പെരിയപ്പുറം രൂപതാക്യാമ്പ് ഉദ്ഘാടനം ചെയ്തു. റവ.ഫ. സോണി വടയാപറമ്പിൽ സി. ലിസ അലക്സ്, ജോയി

മേപ്പാടത്ത്, രഞ്ചിത്ത് മുതുപ്ലാക്കൽ, ബിനു മാങ്കൂട്ടം, ബിനീഷ് തുമ്പിയാംകുഴി, ബിജു ചിറ്റേടത്ത്, ഷാജി ചന്ദനപ്പറമ്പിൽ, ബെന്നി വെട്ടിക്കൽ, തോമസ് കല്ലറയ്ക്കൽ, ജിജിൻ കിഴക്കരക്കാട്ട്, ടോംജോസ് പൂവക്കുന്നേൽ, സുധീഷ് അരുൺ, ദിൽന, ജോൺസൺ ചിറായിൽ എന്നിവർ നേതൃത്വം നൽകി, നേതൃത്വം നൽകിയ രൂപതാ എക്സിക്യൂട്ടീവിനെയും രൂപതാ ടീം മെമ്പേഴ്സിനെയും നന്ദിയോടെ ഓർക്കുന്നു.

**ഒരുമ-2014 മേഖലാ ക്യാമ്പ്**

എല്ലാ മേഖലയിലും മേഖലാ ക്യാമ്പുകൾ ഭംഗിയായി വിജയകരമായി നടന്നു. വ്യക്തിത്വ വികാസനം, ദൈവവിളി പ്രോത്സാഹനം, പ്രാർത്ഥനയിൽ അധിഷ്ഠിതമായ ജീവിതവിജയം എന്നീ വിഷയങ്ങളെ അധിഷ്ഠിതമായി ക്ലാസുകൾ നയിച്ചു. റവ.ഫാ. സോണി വടയാപറമ്പിൽ, സി. ലിസ അലക്സ്, ജോയി മേപ്പാടത്ത്, രഞ്ചിത്ത് മുതുപ്ലാക്കൽ, ബിനീഷ് തുമ്പിയാംകുഴി, ബിനു മാങ്കൂട്ടം, ബിജു ചിറ്റേടത്ത്, ജോൺസൺ ചിറായിൽ, ഷാജി ചന്ദനപറമ്പിൽ, ജോൺ വടക്കേക്കര, സോയി കൈതാരം, ജിജിൽ കിഴക്കരക്കാട്ട് തുടങ്ങിയവരും മറ്റു എക്സിക്യൂട്ടീവ് അംഗങ്ങളും ടീം അംഗങ്ങളും നേതൃത്വം കൊടുത്തു. മേഖലാ ക്യാമ്പുകൾ ഭംഗിയായി നടത്തുന്നതിന് സഹായിച്ച മേഖലാ ഡയറക്ടേഴ്സ്, ജോ. ഡയറക്ടേഴ്സ്, മേഖലാ എക്സിക്യൂട്ടീവ് അംഗങ്ങൾ, ശാഖാ എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവരെയും നന്ദിയോടെ ഓർക്കുന്നു.

**അർച്ചന സിസ്റ്റർക്ക് ഒത്തിരി നന്ദി**

കഴിഞ്ഞ ഒരു വർഷം സംഘടനയുടെ ഓഫീസ് പ്രവർത്തനങ്ങൾ അടുക്കും ചിട്ടയോടും കൂടി ചെയ്ത ഓഫീസ് സെക്രട്ടറി സി. അർച്ചന സി.എം.സി. പുതിയ ഉത്തരവാദിത്വം (പോസ്റ്റുലന്റ്സ് മിസ്ട്രസ് നടവടൽ) ഏറ്റെടുത്തു. ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയ്ക്ക് ചെയ്തുതന്ന സേവനങ്ങൾ വളരെ വലുതാണ്. സിസ്റ്ററുടെ പുതിയ പ്രവർത്തന മേഖലയിൽ ദൈവാനുഗ്രഹമുണ്ടാകട്ടെയെന്ന് ആത്മാർത്ഥതയോടു കൂടി പ്രാർത്ഥിക്കുന്നു. നന്ദിയോടെ ഓർക്കുന്നു.

**രൂപതാ കൗൺസിൽ**

ശാഖാ, മേഖലാ, രൂപതാ ഭാരവാഹികൾ സംഗമിക്കുന്ന രൂപതാ കൗൺസിലും പ്രവർത്തന വർഷ ഉദ്ഘാടനവും ജൂൺ 14-ാം തീയതി ശനിയാഴ്ച ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തുന്നു. കൗൺസിലിൽ ശാഖാ, മേഖലാ, രൂപതാ ഭാരവാഹികൾ നിർബന്ധമായും പങ്കെടുക്കുമല്ലോ. കൗൺസിലിൽ അടുത്തവർഷത്തെ പ്രവർത്തന മാർഗ്ഗരേഖ

പ്രകാശനം ചെയ്യുന്നതാണ്. സമയക്രമം 9.30 am രജിസ്ട്രേഷൻ, 9.45 പതാകയുയർത്തൽ, മീറ്റിംഗ്, ക്ലാസ്, ഭക്ഷണം.

**ശാഖാ തിരഞ്ഞെടുപ്പ്**

വരുന്ന പ്രവർത്തനവർഷത്തെ ശാഖാ ഭാരവാഹികളെ തിരഞ്ഞെടുത്തിട്ടില്ലെങ്കിൽ ജൂൺ 8 ഞായറാഴ്ചയ്ക്ക് മുമ്പായി ഭാരവാഹികളെ തിരഞ്ഞെടുക്കുമല്ലോ. ഭാരവാഹികളിൽ ഒരാളെ മതബോധന അധ്യാപകനെ ആക്കുമല്ലോ.

**ജോ. ഡയറക്ടേഴ്സിന്റെ ശ്രദ്ധയ്ക്ക്**

ശാഖാ വാർഷിക റിപ്പോർട്ടും, അംഗത്വലിസ്റ്റും തരാത്ത ശാഖകൾ നിർബന്ധമായും ജൂൺ 7 ന് മുമ്പ് രൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്.

**കാണിക്ക തന്ന ശാഖകൾ**

ഇടിവണ്ണ-305, ബത്തേരി-500, തലഞ്ഞി-1000, തൃശിലേരി-150, വിമലഗിരി-500, പൂളപ്പാടം-1000, മുട്ടിയേൽ-700, മുള്ളൻകൊല്ലി-5000.

**പലതുള്ളി തന്ന ശാഖകൾ**

കണിയാരം-500, മുള്ളൻകൊല്ലി-300

**മേഖലാ വാർത്തകൾ**

**തരിയോട് -** 'ഒരുമ' മേഖലാ ക്യാമ്പ് മംഗളം ശാഖയിൽ വെച്ച് നടത്തി.

**കൊട്ടിയൂർ മേഖല -** മേഖലാ മാനേജിംഗ് കമ്മറ്റി ചേർന്നു. മേഖലാ ക്യാമ്പ് അടയ്ക്കാത്തോട് ശാഖയിൽ വെച്ച് നടത്തി.

**മാനന്തവാടി മേഖല -** മേഖലാ ക്യാമ്പ് ബോയ്സ്ടൗണിൽ വെച്ച് നടത്തി. മാനേജിംഗ് കമ്മറ്റി കൂടി.

**പയ്യമ്പള്ളി മേഖല** - മേഖലാ ക്യാമ്പ് കാട്ടിക്കുളം ഇടവകയിൽ വച്ചു നടത്തി. വാർഷിക മാനേജിംഗ് കമ്മറ്റിയും മേഖലാ ഇലക്ഷനും നടത്തി.

**ശാഖാ വാർത്തകൾ**

*പനംചിറ:-* ഓസ്സാനാം ഭവൻ സന്ദർശിച്ച് അരി, വസ്ത്രം എന്നിവ നൽകി.

*തൃശ്ശിലേരി:-* ഏപ്രിൽ 28, 29, 90 തീയതികളിൽ ശാഖാക്യാമ്പ് നടത്തി.

*കാട്ടിക്കുളം:-* ശാഖയിൽ അർദ്ധദിന സെമിനാർ നടത്തി. ശ്രീ. ഷാജി ചന്ദനപറമ്പിൽ നേതൃത്വം നൽകി.

*പുൽപ്പള്ളി:-* 10-12 ക്ലാസിൽ പഠിക്കുന്ന കുട്ടികൾക്കും പുറത്ത് പഠിക്കുന്ന കുട്ടികൾക്കുമായി ഏകദിന സെമിനാർ നടത്തി.

*ചുങ്കക്കുന്ന്:-* ലഹരിവിരുദ്ധവർഷ ആചരണത്തോടനുബന്ധിച്ച് ഇടവകയിലെ 44 വാർഡുകളിലും സി.എം.എൽ. അംഗങ്ങൾ തെരുവുനാടകം അവതരിപ്പിച്ചു.

*പന്തിപ്പൊയിൽ:-* മേഖലാ ക്യാമ്പിൽ പങ്കെടുത്തു.

*ഒലിവുമല:-* ക്രിസ്റ്റീൻ ധ്യാനം നടത്തി.

*വൈത്തിരി:-* ഗവ. ഹോസ്പിറ്റലിൽ ഭക്ഷണം വിതരണം ചെയ്തു.

*കൊളവയൽ:-* കൽപ്പറ്റ ഗവൺമെന്റ് ഹോസ്പിറ്റലിൽ സാമ്പത്തിക സഹായം നൽകി.

*ഇടിവണ്ണ:-* കുരിശിന്റെ വഴിക്കുള്ള 14 സ്ഥലങ്ങൾ സി.എം.എൽ. അംഗങ്ങൾ ഒരുക്കി.

*കരിമ്പിൽ:-* മേഖലാ ക്യാമ്പിൽ പങ്കെടുത്തു.

*പ്രശാന്തഗിരി:-* മൈലാപൂർ തീർത്ഥാടന യാത്ര നടത്തി.

*തരിയോട്:-* ഇടവകയിൽ ലഹരിവിരുദ്ധ പ്രവർത്തനത്തിന്റെ ഭാഗമായി അമ്മമാർക്ക് സെമിനാർ നടത്തി. ലഹരിവിരുദ്ധ സന്ദേശ പോസ്റ്ററുകൾ പ്രദർശിപ്പിച്ചു.

*വാഴവറ്റ:-* ഓസാനാംഭവൻ സന്ദർശിച്ച് 1000 രൂപയും 1000 രൂപയുടെ സോപ്പും മറ്റ് സാധനങ്ങളും സമ്മാനമായി നൽകി.

*കണിയാരം:-* ബഹു. വികാരിയച്ചന്റെ നാമഹേതുക തിരുനാൾ സി.എം.എൽ. അംഗങ്ങൾ ആഘോഷിച്ചു.

*നടവയൽ:-* വി. മർക്കോസിന്റെ സുവിശേഷം പഠിക്കുന്ന കുട്ടികൾക്കായി പരീക്ഷ നടത്തി.

*കൽപ്പ:-* നിർദ്ധനരായ ഒരു കുടുംബത്തിന് ഈസ്റ്റർ കിറ്റ് നൽകി.

*കുഞ്ഞോം:-* പരീക്ഷയ്ക്ക് ഒരുക്കമായി ആരാധന നടത്തി.

*പേരിയ:-* എസ്.എൽ.സി. പരീക്ഷയ്ക്ക് എല്ലാ വിഷയത്തിനും A+ ഉം ഡിപ്ലോമ പരീക്ഷയിൽ ഡിസ്റ്റിംഗ്ഷനും കരസ്ഥമാക്കിയ ജസ്ന ജേക്കബ് തെക്കേക്കരയെ ആദരിച്ചു.

*അമ്പലവയൽ:-* ക്രിസ്റ്റീൻ ധ്യാനം നടത്തി. ക്യാൻസർ രോഗിയുടെ മകന് സഹായമായി 5000 രൂപ നൽകി സഹായിച്ചു.

*ചാരിറ്റി:-* സി.എം.എൽ. അംഗങ്ങൾ വാർഷിക ധ്യാനത്തിൽ പങ്കെടുത്തു.

*വെള്ളൂന്നി:-* പേരാവൂർ മരിയഭവൻ സന്ദർശിച്ച് 10,000 രൂപ സഹായമായി നൽകി.

*തവിഞ്ഞാൽ:-* ലഹരിവിമുക്ത സമൂഹത്തിന്റെ പ്രാധാന്യം ഊന്നിപറയുന്ന 'ഫിലിം ഷോ' സംഘടിപ്പിച്ചു.

*ചിത്രഗിരി:-* സി.എം.എൽ. അംഗങ്ങൾ മലയാറ്റൂർ തീർത്ഥാടനം നടത്തി.
*ബത്തേരി:-* ലഹരിവിമുക്ത ശില്പശാല നടത്തി. ലഹരിക്കെതിരെ എന്ന വിഷയത്തെ ആസ്പദമാക്കി കൊളാഷ് പ്രദർശനം നടത്തി.
*പുതിയിടം:-* ക്രിസ്റ്റീൻ ധ്യാനം നടത്തി. മേഖലാ ക്യാമ്പിൽ വച്ച് റോസ്ന സന്തോഷ് ബെസ്റ്റ് ക്യാമ്പർ ആയി തെരഞ്ഞെടുക്കപ്പെട്ടു.
*കുറുമണി:-* ഒരു ഭവനത്തിന്റെ പുറകിലെ മതിൽ ഇടിഞ്ഞുവീണതിനാൽ അവിടുത്തെ കല്ലുകൾ എടുത്തുമാറ്റുന്നതിനും മണ്ണു നിരത്തുന്നതിനും ബഹു. ടോമിയച്ചനോടൊപ്പം മിഷൻലീഗ് അംഗങ്ങളും സഹകരിച്ചു.
*കമ്മന:-* കിഡ്നിയുടെ ഓപ്പറേഷന് വിധേയനായ സി.എം.എൽ. സീനിയർ അംഗം ജിനീഷ് തച്ചംമണിയാട്ടിനുവേണ്ടി സി.എം.എൽ. അംഗങ്ങൾ ജപമാല ചൊല്ലി പ്രാർത്ഥിച്ചു. നോമ്പിൽ കുട്ടികൾ പാവപ്പെട്ടവർക്കായി മാറ്റിവെച്ച പിടിയരി ശേഖരിച്ച് ഒരു ഹൈന്ദവ കുടുംബത്തിനു നൽകി. ഒപ്പം 500 രൂപ നൽകി.
*പനവല്ലി:-* വാർഷിക ധ്യാനത്തിൽ പങ്കെടുത്തു. ജോ.ഡയറക്ടർ സി.മേരിക്ക് സെന്റോഫ് നൽകി.

**സ്നേഹപൂർവ്വം**

സി.എം.എൽ അംഗങ്ങൾ അഭിമാനപൂർവ്വം പ്രവർത്തിച്ച ഒരു പ്രവർത്തനവർഷംകൂടി അവസാനിക്കുകയാണ്. ഈ കാലമത്രയും രൂപത പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകുകയും സി.എം.എൽ. രൂപത പ്രവർത്തനങ്ങൾക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്ന അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവിന് രൂപത സമിതിയുടെ ഹൃദ്യമായ നന്ദി അറിയിക്കുന്നു.

സാന്നിധ്യംകൊണ്ടും നിർദ്ദേശങ്ങൾകൊണ്ടും ഞങ്ങൾക്ക് താങ്ങും തണലുമായി നിലകൊണ്ടിരുന്ന ബഹു. വികാരി ജനറാൾ മോൺ. മാത്യു മാടപ്പള്ളിക്കുന്നേലിനും രൂപതാസമിതിയുടെ നന്ദി അറിയിക്കുന്നു. രൂപതാ പ്രവർത്തനങ്ങൾക്ക് കരുത്തുപകരുന്ന മാനന്തവാടി രൂപതയിലെ വൈദികർ, സിസ്റ്റേഴ്സ്, അല്മായ നേതാക്കന്മാർ എന്നിവർക്ക് രൂപതാസമിതിയുടെ നന്ദി അറിയിക്കുന്നു.

ശാഖാ, മേഖലാ, രൂപതാ പ്രവർത്തനങ്ങളോട് ചേർന്ന് നിന്ന് പ്രവർത്തിക്കുന്ന ശാഖ, മേഖല ഡയറക്ടേഴ്സ്, ജോ.ഡയറക്ടേഴ്സ്, ശാഖ മേഖല ഭാരവാഹികൾ, രൂപതയിലെ മുഴുവൻ സി.എം.എൽ.

അംഗങ്ങൾക്കും രൂപതയെ നയിച്ചുകൊണ്ടിരിക്കുന്ന രൂപതാഡയറക്ടർ റവ.ഫാ. സോണി വടയാപറമ്പിൽ, രൂപതാ പ്രസിഡണ്ട് ജോയി മേപ്പാടത്ത്, മറ്റു രൂപത എക്സിക്യൂട്ടീവ് അംഗങ്ങൾ, ടീം അംഗങ്ങൾ എന്നിവരെ രൂപതസമിതി നന്ദിയോടെ ഓർക്കുന്നു.

ഒരു പുതുപ്രവർത്തനവർഷത്തിലേക്ക് നമ്മൾ കാൽ വെയ്ക്കുമ്പോൾ കഴിഞ്ഞ പ്രവർത്തനവർഷങ്ങളിൽ സംഘടനയുടെ വളർച്ചയിൽ സംഘടനയെ സ്നേഹിച്ച, പ്രോത്സാഹിപ്പിച്ച, പ്രാർത്ഥിച്ച, പ്രവർത്തിച്ച, എല്ലാവരെയും നന്ദിയോടെ സ്മരിക്കുന്നു. പുതുപുത്തൻ പ്രവർത്തന വർഷത്തിൽ തമ്പുരാനോടൊപ്പം യാത്ര തുടങ്ങാം. ഒരുമിച്ച് നീങ്ങാം. ഒന്നിച്ചു പ്രവർത്തിക്കാം. ഒന്നായ് ദൈവസന്നിധിയിൽ ഒരുമിച്ചു നേടാം.

എന്ന്, നിങ്ങളുടെ സ്വന്തം,

**രഞ്ചിത്ത് മുതുപ്ലാക്കൽ**
രൂപതാ ജനറൽ സെക്രട്ടറി

# കെ. സി. വൈ. എം.

**മാനന്തവാടി രൂപത ലഹരിവിരുദ്ധ വർഷാചരണവുമായി ബന്ധപ്പെട്ട് കെ.സി.വൈ.എം. നടത്തുന്ന ലഹരിവിരുദ്ധ റോഡ് ഷോ**

- മാനന്തവാടി കൽപ്പറ്റ, ബത്തേരി തുടങ്ങിയ മൂന്നു മേഖലകളിൽ കൂടുതൽ ജനങ്ങളിലേക്ക് ആശയം എത്തിക്കാൻ.
- ലഹരി വിരുദ്ധ ആശയപ്രചരണം നടത്താൻ വേണ്ടി.
- ഓരോ സ്ഥലത്തും 500 യുവജനങ്ങൾ. ഒരു യൂണിറ്റിൽ നിന്നും കുറഞ്ഞത് 30 പേർ
- ജനപ്രതിനിധികൾ പങ്കെടുക്കുന്നു. സർക്കാർ തലത്തിൽ സമ്മർദ്ദം ചെലുത്താനും അബ്കാരി, എക്സൈസ് നിയമങ്ങളിൽ മാറ്റം വരുത്താനും.
- യുവജനങ്ങളിൽ ലഹരിവിരുദ്ധ ബോധവത്കരണം.
- ലഹരിവിമുക്ത വർഷത്തിൽ കെസിവൈഎം മാനന്തവാടി രൂപതയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന പൊതുപരിപാടി

മാനന്തവാടി – ജൂൺ 14 – കല്ലോടി, പയ്യമ്പള്ളി, മാനന്തവാടി, കൊട്ടിയൂർ, മേഖലകളുടെ – മാനന്തവാടിയിൽ വച്ച്.

ബത്തേരി – ജൂൺ 21 – പുൽപ്പള്ളി, നടവയൽ, ബത്തേരി, മണിമൂളി, നിലമ്പൂർ, ഗൂഡല്ലൂർ – ബത്തേരിയിൽ വച്ച്.

കൽപ്പറ്റ – ജൂൺ 28 – കൽപ്പറ്റ, തരിയോട് – കൽപ്പറ്റയിൽ വച്ച്.

NB:- റോഡ് ഷോ മഴ പ്രതീക്ഷിച്ചുകൊണ്ടാണ് ചെയ്യുന്നത്

## Short Film Competition

വിഷയം: “ലഹരി വിമുക്തയൗവ്വനം കുടുംബഭദ്രതയ്ക്ക്”

1. ദൈർഘ്യം – 7–10 മിനിറ്റ്. രജിസ്ട്രേഷൻ ഫീസ് – 500 രൂപ.
2. DVD format ആയിരിക്കണം എത്തിക്കേണ്ടത്
3. Kcym Office- ൽ എത്തിക്കേണ്ട അവസാന തീയതി – ജൂലൈ 1. തെരഞ്ഞെടുക്കപ്പെടുന്ന 10 എണ്ണം പൊതുവേദിയിൽ പ്രദർശിപ്പിക്കും.

Judgement - ക്രിയാത്മകമായ ആശയം

- പുതുമ
- പ്രചോദനം
- അഭിനയം
- ക്യാമറ
- സൗണ്ട് & മ്യൂസിക്
- സംവിധാനം
- ക്രൈസ്തവ മൂല്യങ്ങളിലധിഷ്ഠിതമായിരിക്കണം

Judges Panel + Audience Panel

KCYM രൂപതയുടെ തീരുമാനം അന്തിമമായിരിക്കും.

First Prize - 5000/-
Second Prize - 3000/-
Third Prize - 2000/-

### യൂണിറ്റ്, മേഖല ആനിമേറ്റേഴ്സ് സംഗമം

വൈവാഹിക സംഗമ ഉദ്ദേശം മുഴുവൻ യുവതീയുവാക്കളിലേക്കും ഇടവക കേന്ദ്രീകരിച്ച് എത്തിക്കുക എന്ന ലക്ഷ്യത്തോടെ യൂണിറ്റ്, മേഖല ആനിമേറ്റർമരുടെയും മേഖല വനിതാ ഭാരവാഹികളുടെയും സംഗമം റീജിയണൽ തലത്തിൽ നടത്തുന്നു. കെ.സി.വൈ.എം. യൂണിറ്റ് ഇല്ലാത്ത ഇടവകകളിൽ നിന്ന് ഒരു സിസ്റ്റർ ഈ സംഗമത്തിൽ പങ്കെടുക്കേണ്ടതാണ്.

ജൂൺ 2 : മാനന്തവാടി, കൊട്ടിയൂർ, പയ്യംപള്ളി, നടവയൽ, കല്ലോടി, പുൽപ്പള്ളിൽ മേഖലകൾക്ക് മാനന്തവാടി ടൗൺ പള്ളിയിൽ വച്ച്.

സമയം : 2 p.m. മുതൽ 5 p.m. വരെ.

ജൂൺ 3 : കൽപ്പറ്റ, ബത്തേരി, തരിയോട് മേഖലകൾക്ക് കൽപ്പറ്റ ഡി പോൾ പള്ളിയിൽ.

സമയം : 2 p.m. മുതൽ 5 p.m. വരെ.

ജൂൺ 4 : മണിമൂളി, ഗൂഡല്ലൂർ, നിലമ്പൂർ മേഖലകൾക്ക് മണിമൂളി റീജിയണൽ പാസ്റ്ററൽ സെന്ററിൽ വച്ച്.

സമയം : 2 p.m. മുതൽ 5 p.m. വരെ.

### യുവജനദിനം ജൂലൈ 6

1984 കെ.സി.ബി.സി. യൂത്ത് കമ്മീഷൻ ജൂലൈ 3 നു ശേഷം വരുന്ന ഞായറാഴ്ച യുവജനദിനമായി ആചരിക്കാൻ തീരുമാനിച്ചു. ഈ വർഷം ജൂലൈ 6 ന് നമ്മൾ യുവജനദിനമായി ആചരിക്കുന്നു. അന്നേ ദിവസം ചെയ്യാവുന്ന കാര്യങ്ങൾ:

1. ഇടവകയിലെ എല്ലാ യുവജനങ്ങളുടെയും അജപാലന കാര്യങ്ങൾ നിർവ്വഹിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.

2. യുവജനങ്ങൾക്കായി പ്രത്യേക കുർബാന, ധ്യാനം, പ്രാർത്ഥന, സെമിനാർ, യുവജനങ്ങളെയും സംഘടനാ പ്രവർത്തകരെയും ആദരിക്കൽ, ബൈബിൾ സ്റ്റഡി, etc...
3. യുവജനങ്ങളുടെ ആത്മീയ, ഭൗതീക ആവശ്യങ്ങൾക്കായുള്ള കർമ്മ പരിപാടികൾ ആസൂത്രണം ചെയ്യുക.
4. യുവജനദിനത്തെ അവിസ്മരണീയമാക്കുന്ന വിധത്തിൽ ആത്മീയമോ, സാമൂഹ്യമോ ആയ പരിപാടികൾ അന്നേദിവസം നടത്തുക.

**ആത്മജ്വാല 2014 പന്തക്കുസ്താ ജാഗരണ പ്രാർത്ഥന**

മാനന്തവാടി രൂപത കെ.സി.വൈ.എം. നേതൃത്വം നൽകുന്ന പന്തക്കുസ്താ ജാഗരണ പ്രാർത്ഥന പട്ടാണിക്കൂപ്പ് യൂണിറ്റിൽ വെച്ച് ജൂൺ 7-ന് വൈകിട്ട് 6 ന് ആരംഭിച്ച് പിറ്റേദിവസം രാവിലെ 6 ന് അവസാനിക്കും. മുഴുവൻ യൂണിറ്റുകളിലെയും പങ്കാളിത്തം മേഖലാഭാരവാഹികൾ ഉറപ്പുവരുത്തേണ്ടതാണ്.

**ഹൃദയപൂർവ്വം നന്ദി**

കഴിഞ്ഞ ഒരു വർഷക്കാലം കെ.സി.വൈ.എം. സംഘടനയുടെ ഓഫീസ് സെക്രട്ടറിയായി സേവനം ചെയ്തശേഷം സ്ഥലം മാറിപ്പോകുന്ന സി. ലിന്റയ്ക്ക് കെ.സി.വൈ.എം. രൂപത കുടുംബത്തിന്റെ നന്ദിയും സ്നേഹവും അറിയിക്കുന്നു. പുതിയ പ്രവർത്തനപന്ഥാവിൽ എല്ലാ ദൈവാനുഗ്രഹങ്ങളും ആശംസിക്കുന്നു.

**ആശംസകൾ**

മുൻവർഷങ്ങളിൽ കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ സെക്രട്ടറിയേറ്റ്, സിൻഡിക്കേറ്റ് അംഗങ്ങളായി സ്തുത്യർഹ സേവനം ചെയ്ത് വിവാഹജീവിതത്തിലേക്ക് പ്രവേശിച്ചിരിക്കുന്ന ശ്രുതി നെടുങ്ങോട്ടുകുടിക്കും വരൻ ജോമേഷിനും, ജോജോ വരകുകാലായ്ക്കും വധു നീതുവിനും കെ.സി.വൈ.എം. രൂപത കുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ.

**ആദരാഞ്ജലികൾ**

കെ.സി.വൈ.എം. മുൻരൂപത കോഡിനേറ്ററും, പ്രസ്ഥാനത്തിന്റെ സജീവ പ്രവർത്തകനുമായിരുന്ന പാട്ടവയൽ യൂണിറ്റ് അംഗം ശ്രീ. സുനിൽ മഠത്തിലിന്റെ നിര്യാണത്തിൽ കെ.സി.വൈ.എം. രൂപത കുടുംബത്തിന്റെ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

**യൂണിറ്റ് വാർത്തകൾ - ഒലിവുമല യൂണിറ്റ്**

ഇടവകയിൽ നടന്ന വാർഷിക ധ്യാനത്തിൽ യുവജനങ്ങൾ എല്ലാവരും പങ്കെടുക്കുകയും ധ്യാനത്തിൽ പങ്കെടുത്ത എല്ലാവർക്കും കാപ്പി നൽകുകയും ചെയ്തു. ഇടവകാതിരുനാളിനോടനുബന്ധിച്ചുള്ള

കലാപരിപാടികളുടെ പരിശീലനം നടത്തി. താൽക്കാലിക താമസത്തി നായി ഒരു സ്ത്രീക്ക് വീടു നിർമ്മിച്ചു കൊടുത്തു. മേഖല കുരിശിന്റെ വഴിയിൽ ശാഖയിൽ നിന്നും അംഗങ്ങൾ പങ്കെടുത്തു. യുവജനങ്ങൾ ചേർന്നു ഉയിർപ്പുകല്ലറ നിർമ്മിച്ചു. ഇടവകാതിരുനാളിനോടനുബന്ധിച്ച് പള്ളിയും പരിസരവും വൃത്തിയാക്കൽ, അലങ്കാരം എന്നിവ നടത്തി. ഭക്തസംഘടനകളുടെ വാർഷികത്തിൽ കലാപരിപാടികൾ അവതരിപ്പിച്ചു. ക്രിസ്റ്റീൻ ധ്യാനത്തിൽ കെ.സി.വൈ.എം. അംഗങ്ങളായ +1, +2 കുട്ടികൾ പങ്കെടുത്തു.

**പുതുശ്ശേരി യൂണിറ്റ്**

അനധികൃതമായ രീതിയിൽ മദ്യം വിൽക്കുന്ന കടയുടെ മുമ്പിൽ രാത്രി 9.30 വരെ യുവജനങ്ങൾ ജപമാല ചൊല്ലി പ്രാർത്ഥിച്ചു.

**കൊട്ടിയൂർ യൂണിറ്റ്**

യുവജന ടൂർ സംഘടിപ്പിച്ചു. 40 യുവതീയുവാക്കന്മാർ ഇതിൽ പങ്കെടുത്തു. ഉയിർപ്പു തിരുനാളിനോടനുബന്ധിച്ച് കല്ലറ നിർമ്മിക്കുകയും പള്ളിയും പരിസരവും വൃത്തിയാക്കുകയും ചെയ്തു.

**ചുങ്കക്കുന്ന് യൂണിറ്റ്**

പഠനത്തിനും ജോലിക്കുമായി വിവിധ സ്ഥലങ്ങളിലായിരുന്ന യുവജനങ്ങളുടെ സംഗമം പെസഹാ വ്യാഴാഴ്ച നടത്തി. ഇതിൽ 245 യുവജനങ്ങൾ പങ്കെടുത്തു. യുവജനങ്ങളുടെ നേതൃത്വത്തിൽ ഉയിർപ്പു കല്ലറ നിർമ്മിച്ചു. ബഹു. ഷിന്റോ അച്ചന്റെ പുത്തൻകുർബാനയോടനുബന്ധിച്ചുള്ള അലങ്കാരം, പരിസരശുചീകരണം എന്നിവയ്ക്ക് യുവജനങ്ങൾ നേതൃത്വം നൽകി.

**വെള്ളൂന്നി യൂണിറ്റ്**

യുവജനങ്ങൾ ബഹു. ആനിമേറ്റർ സിസ്റ്ററിന്റെ നേതൃത്വത്തിൽ താമരശ്ശേരി ചുരത്തിൽ കുരിശിന്റെ വഴി നടത്തി. നോമ്പിന്റെ ദിവസങ്ങളിൽ വൈകുന്നേരങ്ങളിൽ പള്ളിയിൽ വച്ച് കുരിശിന്റെ വഴി ചൊല്ലി പ്രാർത്ഥിച്ചു. യുവജനങ്ങളുടെ നേതൃത്വത്തിൽ ഉയിർപ്പുകല്ലറ നിർമ്മിച്ചു.

**ആലാറ്റിൽ യൂണിറ്റ്**

നോമ്പെടുത്ത് 50 ഓളം യുവജനങ്ങൾ മലയാറ്റൂർ പദയാത്ര നടത്തി. ദു:ഖവെള്ളിയാഴ്ച കുരിശിന്റെ വഴിക്കാവശ്യമായ ഒരുക്കങ്ങൾ കെ.സി.വൈ.എം. അംഗങ്ങൾ നടത്തി. രൂപത നടത്തിയ 'കാനാ 2014' ൽ 30 ഓളം യുവജനങ്ങൾ പങ്കെടുത്തു. യുവജനങ്ങളുടെ നേതൃത്വത്തിൽ ഉയിർപ്പുകല്ലറ നിർമ്മിച്ചു.

**ദ്വാരക യൂണിറ്റ്**

ദ്വാരക ഇടവകയിൽ നിന്നും 16 യുവജനങ്ങൾ നോമ്പെടുത്ത്

മലയാറ്റൂർക്ക് പദയാത്ര നടത്തി. കെ.സി.വൈ.എം. അംഗങ്ങൾ 2014-ലെ ഈസ്റ്റർ തണൽ വൃദ്ധസദനത്തിലെ അന്തേവാസികളോടുകൂടെ ആഘോഷിച്ചു. ഏറെ സമയം അവരോടൊത്ത് ചെലവഴിക്കുകയും ഒന്നി ച്ചിരുന്ന് അത്താഴം കഴിക്കുകയും ചെയ്തു.

**കാവുംമന്ദം യൂണിറ്റ്**

ഇടവകയിലെ യുവജനങ്ങളുടെ നേതൃത്വത്തിൽ തയ്യാറാക്കിയ പാരീഷ് ഡിറക്ടറി 'ലൂർദ്ദാരാമം' ഡയറക്ടർ ബഹു. ഫാ. റെജി മുതു കത്താനിയിൽ പ്രകാശനം ചെയ്തു. ബ്ലഡ് ഗ്രൂപ്പ്, ഫോൺ നമ്പറുകൾ, പ്രമുഖ സ്ഥാപനങ്ങളുടെ നമ്പറുകൾ, ഇടവകചരിത്രം മുതലായവ ഡിറ ക്ടറിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ബഹു. വികാരിയച്ചനും ആനിമേറ്റർ സിസ്റ്ററിനും യാത്രയയപ്പു നൽകി. യുവജനകൂട്ടായ്മ ശക്തിപ്പെടുത്താൻ പള്ളി ഗ്രൗണ്ടിൽ വോളിബോൾ പരിശീലനം നടത്തി വരുന്നു.

**നെടുമ്പാല യൂണിറ്റ്**

ചൂരൽമലയിൽ വച്ചു നടന്ന കുരിശിന്റെ വഴിയിൽ യൂണിറ്റിൽ നിന്നും യുവജനങ്ങൾ പങ്കെടുത്തു. കുരിശിന്റെ വഴിക്കാവശ്യമായ ഒരു ക്കങ്ങൾ ചെയ്തു. യുവജനങ്ങളുടെ നേതൃത്വത്തിൽ ഉയിർപ്പുകല്ലറ നിർമ്മിച്ചു. വിവാഹത്തിലൂടെ കുടുംബജീവിതത്തിലേക്ക് പ്രവേശിച്ചിരി ക്കുന്ന കെ.സി.വൈ.എം. പ്രവർത്തകനായ ജോബിനും വധുവിനും ആശംസകൾ നേർന്നു.

**മേഖലാവാർത്തകൾ - പയ്യമ്പള്ളി മേഖല**

കെ.സി.വൈ.എം. പയ്യമ്പള്ളി മേഖലയുടെ ആഭിമുഖ്യത്തിൽ 10, +1, +2, ഡിഗ്രി വിദ്യാർത്ഥികൾക്കായി ഒണ്ടയങ്ങാടിയിൽ വച്ച് കരിയർ ഗൈഡൻസ് കോഴ്സ് നടത്തപ്പെട്ടു. ഉപരിപഠനത്തെക്കുറിച്ചും അതിന്റെ സാധ്യതകളെക്കുറിച്ചും മനസ്സിലാക്കുന്നതിനും തങ്ങളുടെ അഭിരുചിക്കും കഴിവിനും അനുസരിച്ചുള്ള ഭാവി തിരഞ്ഞെടുക്കുന്നതിനും സഹായക മായ ഒരു സെമിനാറായിരുന്നു ഇത്. കൽപ്പറ്റയിൽ പ്രവർത്തിക്കുന്ന CIG യുടെ Trainner ശ്രീ. അബ്ദുൾ റഹ്മാൻ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. കെ.സി.വൈ.എം. രൂപത പ്രസിഡണ്ട് ശ്രീ. ബിബിൻ ചെമ്പക്കര പരി പാടിയിൽ സന്നിഹിതനായിരുന്നു. മേഖലയിലെ വിവിധ ഇടവകകളിൽ നിന്നുമായി അമ്പതോളം വിദ്യാർത്ഥികൾ പങ്കെടുത്തു. കെ.സി.വൈ. എം. പയ്യമ്പള്ളി മേഖലയുടെ നേതൃത്വത്തിൽ എല്ലാ യൂണിറ്റുകളി ലേയ്ക്കും മേഖലാസന്ദർശനവും ലഹരിവിമുക്ത സെമിനാറുകളും മെയ് 4-ാം തീയതി മുതൽ ആരംഭിച്ചു.

**സിബിൻ പാലമൂട്ടിൽ**
KCYM രൂപത ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

**വിവാഹത്തിനൊരുക്കമായുള്ള കോഴ്സുകൾ**

ദ്വാരക പാസ്റ്ററൽ സെന്ററിൽ ഏപ്രിൽ 25 മുതൽ 28 വരെ നടന്ന കോഴ്സിൽ 105 പേരും മെയ് 11 മുതൽ 14 വരെ നടന്ന കോഴ്സിൽ 104 പേരും പങ്കെടുത്തു. കോഴ്സുകളുടെ വിജയത്തിനായി സഹകരിച്ച എല്ലാ വൈദീകർക്കും കുടുംബ പ്രേഷിതത്വ ടീം അംഗങ്ങൾക്കും നന്ദി.

**അടുത്ത മാസത്തിലെ കോഴ്സുകൾ**

ജൂൺ 27 – 30 – പാസ്റ്ററൽ സെന്റർ ദ്വാരക

ജൂലൈ 18 – 21 – പാസ്റ്ററൽ സെന്റർ ദ്വാരക

**കത്തോലിക്കാ മാതൃസംഘടന**

മെയ് 15 ന് രൂപതാ എക്സിക്യൂട്ടീവ് ചേർന്നു. തനതു പ്രവർത്തനങ്ങൾ ചർച്ച ചെയ്തു.

**ടീം ട്രെയിനിംഗ്**

മാതൃസംഘടനയുടെ രൂപതാതല ടീം ട്രെയിനിംഗ് മെയ് 1, 2 തീയതികളിൽ പാസ്റ്ററൽ സെന്ററിൽ നടത്തി. 22 പേർ പങ്കെടുത്തു. വിവിധ വിഷയങ്ങളെ അധികരിച്ച് ക്ലാസ്സുകൾ നയിക്കാൻ അംഗങ്ങൾ സജ്ജരായി. ടീം ട്രെയിനിംഗിന് ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ, ബേബി ജോസഫ് ചക്കാലക്കൽ എന്നീ അധ്യാപകർ നേതൃത്വം നൽകി.

**പയ്യമ്പള്ളി മേഖല**

15–3–2014 ന് പനവല്ലി ഇടവകയിൽ മേഖലാ സെമിനാർ നടത്തി. 120 പേർ പങ്കെടുത്ത സെമിനാറിന് മേഖലാ ഡയറക്ടർ റവ.ഫാ. ചാക്കോച്ചൻ വാഴക്കാലായിൽ, രൂപതാ ആനിമേറ്റർ സി. ടെസീന SABS, രൂപതാ സെക്രട്ടറി ശ്രീമതി കത്രിക്കുട്ടി മണ്ണൂക്കുളം എന്നിവർ നേതൃത്വം നൽകി. 2014 –ലെ പ്രവർത്തന മാർഗരേഖ വിതരണം ചെയ്തു.

**തരിയോട് മേഖല**

2014 ഏപ്രിൽ 26-ാം തീയതി മാതൃസംഘടനയും വനിതാ കമ്മീഷനും സംയുക്തമായി 'സഹയാത്രിക' തരിയോട് മേഖലാ വിധവാ സംഗമം ചെലോട് സെന്റ് സെബാസ്റ്റ്യൻ പള്ളിയിൽ നടത്തി. മേഖലാ ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ പാലക്കി ഉദ്ഘാടനം ചെയ്തു. മേഖലാ പ്രതിനിധി അന്നമ്മ പൊൻതൊട്ടി സ്വാഗതം ആശംസിച്ചു. രൂപതാ ഡയറക്ടർ റവ. ഫാ. മാത്യു പെരിയപ്പുറം, സി. സെലിൻ എസ്.കെ.ഡി., ശ്രീമതി ലില്ലി ടീച്ചർ എന്നിവർ ക്ലാസ്സുകൾ നയിച്ചു. 100 അംഗങ്ങൾ പങ്കെടുത്തു. മേഖല ആനിമേറ്റർ സി. ആൻസി ജോസ് നന്ദി പറഞ്ഞു.

**കുറുമണി**

മാതൃസംഘത്തിന്റെ രൂപതാ ആനിമേറ്റർ സി. റെറ്റസീനാ കുടുംബ ജീവിതത്തിൽ അമ്മമാരുടെ ഉത്തരവാദിത്വത്തെക്കുറിച്ചു ക്ലാസ്സെടുത്തു. 117 അമ്മമാർ സംബന്ധിച്ചു. പനമരത്ത് സി.എം.സി. സിസ്റ്റേഴ്സ് നടത്തുന്ന വൃദ്ധമന്ദിരം സന്ദർശിച്ചു. ഇടവകയിലെ ആദ്യത്തെ ആനിമേറ്റർ സി. മെറ്റിൽഡായുടെ നിര്യാണത്തിൽ അനുശോചനം അറിയിച്ച് സിസ്റ്ററിന്റെ ആത്മശാന്തിക്കായ് ദിവ്യബലിയും ഒപ്പീസും ചൊല്ലി പ്രാർത്ഥിച്ചു. ഒരു സാധു കുടുംബത്തിന്റെ ഭവനത്തിന്റെ മതിൽ ഇടിഞ്ഞുപോയത് നിർമ്മിക്കുവാൻ അമ്മമാർ സഹായിച്ചു. മേഖലയിൽ നടത്തിയ വിധവാ സംഗമത്തിൽ കുറുമണി ഇടവകയിലെ എല്ലാ വിധവകളും സംബന്ധിച്ചു.

**ചുങ്കക്കുന്ന്**

7-4-14 ന് എക്സിക്യൂട്ടീവ് യോഗം ചേർന്നു. 12 ന് സംഘടനാ വാർഷികത്തിന്റെ സ്റ്റേജിതരമത്സര ഇനങ്ങളായ ബൈബിൾ വായന, ബൈബിൾ ക്വിസ്സ്, മെമ്മറി ടെസ്റ്റ് എന്നിവ നടത്തി. 22-ന് നടത്തിയ വാർഷികാഘോഷത്തിൽ 450 അമ്മമാർ പങ്കെടുത്തു.

**പുതിയിടംകുന്ന്**

സാന്ത്വനം - ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി അമ്മമാർ മാനന്തവാടി ഗവ. ആശുപത്രിയിലെ രോഗികൾക്ക് ഉച്ചഭക്ഷണം തയ്യാറാക്കി നൽകുന്നു. ഈസ്റ്റർ ദിനത്തിൽ ഭവനങ്ങളിൽനിന്നും പൊതിച്ചോറ് ശേഖരിച്ച് ടൗണിൽ അലഞ്ഞു നടക്കുന്ന

പാവങ്ങൾക്ക് വിതരണം ചെയ്തു. വൃദ്ധ സദനങ്ങളിൽ കഴിയുന്നവർക്കു വേണ്ടി നിത്യോപയോഗ സാധനങ്ങൾ ശേഖരിച്ച് നൽകുന്നതിനായി 'ജീവകാരുണ്യ പെട്ടി' ഒരുക്കി.

**ഒലിവുമല**

എക്സിക്യൂട്ടീവും ശാഖാ മീറ്റിംഗും ചേർന്നു. തളിമലയിലെ ക്യാൻസർ രോഗിയായ കാളി എന്ന സ്ത്രീയുടെ വീട് താമസയോഗ്യമാക്കി കൊടുത്തു. ഫണ്ട് ശേഖരണാർത്ഥം തിരുനാളിനോട് അനുബന്ധിച്ച് ചായക്കട നടത്തി.

**ഫാ. മാത്യു പെരിയപ്പുറം**
ഡയറക്ടർ കുടുംബ പ്രേഷിതത്വം

# സീയോൻ വാർത്തകൾ

**സോണൽ മീറ്റിംഗ്**

"അവിടുന്ന് ഭൂമിയിലേക്ക് കൽപ്പന അയയ്ക്കുന്നു. അവിടുത്തെ വചനം പാഞ്ഞുവരുന്നു" (സങ്കീ. 117:15).

മെയ് ആദ്യശനിയുടെ തലേദിവസം ശുശ്രൂഷകർ സോണൽ മീറ്റിംഗിനായി ഒരുമിച്ച് കൂടി. 9.30 ന് ജപമാലയോടെ ശുശ്രൂഷകൾ ആരംഭിച്ചു. 10 മണിക്ക് ബഹു. സന്തോഷ് അച്ചൻ വചനം പങ്ക് വച്ച് ആരാധന നയിച്ചു. പരിശുദ്ധാത്മാവാകുന്ന അഗ്നിയിൽ എങ്ങനെ ജ്വലിച്ച് ശുശ്രൂഷ ചെയ്യാമെന്നും നമ്മെ കാണുമ്പോൾ യേശുവിന്റെ ആളാണന്ന് തോന്നണം, ശുശ്രൂഷകരുടെ നോട്ടം എപ്പോഴും യേശുവിലായിരിക്കണം എന്നുള്ള ചിന്തകൾ അച്ചൻ പങ്കുവച്ചു. വിശുദ്ധ ബലിയിൽ ക്രൂശിതനായ യേശുവിനെക്കുറിച്ചുള്ള കാര്യങ്ങൾ പങ്കുവച്ചു. തുടർന്ന് 1.30 ന് ബഹു. അഗസ്റ്റിൻ താന്നിയിൽ അച്ചന്റെ അദ്ധ്യക്ഷതയിൽ ടീം മീറ്റിംഗ് ആരംഭിച്ചു. ദുഷ്ടതയുടെ കൂടാരങ്ങളിൽ വാഴുന്നതിനെക്കാൾ എന്റെ ദൈവത്തിന്റെ വാതിൽ കാവൽക്കാരനാകാനാണു ഞാൻ ആഗ്രഹിക്കുന്നത് (സങ്കീ. 84:10) വചനം ആസ്പദമാക്കി ശുശ്രൂഷയുടെ മാഹാത്മ്യത്തെക്കുറിച്ച് അച്ചൻ സംസാരിച്ചു. ടീം അംഗങ്ങൾക്ക് നിർദ്ദേശങ്ങൾ നൽകിയതിനുശേഷം മീറ്റിംഗ് അവസാനിപ്പിച്ച് ഒരുക്കശുശ്രൂഷയ്ക്കായി പോയി.

**ജാഗരണ പ്രാർത്ഥന**

6.30 ന് ജപമാലയോടുകൂടി ജാഗരണപ്രാർത്ഥന ആരംഭിച്ചു. 7 മണിക്ക് ബഹു. അഗസ്റ്റിൻ താന്നിയിൽ അച്ചൻ വി. ബലിയർപ്പിച്ച് പ്രാർത്ഥിച്ചു. അതിനുശേഷം ബഹു. അഗസ്റ്റിൻ താന്നിയിൽ അച്ചന്റെ നേതൃത്വത്തിൽ സീയോൻ ടീം 12 മണി വരെ ജാഗരണ പ്രാർത്ഥന നയിച്ചു. 12 മണിക്ക് വിശ്രമത്തിനായി പോയി.

**ആദ്യശനി – ഏകദിന കൺവെൻഷൻ**

"ജറുസലെമെ കർത്താവിനെ സ്തുതിക്കുക; സീയോനേ നിന്റെ ദൈവത്തെ പുകഴ്ത്തുക" (സങ്കീ. 147:12).

പ്രഭാതത്തിൽ 6 മണിക്ക് പ്രാർത്ഥനാശുശ്രൂഷകൾ ആരംഭിച്ചു. ജപമാല പ്രദക്ഷിണം, വെഞ്ചരിപ്പ് എന്നിവയ്ക്കുശേഷം ഒരുക്കശുശ്രൂഷകൾ നടത്തി. 9 മണിക്ക് സപ്ര, ജപമാല, സ്തുതി ആരാധന എന്നിവ ശ്രീ. ബേബി മൂത്തേടത്തിന്റെ നേതൃത്വത്തിൽ നടത്തി. സാക്ഷ്യശുശ്രൂഷയ്ക്കുശേഷം ബഹു. സന്തോഷച്ചൻ (Camillus) ആത്മാവിലുള്ള ജീവിതത്തെക്കുറിച്ച് സംസാരിച്ചു. വി. ബലിക്കുശേഷം അഭിഷേക ആരാധന, ദിവ്യകാരുണ്യപ്രദക്ഷണം എന്നിവയ്ക്ക് ബഹു. അഗസ്റ്റിൻ അച്ചൻ നേതൃത്വം നൽകി. 3.30 ന് ശുശ്രൂഷകൾ സമാപിച്ചു.

**ദമ്പതീ കൂട്ടായ്മ – രണ്ടാംശനി**

ഏകദിന കൺവെൻഷനിൽ എല്ലാ സോണുകളിലെയും 250 ഓളം ദമ്പതികൾ പങ്കെടുത്തു. ആ ദിവസത്തെ ശുശ്രൂഷകൾക്ക് നേതൃത്വം വഹിച്ചത് KST യിലെ Couple ministry കോർഡിനേറ്റേഴ്സ് ആണ്.

**പൊതുകൗൺസിലിംഗ് ദിനം**

രണ്ടാം വെള്ളിയാഴ്ചത്തെ ഒരുക്കശുശ്രൂഷയ്ക്കുശേഷം സീയോൻ കൗൺസിലേഴ്സ് രണ്ടാം ശനിയാഴ്ച കൗൺസിലിംഗ് ശുശ്രൂഷ നടത്തി.

**തൂവാനീസ് കൂട്ടായ്മ**

യേശുവിനെ അനുഗമിക്കുന്ന സ്ത്രീകളുടെ കൂട്ടായ്മയിൽ ധാരാളം വ്യക്തികൾ പങ്കെടുത്തു. ബഹു. അഗസ്റ്റിനച്ചൻ വചനം പങ്കുവെച്ചു. ശ്രീമതി എൽസി കുളത്തിങ്കൽ പ്രാർത്ഥനകൾക്ക് നേതൃത്വം നൽകി.

**ഇവാഞ്ചലൈസേഷൻ ടീം**

ഇവാഞ്ചലൈസേഷൻ ടീം മീറ്റിംഗ് രണ്ടാം വെള്ളിയാഴ്ച നടത്തി. പുതിയ കാര്യങ്ങൾ തീരുമാനിച്ചു.

**മൂന്നാം വെള്ളി ജാഗരണപ്രാർത്ഥന**

മൂന്നാം വെള്ളി എല്ലാ ഇടവകകളിലെയും പ്രാർത്ഥനാ ഗ്രൂപ്പിന്റെ ലീഡേഴ്സിന്റെ മീറ്റിംഗും തുടർന്ന് സീയോൻ ശുശ്രൂഷകരും സുവിശേഷമുന്നണി പ്രവർത്തകരും ചേർന്ന് ജാഗരണ പ്രാർത്ഥനയും നടത്തി.

**ആന്തരിക സൗഖ്യ ധ്യാനം**

മെയ് 18–22 ആന്തരികസൗഖ്യ ധ്യാനം നടത്തി. അനേകം മക്കൾ കടന്നു വന്ന് അഭിഷേകത്തോടെ മടങ്ങിപ്പോയി.

**സീയോൻ ജൂൺ മാസത്തിൽ**

| | | |
|---|---|---|
| ജൂൺ 6 ആദ്യ വെള്ളി | - | സോണൽ മീറ്റിംഗ്<br>ജാഗരണപ്രാർത്ഥന |
| ജൂൺ 7 ആദ്യശനി | - | ഏകദിന കൺവെൻഷൻ |
| ജൂൺ 14 രണ്ടാം ശനി | - | യുവജന കൂട്ടായ്മ, ദമ്പതീകൂട്ടായ്മ<br>പൊതുകൗൺസിലിംഗ് ദിനം |
| ജൂൺ 15 – 19 | - | ആന്തരിക സൗഖ്യ ദിനം |
| ജൂൺ 20 മൂന്നാം വെള്ളി | - | ജാഗരണ പ്രാർത്ഥന |
| ജൂൺ 28 നാലാം ശനി | - | സൗഖ്യദിനം |

**ഫാ. അഗസ്റ്റിൻ താന്നിയിൽ**
ഡയറക്ടർ സീയോൻ സി.ആർ.സി.

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

കർത്താവിൽ സ്നേഹമുള്ള വിൻസെൻഷ്യൻ സഹോദരി, സഹോദര ങ്ങളേ,

"കർത്താവ് കൃപാലുവും, കരുണാമയനും, ക്ഷമാശീലനും, സ്നേഹസമ്പന്നനുമാണ്, കർത്താവ് എല്ലാവർക്കും നല്ലവനാണ്, തന്റെ സർവ്വ സൃഷ്ടികളുടെയുംമേൽ അവിടുന്ന് കരുണ ചൊരിയുന്നു."

ജൂൺമാസം ഈശോയുടെ തിരുഹൃദയ ഭക്തിയുടെയും അതു പോലെതന്നെ പരിശുദ്ധ കുർബാനയുടെ തിരുനാൾ ആഘോഷത്തി ന്റെയും മാസമാണല്ലോ. വിൻസെൻഷ്യൻ പ്രവർത്തനങ്ങളിൽ വ്യാപൃ തരാകുന്ന നമുക്കെല്ലാവർക്കും പരിശുദ്ധ അമ്മയോടും നമ്മുടെ സംഘ ടനയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. വിൻസെന്റ് ഡി പോളിനോടും സംഘടനയുടെ സ്ഥാപകനായ വാഴ്ത്തപ്പെട്ട ഫ്രെഡറിക് ഓസ്സാമി നോടും ചേർന്ന് തിരുഹൃദയ അനുഗ്രഹങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കാം. കാലവർഷാരംഭത്തിന്റെ പ്രവേശന കവാടത്തിലിരിക്കുന്ന ജൂൺ മാസം പുതിയ അദ്ധ്യയന വർഷാരംഭം കൂടിയാണല്ലോ. അവരവരുടെ ഇടവ കയിലെ അർഹരായ വിദ്യാർത്ഥികളെ തിരഞ്ഞെടുത്ത് ആത്മീയോപ ദേഷ്ടാക്കളുടെ പൂർണ്ണ സഹകരണത്തോടെ പഠനോപകരണങ്ങൾ, യൂണിഫോം, കുട മുതലായവ വാങ്ങി സമ്മാനിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ദത്തുകുടുംബ സന്ദർശനം, രോഗീസന്ദർശനം മുതലായ വയും ക്രമീകരിക്കുന്നതിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**സിസി വാർഷികം**

മാനന്തവാടി സെൻട്രൽ കൗൺസിലിന്റെ 36-ാമത് വാർഷികവും സിസിയുടെ മഹത് പ്രോജക്ടായ ഓസ്സാനാംഭവൻ വിപുലീകരണ ത്തിന്റെ ഭാഗമായി പണിത പുതിയ ബ്ലോക്ക് വെഞ്ചരിപ്പും ഉദ്ഘാടനവും 2014 ഏപ്രിൽ 28-ാം തീയതി വളരെ വിപുലമായ രീതിയിൽ നടന്നു.

ഓസ്സാനാം ഭവന്റെ പുതിയ ബ്ലോക്കിന്റെ ശിലാച്ഛാദനം മാനന്ത വാടി രൂപതയുടെ ഇടയൻ അഭിവന്ദ്യ പിതാവ് മാർ ജോസ് പൊരുന്നേടം

നിർവ്വഹിച്ചു. നടവയൽ ഫൊറോന വികാരി റവ. ഫാ. വർഗ്ഗീസ് മുളകുടിയാങ്കൽ പുതിയ ബ്ലോക്ക് ഉദ്ഘാടനം ചെയ്തു. തുടർന്ന് അഭിവന്ദ്യ പിതാവ് ആഘോഷമായ ദിവ്യബലി അർപ്പിക്കുകയും പുതിയ ബ്ലോക്ക് വെഞ്ചരിക്കുകയും ചെയ്തു. ദിവ്യബലിക്ക് ശേഷം പൊതുസമ്മേളനത്തിൽ നാഷണൽ പ്രൊജക്ട് ഓഫീസർ ബ്രദർ ജോണി പാറ്റാനി സ്വാഗതം ആശംസിച്ചു. ബ്രദർ തോമസ് മാങ്ങൻ അദ്ധ്യക്ഷത വഹിച്ചു. ഉദ്ഘാടന സന്ദേശത്തിൽ മാനന്തവാടി രൂപത അദ്ധ്യക്ഷൻ അഭിവന്ദ്യ പിതാവ് മാർ ജോസ് പൊരുന്നേടം, വിൻസെൻഷ്യൻ പ്രവർത്തനങ്ങളെ പ്രത്യേകിച്ച് ഓസ്സാനാംഭവന്റെ പുതിയ ബ്ലോക്ക് തറക്കല്ലിട്ട് ഒരു വർഷം തികയുന്നതിന് മുമ്പുതന്നെ ഉദ്ഘാടനവും വെഞ്ചരിപ്പും നടത്താൻ കഴിഞ്ഞതിന് പിന്നിലെ പ്രവർത്തനങ്ങളെ വിലയിരുത്തി അഭിനന്ദിക്കുകയുണ്ടായി.

ശാരീരികാസ്വസ്ഥത കാരണം നാഷണൽ പ്രസിഡണ്ട് യോഗത്തിൽ പങ്കെടുത്തില്ല.

നടവയൽ ഫൊറോന വികാരി റവ. ഫാ. വർഗ്ഗീസ് മുളകുടിയാങ്കൽ, വയനാട് ജില്ല ഓർഫണേജ് കൺട്രോൾ ബോർഡ് പ്രസിഡണ്ട് റവ. ഫാ. ബിജോ കറുകപ്പള്ളി, KRCC കോ-ഓഡിനേറ്റർ ബ്രദർ ഇ. എം. ഗീവർഗ്ഗീസ്, ജില്ലാ പഞ്ചായത്ത് മെമ്പർ ശ്രീമതി ദേവകി, പനമരം ബ്ലോക്ക് ഡിവിഷൻ മെമ്പർ ശ്രീമതി റാണി വർക്കി, വാർഡ് മെമ്പർ & സ്റ്റാന്റിംഗ് കമ്മറ്റി ചെയർ പേഴ്സൺ ശ്രീമതി അന്നക്കുട്ടി ജോസ്, ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് ശ്രീ. കെ. കെ. വിശ്വനാഥൻ മാസ്റ്റർ എന്നിവർ സന്നിഹിതരാവുകയും ആശംസകൾ നേരുകയും ചെയ്തു. യോഗത്തിൽ മുൻ ഏസി പ്രസിഡണ്ടുമാരെ മെമന്റോ നൽകി ആദരിച്ചു. ബ്രദർ ജോർജ്ജ് ആക്കാന്തിരി നന്ദി അർപ്പിച്ചു.

യോഗത്തിൽ പങ്കെടുത്ത് ഏറ്റവും വിജയപ്രദമാക്കിയ സിസി ഭാരവാഹികൾ, ഏസി ഭാരവാഹികൾ, കോൺഫ്രൻസ് ഭാരവാഹികൾ, അംഗങ്ങൾ, വൈദികർ, സന്യാസിനികൾ, മറ്റ് അത്മായപ്രവർത്തകർ, ശുശ്രൂഷകർ എല്ലാവരേയും നന്ദിയോടെ ഓർക്കുന്നു. എല്ലാ ക്രമീകരണങ്ങളും ഏറ്റെടുത്ത് ഭംഗിയായി നടത്തിയ നടവയൽ ഏസി ഭാരവാഹികളെയും പ്രവർത്തകരേയും പ്രത്യേകം നന്ദി അറിയിക്കുന്നു.

**സിസി മീറ്റിംഗ്**

16-5-2014 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് ബ്രദർ തോമസ് മാങ്ങന്റെ അദ്ധ്യക്ഷതയിൽ സിസി യോഗം ചേർന്നു.

**യോഗ തീരുമാനങ്ങൾ**

1. വാർഷിക റിപ്പോർട്ടുകൾ കുറ്റമറ്റതാകേണ്ടതിന് ഓരോ കോൺഫ്രൻസിന്റെയും റിപ്പോർട്ടുകൾ അതത് വർഷം മാർച്ച് 15 ന് ഏ സി പ്രസിഡണ്ട് മുഖേന സിസി യിൽ എത്തിക്കണം.
2. കോൺഫ്രൻസിന്റെ പ്രവർത്തനങ്ങളും മറ്റ് കാര്യങ്ങളും ബുള്ളറ്റിനിൽ നൽകുന്നതിനും വാർത്തകൾ പരസ്യം ചെയ്യുന്നതിനും വേണ്ട ക്രമീകരണങ്ങൾ ചെയ്യാൻ ബ്രദർ അഗസ്റ്റിൻ കൊടിയംകുന്നേൽ, ബ്രദർ ജോൺ കണ്ണാട്ടുപറമ്പിൽ, ബ്രദർ മത്തായി പുളിയനാട്ട് എന്നിവരെ ചുമതലപ്പെടുത്തി.
3. 2013-14, 2014-15 സാമ്പത്തിക വർഷത്തെ കണക്കുകൾ ഇന്റേണൽ ഓഡിറ്റിംഗ് നടത്തുവാൻ ബ്രദർ ജോസ്കുട്ടി, ബ്രദർ ജിൽസ് എം മേക്കൽ എന്നിവരെ ചുമതലപ്പെടുത്തി.
4. ഓസ്സാനാംഭവന്റെ പുതിയ ബ്ലോക്ക് നിർമ്മാണവുമായി ബന്ധപ്പെട്ട് എല്ലാ രസീത് ബുക്കുകളും പതിനായിരം രൂപയിൽ കൂടുതൽ സംഭാവന നൽകിയവരുടെ ലിസ്റ്റും ഏസി പ്രസിഡണ്ട്മാർ 2014 മെയ് 31-ാം തീയതിക്കു മുമ്പ് സിസി യിൽ ലഭ്യമാക്കുന്നതിന് തീരുമാനമായി.
5. ഓസ്സാനാം ഭവന്റെ പുതിയ ബ്ലോക്ക് നിർമ്മാണത്തിന്റെ അളവുകൾ പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ബ്രദർ ജോസ് വട്ടുകുളത്തിനെ ചുമതലപ്പെടുത്തി.
6. രൂപതയിലെ കോൺഫ്രൻസുകൾ 2014 ജൂൺ 15 മുതൽ ആഗസ്റ്റ് വരെയുള്ള കാലയളവിൽ സന്ദർശനം നടത്താൻ തീരുമാനിച്ചു.
7. സിസി ഭാരവാഹികൾക്കായി ഒരു തീർത്ഥാടന യാത്ര ക്രമീകരിക്കാൻ തീരുമാനിച്ചു.
8. എല്ലാ വിൻസെൻഷ്യൻ അംഗങ്ങൾക്കും വേണ്ടി ഒരു ഏകദിന ധ്യാനമെങ്കിലും നടത്തുന്നതിന് വേണ്ട ക്രമീകരണങ്ങൾ ചെയ്യുവാൻ ഏ സി പ്രസിഡണ്ടുമാരെ ചുമതലപ്പെടുത്തി.
9. ഓസ്സാനാം ഭവന്റെ ജനറൽ ബോഡി യോഗം 2014 ജൂൺ 7-ാം തീയതി ചേരാൻ തീരുമാനിച്ചു.
10. ഓസ്സാനാം ഭവന്റെ അസിസ്റ്റന്റ് മാനേജരായി ബ്രദർ ജോർജ്ജ് ആക്കാന്തിരിയെ ചുമതലപ്പെടുത്തി.
11. ഓസ്സാനാംഭവന്റെ കെട്ടിട നിർമ്മാണത്തിന് കുറവു വന്നിരിക്കുന്ന തുക കണ്ടെത്തുന്നതിന് ഏസി പ്രസിഡണ്ടുമാരെ ചുമതലപ്പെടുത്തി.

യോഗത്തിൽ കഴിഞ്ഞ മൂന്നുവർഷ കാലയളവിൽ മാനന്തവാടി സെൻട്രൽ കൗൺസിലിന്റെ ആത്മീയോപദേഷ്ടാവായി സേവനമനുഷ്ഠിച്ച ബഹു. ജോർജ്ജ് മേമനയച്ചന് സമുചിതമായ യാത്രയയപ്പ് നൽകി. സിസി പ്രസിഡണ്ട് ബ്രദർ തോമസ് മാങ്ങൻ സ്വാഗതം ആശംസിച്ചുകൊണ്ട് സിസി യുടെ ഓർമ്മക്കായി മനോഹരമായ മെമന്റോ നൽകി ആദരിച്ചു. ബ്രദർ അഗസ്റ്റിൻ കൊടിയംകുന്നേൽ, ബ്രദർ ഫിലിപ്പ് വട്ടക്കാമുകളേൽ, ബ്രദർ കുര്യാക്കോസ് പാറേക്കാട്ടിൽ, ബ്രദർ വിൻസെന്റ് ജോൺ, ബ്രദർ ജോർജ്ജ് പറമ്പിൽ, ബ്രദർ ജോർജ്ജ് ആക്കാന്തിരി, ബ്രദർ ജോൺ കണ്ണാട്ടുപറമ്പിൽ എന്നിവർ ആശംസകൾ നൽകി. ബഹു. ജോർജ്ജ് മേമന അച്ചൻ തന്റെ മറുപടി പ്രസംഗത്തിൽ ഇപ്രകാരം ബോധിപ്പിച്ചു. ദൈവത്തിൽ നിന്ന് ഒത്തിരി കൃപ ലഭിച്ചു. വിൻസെൻഷ്യൻ പ്രവർത്തനത്തിൽ പങ്കെടുക്കാൻ അവസരം ലഭിച്ചു. നിങ്ങളുടെ വളർച്ചയിൽ ഞാൻ അഭിമാനം കൊള്ളുന്നു. എല്ലാവർക്കും വലിയ നന്മകൾ നേരുന്നു. എല്ലാവർക്കും വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു.

**കോൺഫ്രൻസുകൾക്കുള്ള നിർദ്ദേശങ്ങൾ**

1. മാനന്തവാടി രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ പിതാവ് മാർ ജോസ് പൊരുന്നേടം, ഇടവക വികാരിമാർക്കെഴുതിയ കത്തുകൾ പ്രകാരം ഒരു ഞായറാഴ്ചത്തെ കളക്ഷൻ എടുത്ത് ഓസ്സാനാം ഭവനിൽ നൽകിയിട്ടില്ലാത്ത എല്ലാ പള്ളികളിൽ നിന്നും കളക്ഷൻ എത്രയും പെട്ടെന്ന് എടുക്കുവാനുള്ള ക്രമീകരണം ബഹു. ഇടവക വികാരി അച്ചനുമായി സംസാരിച്ച് നടപ്പിലാക്കാൻ ശ്രദ്ധിക്കുമല്ലോ.
2. ഓസ്സാനാംഭവന്റെ പുതിയ ബ്ലോക്ക് നിർമ്മാണത്തിന് ഫണ്ട് ശേഖരിച്ചത് തികയാതെ വന്നിരിക്കുന്നു. ഈ സാഹചര്യത്തിൽ എല്ലാ കോൺഫ്രൻസ് പ്രസിഡണ്ടുമാരും ഒരിക്കൽക്കൂടി പരിശ്രമിക്കുമല്ലോ.

**ആത്മീയോപദേഷ്ടാക്കൾക്ക് യാത്രയയപ്പ്**

1. വാഴവറ്റ ഏസി യുടെ ആത്മീയോപദേഷ്ടാവ് റവ. ഫാ. സെബാസ്റ്റ്യൻ ഉണ്ണിപ്പള്ളിക്ക് ഏസി ഭാരവാഹികളുടെ സാന്നിദ്ധ്യത്തിൽ കോൺഫ്രൻസ് അംഗങ്ങളും ചേർന്ന് 2014 മെയ് 6–ാം തീയതി വളരെ ഊഷ്മളമായ യാത്രയയപ്പ് നൽകി.
2. കുറുമ്പാല ഏസി യുടെ ആത്മീയോപദേഷ്ടാവ് ബഹു. ജെയ്സൺ കുഴികണ്ടത്തിൽ അച്ചന് ഏസി ഭാരവാഹികളുടെ സാന്നിദ്ധ്യത്തിൽ കോൺഫ്രൻസ് അംഗങ്ങളും ചേർന്ന് യാത്രയയപ്പ് നൽകി.

**നിയമനം**

നടവയൽ ഫൊറോനാ വികാരിയായ ബഹു. വർഗ്ഗീസ് മുളകുടിയാങ്കൽ അച്ചനെ മാനന്തവാടി സെൻട്രൽ കൗൺസിലിന്റെ പുതിയ ആത്മീയോപദേഷ്ടാവായി നിയമിതനായിരിക്കുന്ന വിവരം സസന്തോഷം അറിയിക്കുന്നു.

**വിഹിതങ്ങൾ**

മുമ്പ് സൂചിപ്പിച്ചതുപോലെ വിഹിതങ്ങൾ എത്രയും പെട്ടെന്ന് സിസി യിൽ എത്തിക്കണമെന്ന് ഒരിക്കൽകൂടി ഓർമ്മിപ്പിക്കുന്നു.

**ഓസ്സാനാംഭവൻ സന്ദർശനം**

**തോണിച്ചാൽ ഏസി**

| | | |
|---|---|---|
| 17-6-2014 | ലിറ്റിൽ ഫ്ളവർ | ചെറുകാട്ടൂർ |
| 19-6-2014 | സെന്റ് അൽഫോൻസ | ദ്വാരക |
| 21-6-2014 | സെന്റ് ആന്റണി | ദ്വാരക |
| 23-6-2014 | സെന്റ് ജൂഡ് | തോണിച്ചാൽ |
| 25-6-2014 | സെന്റ് മേരീസ് | തോണിച്ചാൽ |

**വാഴവറ്റ ഏസി**

| | | |
|---|---|---|
| 27-6-2014 | സെന്റ് ജോസഫ് | ബാലേശുഗിരി |
| 29-6-2014 | സെന്റ് ഫ്രാൻസീസ് അസ്സീസി | മീനങ്ങാടി |
| 01-7-2014 | അമലോത്ഭവ മാതാ | വാഴവറ്റ |
| 03-7-2014 | സെന്റ് ഡൊമിനിക് സാവ്യോ | വാഴവറ്റ |
| 05-7-2014 | സെന്റ് ജോർജ്ജ് | കൊളവയൽ |
| 07-7-2014 | സെന്റ് ജോസഫ് | തെനേരി |
| 09-7-2014 | സെന്റ് മേരീസ് | തെനേരി |
| 11-7-2014 | സെന്റ് സെബാസ്റ്റ്യൻ | വാഴവറ്റ |

**ബത്തേരി ഏസി**

| | | |
|---|---|---|
| 13-7-2014 | സെന്റ് ജൂഡ് | മൂലങ്കാവ് |
| 15-7-2014 | സെന്റ് മേരീസ് | ബത്തേരി |

ഒരിക്കൽക്കൂടി എല്ലാ വിൻസെൻഷ്യൻ പ്രവർത്തകർക്കും കുടുംബാംഗങ്ങൾക്കും ആശംസകൾ അർപ്പിച്ച് പ്രാർത്ഥനയോടെ,

**ബ്രദർ എം. സി. തോമസ് മാങ്ങൻ**
സി.സി. പ്രസിഡണ്ട്

# സാമൂഹ്യ സേവനരംഗം (WSSS)

**ജൈവസാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

ജൈവസാക്ഷ്യപത്ര പദ്ധതിയുടെ ഭാഗമായി ജൈവകർഷകർക്കു വേണ്ടി വെള്ളായണി കാർഷിക സർവ്വകലാശാല വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ചെറുകാട്ടൂർ വില്ലേജിൽ വെച്ച് സെമിനാർ നടത്തുവാൻ കഴിഞ്ഞു. കർഷകരിൽ നിന്നും കാപ്പി, കുരുമുളക്, ഇഞ്ചി, മഞ്ഞൾ തുടങ്ങിയ ഉത്പന്നങ്ങൾ ശേഖരിച്ച് കയറ്റുമതി ചെയ്യുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തി. സർട്ടിഫിക്കേഷന്റെ ഭാഗമായുള്ള Internal inspection ആരംഭിച്ചു. ഈ മാസം പുതിയതായി 123 കർഷകർ പദ്ധതിയിൽ പേര് രജിസ്റ്റർ ചെയ്തു.

**നബാർഡ് സമഗ്ര ആദിവാസി വികസന പദ്ധതി**

**നീർത്തട വികസന പദ്ധതികളുടെ നിർവ്വഹണം പൂർത്തിയായി**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ തൊണ്ടർനാടിലെ അയനിവയൽ, മട്ടിലയം, നെല്ലേരി, പൊർളോം നീർത്തട പ്രദേശങ്ങളിൽ കഴിഞ്ഞ 4 വർഷങ്ങളിലായി നടന്നുവന്നിരുന്ന നീർത്തട വികസന പദ്ധതികളുടെ നിർവ്വഹണം പൂർത്തിയായി. കഴിഞ്ഞ 4 വർഷംകൊണ്ട് 3.57 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് നീർത്തട പ്രദേശത്ത് നടപ്പിലാക്കിയത്. പ്രധാനമായും ജല-മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ, വരുമാന വർദ്ധക പരിപാടികൾ, കൃഷി മെച്ചപ്പെടുത്തൽ പദ്ധതികൾ, ബോധവൽക്കരണ-ശാക്തീകരണ പ്രവർത്തനങ്ങൾ, പഠനയാത്രകൾ തുടങ്ങിയവയാണ് വികസന പദ്ധതികളായി നടപ്പിലാക്കിയത്. കേരളത്തിൽ തന്നെ ഏറ്റവും വേഗത്തിൽ ഏറ്റവും നല്ല രീതിയിൽ നീർത്തട വികസന പദ്ധതികൾ പൂർത്തിയാക്കുവാൻ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിക്ക് സാധിച്ചു.

**മോണിറ്ററിംഗ് വിസിറ്റ് നടത്തി**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി തൊണ്ടർനാട് ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയ വിവിധ നീർത്തട വികസന പദ്ധതികൾ വിലയിരുത്തുന്നതിന് നബാർഡ് RSO പ്രതിനിധികൾ മോണിറ്ററിംഗ് വിസിറ്റ് നടത്തി. 3 ദിവസങ്ങളിലായി നടന്ന മോണിറ്ററിംഗ് വിസിറ്റിൽ പ്രധാനമായും രേഖകൾ പരിശോധിക്കുകയും, ഫീൽഡ് സന്ദർശനം നടത്തുകയും, ജനങ്ങളുമായും വില്ലേജ് നീർത്തട കമ്മറ്റി അംഗങ്ങളുമായും ചർച്ച നടത്തുകയും ചെയ്തു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി മാതൃകാ പരമായി നീർത്തട വികസന പദ്ധതി പൂർത്തീകരിച്ചു എന്ന് ടീം അഭിപ്രായപ്പെടുകയുണ്ടായി. നബാർഡ് RSO പ്രതിനിധികളായ ശ്രീ. ധനേഷ്, ശ്രീ. പവിത്രൻ മാവിലായി, ശ്രീമതി ബുഷറ എന്നിവർ നേതൃത്വം നൽകി.

**കക്കൂസ് നിർമ്മാണം പൂർത്തീകരിച്ചു**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ തവിഞ്ഞാൽ ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിവരുന്ന സമഗ്ര ആദിവാസി വികസന പദ്ധതിയുടെ ഭാഗമായി 50 കക്കൂസുകൾ നിർമ്മിച്ചു. ഓരോ കക്കൂസിനും 10000 രൂപ വിതരണം ചെയ്തു.

**റിവോളിങ് ഫണ്ട്**

നബാർഡ് സമഗ്ര ആദിവാസി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 50 സ്വാശ്രയ സംഘങ്ങൾക്ക് 10000 രൂപ വീതം റിവോളിങ് ഫണ്ട് അനുവദിച്ചു. ഈ തുക ഉപയോഗിച്ച് സംഘാംഗങ്ങൾ കൂട്ടു കൃഷി, ഗ്രൂപ്പ് സംരംഭങ്ങൾ എന്നിവ ആരംഭിച്ചു.

**വില്ലേജ് പ്ലാനിംഗ് കമ്മിറ്റി**

നബാർഡ് സമഗ്ര ആദിവാസി വികസന പദ്ധതിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി 08-05-14 ന് ബോയ്സ് ടൗണിൽ വെച്ച് വില്ലേജ് പ്ലാനിംഗ് കമ്മറ്റി യോഗം ചേർന്നു. അടുത്ത മൂന്നുമാസം നടപ്പിലാക്കേണ്ട വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തു. WSSS ജനറൽ കോ-ഓഡിനേറ്റർ ജോസ് പി. എ, VPC പ്രസിഡണ്ട് സുരേഷ് പാലോട്ട്, വൈസ് പ്രസിഡണ്ട് വെള്ളൻ സെക്രട്ടറി ബാബു എടമുണ്ട എന്നിവർ നേതൃത്വം നൽകി.

**സെമിനാറിൽ പങ്കെടുത്തു**

ഇന്റർനാഷണൽ ഫെഡറേഷൻ ഓഫ് ഓർഗാനിക് അഗ്രികൾച്ചർ മൂവ്മെന്റ് (IFOAM) ശ്രീലങ്കയിൽ വെച്ച് നടത്തിയ ജൈവകൃഷി

സെമിനാറിൽ WSSS ജനറൽ കോ-ഓഡിനേറ്റർ ശ്രീ. ജോസ് പി. എ. പങ്കെടുത്തു.

**സോഷ്യൽ വെൽഫയർ സൊസൈറ്റി (SWS)**

സോഷ്യൽ വെൽഫയർ സൊസൈറ്റിയുടെ ഭാഗമായി 14-4-2014 ന് WSSS ഓഡിറ്റോറിയത്തിൽ വെച്ച് SWS സെക്രട്ടറിമാരുടെ മീറ്റിംഗ് നടത്തി. നേതൃത്വനിരയിലേക്ക് പുതിയതായി കടന്നുവന്നവർക്കുവേണ്ടി പരിശീലനപരിപാടി MSW Students ന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു. ജനറൽ SWS കോ-ഓഡിനേറ്റർ കെ. ഒ. ജോയി സ്വാഗതം പറഞ്ഞ മീറ്റിംഗിൽ WSSS, SWS ലൂടെ നടപ്പിലാക്കുന്ന പ്രധാന പ്രവർത്തനങ്ങളെക്കുറിച്ചും പ്രൊജക്ടുകളെക്കുറിച്ചും വിശദീകരിച്ചു. 22-04-14 ന് WSSS ഓഡിറ്റോറിയത്തിൽ വെച്ച് CDO മാർക്ക് വേണ്ടി യോഗം നടത്തുകയും നബാർഡിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന വനിതാ സ്വാശ്രയ സംഘങ്ങളെക്കുറിച്ചും അവയുടെ വരുംകാല പ്രവർത്തനങ്ങളെക്കുറിച്ചും SWS കോ-ഓഡിനേറ്റർ കെ. ഒ. ജോയി ക്ലാസുകൾ നടത്തുകയും ചെയ്തു.

അമ്പായത്തോട് SWS ന്റെ 25-ാം വാർഷികവും തവിഞ്ഞാൽ SWS ന്റെ 10-ാം വാർഷികവും വിപുലമായ രീതിയിൽ ആഘോഷിച്ചു. WSSS ന്റെ പ്രതിനിധികളും SWS യൂണിറ്റ് ഭാരവാഹികളും വാർഷികങ്ങൾക്ക് നേതൃത്വം നൽകി.

**WSSS ഓർഗാനിക് ഫാർമേഴ്സ് ഫെയർ ട്രേഡ് അസോസിയേഷൻ (വോഫ)**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ജൈവ-ഫെയർട്രേഡ് കർഷക സംഘടനയായ WSSS ഓർഗാനിക് ഫാർമേഴ്സ് ഫെയർ ട്രേഡ് അസോസിയേഷൻ (വോഫ) ഏപ്രിൽ മാസം സംഘടനയിലെ കർഷകരിൽ നിന്ന് 63000 കിലോ കാപ്പി സംഭരിച്ചു. പൊതുവിപണിയെ അപേക്ഷിച്ച് മൂന്നു രൂപ മുതൽ നാല് രൂപ വരെ കർഷകരുടെ ഉത്പന്നങ്ങൾക്ക് അധികവിലയായി നൽകി. ഓരോ മേഖലയിലും അധിക വില കർഷകർക്ക് നൽകിയതിന്റെ വിശദാംശങ്ങൾ:-

| | | |
|---|---|---|
| പുൽപ്പള്ളി | - | 49266.50 രൂപ |
| മാനന്തവാടി | - | 128514.80 |
| ബത്തേരി | - | 241042.50 |
| കൽപ്പറ്റ | - | 7180.00 |
| ആകെ വിതരണം ചെയ്തത് | - | 426004 രൂപ |

വോഫയിലെ കർഷക ഗ്രൂപ്പുകൾക്ക് വാരണാസി കംമ്പോസ്റ്റ് നിർമ്മിക്കുന്നതിനായി സംഘങ്ങൾക്ക് 20000 രൂപ ഗ്രാന്റ് നൽകുമെന്ന മുൻ തീരുമാന പ്രകാരം അപേക്ഷകൾ ലഭിച്ച ദീപം കർഷക സംഘം കൂളിവയൽ, സൗഹാർദ്ദ ഫാം ക്ലബ് പുതുശ്ശേരി, മൈത്രി ജൈവ കർഷക സംഘം ദ്വാരക എന്നീ സംഘങ്ങൾക്ക് 20, 000 രൂപ വീതം ഗ്രാന്റ് നൽകി.

വോഫയിലെ കർഷകരുടെ ആവശ്യപ്രകാരം 66000 kg ഡോളോമെറ്റ് വിതരണം ചെയ്തു. വോഫയിലെ കർഷകരുടെ സജീവമായ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും കർഷക സംഘങ്ങൾ കൂടുതൽ സജീവമാകുന്നതിനുമായി ഗ്രൂപ്പുതലങ്ങളിൽ മീറ്റിംഗുകൾ ചേരുന്നതിനും, ഫെയർ ട്രേഡിലൂടെ കൂടുതലായി ഉത്പന്നങ്ങൾ സംഭരിക്കുന്നതിനും ഏപ്രിൽ മാസം സാധിച്ചു.

**ബയോ-ഗ്യാസ് വികസന പദ്ധതി**

ബയോഗ്യാസ് വികസന പദ്ധതിയുടെ ഭാഗമായി പ്രശാന്തഗിരി, ചെറുകാട്ടൂർ, മഞ്ഞൂറ, മലങ്കര, ശശിമല, ആനപ്പാറ, പയ്യമ്പള്ളി, ഒഴുക്കൻമൂല, അമലനഗർ തുടങ്ങിയ സ്ഥലങ്ങളിൽ 8 പ്ലാന്റുകൾ കമ്മീഷൻ ചെയ്യുകയും 6 ബയോഗ്യാസ് പ്ലാന്റുകൾ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തു. രണ്ട് സ്ഥലങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ തുടരുന്നു. SDA, NSEDA പദ്ധതി പ്രകാരം ബയോഗ്യാസ് പ്ലാന്റുകൾക്ക് അധിക ധനസഹായം ലഭിക്കുന്നതിനുള്ള 750 അപേക്ഷകൾ സ്വീകരിച്ചു. തുടർന്നും അപേക്ഷകൾ സ്വീകരിച്ചു വരുന്നു. 2009-2010 സാമ്പത്തിക വർഷം മുതൽ നിർമ്മിച്ച പ്ലാന്റുകൾക്കാണ് ഈ പദ്ധതിയിലൂടെ ധനസഹായം ലഭിക്കുന്നത്.

**സേവ് എ ഫാമിലി പ്രോഗ്രാം**

സേവ് എ ഫാമിലി പ്രോഗ്രാമിന്റെ ഭാഗമായി മൂന്ന് റീജിയണിലെയും ആനിമേറ്റേഴ്സ് 2014-15 വർഷം നടപ്പിലാക്കേണ്ട വരുമാന വർദ്ധക പരിപാടികളുടെ പ്ലാനിംഗ് രൂപതയിലെ 272 കുടുംബങ്ങളിൽ നിന്നും ശേഖരിച്ചു. മുൻകൂട്ടി നിശ്ചയിച്ചിരുന്നതനുസരിച്ച് 15 കുടുംബങ്ങൾക്ക് വരുമാന വർദ്ധക പരുപാടികൾ തുടങ്ങുന്നതിനായി തുക വിതരണം ചെയ്യുകയും തുടർന്ന് ആ കുടുംബങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. സേവ് എ ഫാമിലി പ്രോഗ്രാം നല്ല രീതിയിൽ ഉപയോഗിച്ച് ജീവിതവിജയം കൈവരിച്ച 15 കുടുംബങ്ങളുടെ റിപ്പോർട്ട് സേവ് എ ഫാമിലി പ്രോഗ്രാമിന്റെ ഇന്ത്യൻ ഓഫീസിലേക്ക്

അയച്ചുകൊടുത്തു. 2014-15 ലേക്ക് പുതിയതായി 50 കുടുംബങ്ങളെയും കൂടി തെരഞ്ഞെടുക്കുവാനുള്ള നിർദ്ദേശം SAFP യുടെ ഇന്ത്യൻ ഓഫീസിൽ നിന്നും ലഭിച്ചു. ഈസ്റ്ററിനോടനുബന്ധിച്ചുള്ള ഉപകാരിക്ക് അയയ്ക്കുന്ന കത്തുകൾ SAFP യുടെ 272 കുടുംബങ്ങളിൽ നിന്നും ശേഖരിച്ച് അത് കാനഡയിലെ ഓരോ ഉപകാരി കുടുംബത്തിനും അയച്ചു.

**അറിയിപ്പ്**

കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസിയിലൂടെ സൗജന്യമായി കശുമാവിൻ തൈകൾ ലഭിക്കുന്നതിലേക്ക് അപേക്ഷകൾ സ്വീകരിക്കാൻ ആരംഭിച്ചിരിക്കുന്നു. കശുമാവിൻ തൈകൾ ആവശ്യമുള്ളവർ ജൂൺ 10 ന് മുൻപായി അപേക്ഷാ ഫോറം പൂരിപ്പിച്ചു WSSS ന്റെ ഓഫീസിൽ എത്തിക്കുക. അപേക്ഷാ ഫോറങ്ങൾ കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസിയുടെ Site ലോ WSSS ഓഫീസിലോ ലഭിക്കും.

**ജലനിധി**

എടവക ഗ്രാമപഞ്ചായത്തിൽ ജലനിധിയുടെ പ്രവർത്തനം പുരോഗമിക്കുന്നു. പഞ്ചായത്തിൽ 8 പുനരുദ്ധാരണ പദ്ധതികളും ഒരു ചെറിയ പദ്ധതിയും 5 വലിയ പദ്ധതികളുമാണ് നടപ്പിലാക്കുന്നത്. ഇതിൽ എല്ലാ പുനരുദ്ധാരണ പദ്ധതികളുടെയും കിണർ, പമ്പ്ഹൗസ്, ടാങ്ക്, പൈപ്പ്, വാട്ടർമീറ്റർ, സ്റ്റാന്റ് പോസ്റ്റ് എന്നിവയുടെ ക്വട്ടേഷൻ വിളിക്കുകയും ചെയ്തു. പുനരുദ്ധാരണ പദ്ധതിയായ പൂളച്ചാൽ ശുദ്ധജലവിതരണ പദ്ധതിയുടെ കിണറിന്റെപണി പൂർത്തിയാവുകയും ചെയ്തു. മൂന്ന് വലിയ പദ്ധതികളുടെ എൻജിനീയറിംഗ് സർവ്വെ പൂർത്തിയാവുകയും ചെയ്തു. ഭൂഗർഭജല പരിപോഷണവുമായി ബന്ധപ്പെട്ട് പഞ്ചായത്തിലെ ഉപയോഗ ശൂന്യമായി കിടക്കുന്ന കിണറുകൾ കണ്ടെത്തി Point recharge ചെയ്യുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. 15 ഗുണഭോക്തൃസംഘങ്ങളിലെ ഓഡിറ്റ് പൂർത്തിയാക്കുകയും ചെയ്തു. 'ഗുണഭോക്തൃസംഘങ്ങൾക്കായിട്ടുള്ള നിർമ്മാണവും ഗുണനിലവാരം ഉറപ്പുവരുത്തലും' എന്ന പരിശീലനവും പൂർത്തിയാക്കി.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**
WSSS ഡയറക്ടർ

# കേരള ലേബർ മൂവ്മെന്റ് (KLM)

**ആമുഖം**

"അദ്ധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരും എന്റെ അടുക്കൽ വരട്ടെ, ഞാൻ അവരെ ആശ്വസിപ്പിക്കാം." എന്ന യേശുനാഥന്റെ തിരുവചനത്തെ മുറുകെ പിടിച്ചുകൊണ്ട് കേരളാ ലേബർ മൂവ്മെന്റ് മാനന്തവാടി ഘടകത്തിന്റെ പ്രവർത്തനങ്ങൾ എല്ലാം വളരെ ഭംഗിയായി പോകുന്നു.

**ക്ഷേമനിധി**

കേരള ലേബർ മൂവ്മെന്റ് മുഖേന വിവിധ ക്ഷേമനിധികളിൽ അംഗത്വമെടുത്തിട്ടുള്ള തൊഴിലാളികൾ അതാത് ക്ഷേമനിധികൾ യഥാസമയം പുതുക്കുവാൻ ശ്രദ്ധിക്കുമല്ലോ. വിശദവിവരങ്ങൾക്ക് WSSS ഓഫീസുമായി ബന്ധപ്പെടുക.

**സ്കോളർഷിപ്പ് വിതരണവും കരിയർ ഗൈഡൻസ് ക്ലാസ്സും**

കേരളാ ലേബർ മൂവ്മെന്റ് മാനന്തവാടി ഘടകത്തിന്റെ ആഭിമുഖ്യത്തിൽ 10, +1, +2, Degree ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായി ഏപ്രിൽ മാസം 5-ാം തീയതി WSSS ന്റെ ഓഡിറ്റോറിയത്തിൽ വെച്ച് കരിയർ ഗൈഡൻസ് സെമിനാർ നടത്തി. 150 ഓളം കുട്ടികൾ പങ്കെടുത്ത ക്ലാസിൽ വെച്ച് തന്നെ സുരക്ഷയിൽ അംഗമായിട്ടുള്ളവരുടെ മക്കൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പും നൽകി. ഇനിയും ഈ സ്കോളർഷിപ്പ് വാങ്ങാത്തവർ WSSS ഓഫീസുമായി ബന്ധപ്പെടുക.

**പ്രത്യേക അറിയിപ്പ്**

കേരളാ ലേബർ മൂവ്മെന്റിന്റെ ക്ഷേമനിധികളിലും സുരക്ഷ പോളിസിയിലും ഇനിയും ഒട്ടനേകം അസംഘടിത തൊഴിലാളികൾ അംഗമാകാൻ ഉണ്ട് എന്ന യാഥാർത്ഥ്യം എല്ലാ വികാരി അച്ചന്മാരെയും വ്യസന സമേതം അറിയിക്കുന്നു. ഓരോ ഇടവകയെയും കേന്ദ്രീകരിച്ചു മാത്രമേ ഈ ഒരു പ്രസ്ഥാനത്തെ അതിന്റെ ലക്ഷ്യത്തിലേക്ക് എത്തിക്കാനാവൂ. ആയതിനാൽ എല്ലാ വികാരിയച്ചന്മാരും പ്രത്യേകം മുൻകൈ എടുക്കുമല്ലോ. കൂടുതൽ വിവരങ്ങൾക്ക് താഴെ പറയുന്ന നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്. 04935 – 240314, 9447264935, 9567166214

**ഫാ. ബിജോ കറുകപ്പള്ളി**
KLM ഡയറക്ടർ

### മാനേജ്മെന്റ് കമ്മിറ്റി യോഗം

റേഡിയോ മാറ്റൊലിയുടെ മാനേജ്മെന്റ് കമ്മിറ്റി യോഗം മെയ് 9 വെള്ളിയാഴ്ച റേഡിയോ നിലയത്തിൽ വെച്ച് നടന്നു. മാറ്റൊലിയുടെ 5-ാം വാർഷികാഘോഷവും പ്രതിഭാ സംഗമവും മെയ് 31-ന് മാനന്തവാടിയിൽ വെച്ച് നടത്താൻ തീരുമാനിച്ചു.

### തിരഞ്ഞെടുപ്പ് ഫലം തത്സമയ പ്രക്ഷേപണം

ജനഹിതം 2014-16-ാമത് ലോകസഭാ തിരഞ്ഞെടുപ്പ് ഫലം റേഡിയോ മാറ്റൊലി തത്സമയം പ്രക്ഷേപണം ചെയ്തു. മെയ് 16-ാം തീയതി രാവിലെ 7.30 മുതൽ 1. 00 മണി വരെയായിരുന്നു തത്സമയ പ്രക്ഷേപണം. സ്റ്റേഷൻ ഡയറക്ടർ ഡോ. ഫാ. തോമസ് ജോസഫ് തേരകം, മാനേജ്മെന്റ് കമ്മിറ്റി അംഗങ്ങളായ ശ്രീ. ജോസ് സെബാസ്റ്റ്യൻ, ശ്രീമതി മോളി ജോസ് എന്നിവർ നേതൃത്വം നൽകി.

### റേഡിയോ മാറ്റൊലി ദേശീയ തലത്തിൽ ശ്രദ്ധിക്കപ്പെടുന്നു

'ഗ്രാമീണ ഉപജീവന മാർഗ്ഗവും വികസനോന്മുഖ മാധ്യമങ്ങളും' എന്ന വിഷയത്തെ ആസ്പദമാക്കി ദേശീയ ഗ്രാമവികസന മന്ത്രാലയം മെയ് ഒന്ന്, രണ്ട് തീയതികളിൽ ദില്ലിയിൽ സംഘടിപ്പിച്ച ചർച്ചാ സമ്മേളനത്തിൽ, റേഡിയോ മാറ്റൊലിയെ പ്രതിനിധീകരിച്ച് സ്റ്റേഷൻ ഡയറക്ടറുടെ നേതൃത്വത്തിൽ മൂന്നംഗ സംഘം പ്രത്യേക ക്ഷണിതാക്കളായി പങ്കെടുത്തു. ഇന്ത്യയിൽ പ്രവർത്തിക്കുന്ന 170 കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷനുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട അഞ്ച് നിലയങ്ങളിൽ ഒന്നായിരുന്നു റേഡിയോ മാറ്റൊലി. സ്ത്രീകൾക്കും പാർശ്വവത്ക്കരിക്കപ്പെട്ടവർക്കും സ്ഥിരമായ ഉപജീവനമാർഗ്ഗം ഉറപ്പുവരുത്തുന്നതിനായി, ആശയവിനിമയ മാധ്യമങ്ങളിലൂടെ എന്തെല്ലാം ചെയ്യാനാവും എന്നതായിരുന്നു സമ്മേളനത്തിന്റെ ചർച്ചാ വിഷയം. വനിതാ മാറ്റൊലി, ഞാറ്റുവേല, വയൽനാട് തുടങ്ങിയ പരിപാടികളിലൂടെ, റേഡിയോ മാറ്റൊലി ഈ രംഗത്ത് നല്കുന്ന സേവനങ്ങൾ ഏവരുടെയും ശ്രദ്ധ പിടിച്ചുപറ്റി. വർഷങ്ങളായി മാറ്റൊലിയിൽ സന്നദ്ധ സേവനം നടത്തുന്ന ശ്രീ. എം. പി. ജോസഫ് മാസ്റ്റർ, സി. പെറ്റിറ്റ് തെരേസ് എന്നിവർ ഈ രംഗത്തെ സേവനങ്ങൾ സമ്മേളനത്തിൽ അവതരിപ്പിച്ചു.

**ഫാ. ജോസ് കാവുങ്കൽ** - അസി. ഡയറക്ടർ

**രൂപതാ ശ്രേഷ്ഠ പുരസ്കാരം – 2014**

2014 ലെ രൂപതാദിനത്തോടനുബന്ധിച്ച് ശ്രേഷ്ഠപുരസ്കാര വിതരണം നടത്തി. ബെന്നി വെട്ടിക്കൽ, സിസ്റ്റർ ജോവിറ്റ എഫ്.സി.സി എന്നിവർ ഈ വർഷത്തെ ശ്രേഷ്ഠ പുരസ്ക്കാരത്തിന് അർഹരായി. നിർണയിക്കപ്പെട്ട 13 സെക്ടറുകളിൽ 2 സെക്ടറുകളിൽ മാത്രമാണ് ഈ വർഷം അവാർഡിന് അർഹമായ എൻട്രികൾ ലഭിച്ചത്. ശ്രീ.ബെന്നി വെട്ടിക്കൽ 'അധ്യാപകൻ' എന്ന വിഭാഗത്തിലും, സിസ്റ്റർ ജോവിറ്റ എഫ്.സി.സി 'സിസ്റ്റർ' വിഭാഗത്തിലുമാണ് അവാർഡ് നേടിയത്.

രൂപതാ ദിനമായ മെയ് ഒന്നിന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് നടന്ന സമ്മേളനത്തിൽ രൂപതാദ്ധ്യക്ഷൻ മാർ ജോസ് പൊരുന്നേടം അവാർഡുകൾ വിതരണം ചെയ്തു. പ്രശസ്തി പത്രം, ഫലകം, 10,000/ രൂപ എന്നിവ അടങ്ങിയതാണ് പുരസ്കാരം. വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച ബെനിൽഡ് ജോസഫ് (നടവയൽ), നീതു തോമസ് (പയ്യംമ്പള്ളി), സെബാസ്റ്റ്യൻ അറയ്ക്കൽ (വൈത്തിരി), ഷാനി ഷാജി (പാടിച്ചിറ), നീന റോയി പരികിലാമലയിൽ (ഞാറപ്പാടം) എന്നിവരെയും സേവന രംഗത്ത് രജത സുവർണ ജൂബിലികൾ ആഘോഷിച്ച മതാധ്യാപകർ, അൾത്താര ശുശ്രൂഷികൾ, വൈദീകർ, സിസ്റ്റേഴ്സ് എന്നിവരെയും ആദരിച്ചു.

**ഡോ. ഫാ. തോമസ് ജോസഫ് തേരകം**
പി.ആർ.ഒ, മാനന്തവാടി രൂപത

## MARY MATHA ARTS & SCIENCE COLLEGE

**ASAP TPS Skill Development programme**

ASAP Kerala has selected our college as a Centre for imparting training to a batch of 29 students belonging to different colleges in the state. The programme began on 3 May 2014 and will go on till 23 May 2014. Here we have been imparting 300 hours of skill training (both Communication Skills and IT skills) to the selected students. In addition, 27 students from Mary Matha Arts and Science College Mananthavady got selected to the 21-Day Skill Development Training programme conducted at various colleges across the length and breadth of the state.

The Additional Skill Acquisition Programme (ASAP), a Government of Kerala initiative, has the objective of tackling the issue of growing unemployment in the state. It aims at equipping selected school/ college students with skills in Communication, IT and selected areas of industry and service sectors.

**Admission to BA/ B Sc/ B Com degree Programmes**

Admission to BA/ B Sc/ B Com degree Programmes affiliated to Kannur University has begun. Application Forms are being issued from the College Office and the last date for submission is 31 May 2014, as per the University schedule. P G admissions will begin after the degree results are published.

**Dr. Savio James**

Acting Principal

# അറിയിപ്പുകൾ



## ബഹു. വികാരിയച്ചന്മാരുടെ ശ്രദ്ധയ്ക്ക്

5 വയസ്സിനും 15 വയസ്സിനുമിടയിൽ പ്രായമുള്ള നിർദ്ധനരും അനാഥരുമായിട്ടുള്ള കുട്ടികളെ നമ്മുടെ രൂപതയുടെ കീഴിൽ പ്രവർത്തിക്കുന്ന ഓർഫനേജുകളിൽ താമസിച്ച് പഠിപ്പിക്കുന്നതിന് ഓർഫനേജു ഡയറക്ടറച്ചൻമാരുമായി ബഹു. വികാരിയച്ചന്മാർ ബന്ധപ്പെടുക.

കഴിഞ്ഞ കാലഘട്ടത്തെ അപേക്ഷിച്ച് ഓർഫനേജുകളിലേയ്ക്കുള്ള വിദേശസഹായങ്ങൾ ഏറെക്കുറെ നിലച്ച സാഹചര്യത്തിൽ നമ്മുടെ ഓർഫനേജുകളിലെ കുട്ടികളുടെ പഠനകാര്യങ്ങൾ നിർവ്വഹിക്കേണ്ടതിലേയ്ക്ക് പഠനോപകരണങ്ങളും മറ്റു സാമ്പത്തികസഹായവും നൽകുവാൻ സാധിക്കുന്ന ഇടവകകളിൽ നിന്നും വികാരിയച്ചന്മാരുടെയും മറ്റ് സംഘടനാ ഭാരവാഹികളുടെയും നേതൃത്വത്തിൽ സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**ഓർഫനേജ് ഡയറക്ടർമാർ**

ഫാ. ബിജോ കറുകപ്പള്ളി (ബോയ്സ് ടൗൺ)
ഫോൺ: 9744066518
ഫാ. സജി നെടുങ്കല്ലേൽ (കാട്ടിക്കുളം)
ഫോൺ : 9496918931
ഫാ. ബിജോയ് ചെമ്പക്കര (കുഞ്ഞോം)
ഫോൺ: 9496272909

# Divine Institute of Bible & Spirituality

**(Affiliated to the Christian Chair of Calicut University: Reg. No. 23/16/201**

**One Year Residential Course** (English)

**For Priests / Religious / Lay Persons**

**July 19, 2014 - March 20, 2015**

Course Director : Rev.Dr. Philip Nedumthuruthil VC

**Highlights**

- An opportunity to study and understand the Sacred Scripture.
- Participants receive Diploma from the Chair for Christian Studies, Calicut University.
- The course commences on July 19, 2014 at 5.00 pm with one week retreat and concludes on March 20, 2015
- Renowned bible scholars unravel the mysteries contained in the Bible and their relevance for today.
- Morning and evening prayers, daily Eucharistic celebration, confession and monthly recollection.
- Music ministry, Audio-visuals and Films on Biblical and Theological Themes
- Outreach Program
- Special training in Preaching Ministry, Family Counseling, Personality development and in Christian leadership
- Group Discussion, debate, cultural evenings, presentation of seminar papers, etc.
- Two weeks holidays for Christmas

Academic Qualification of the Participants: +2 or its equivalent and above. Knowledge of English language is essential.

Age limit : Between 20-60

For application and for more detail visit our website:

www.drcm.org, Course Fee: Rs. 20,000/-

*(Including boarding and lodging)* Payable on arrival.

Reg. Fee : Rs. 500/-

(M.O. or D.D. drawn in favor of Divine Institute of Bible & Spirituality, Divine Retreat Centre, Muringoor) To be sent along with the application.

**For more details:**

**Rev. Dr. Philip Nedumthuruthil V.C.**

Divine Institute of Bible & Spirituality, Divine Retreat Centre, Muringoor P.O, Chalakudy, Kerala, India - 680309

Ph: 0480-2708098, 9446143727, Fax: 0480-2708097; 2706913

Email: divineretreatcentre@gmail.com




# Programme

## Pastoral Centre, Dwaraka

### June 2014

| | | |
|---|---|---|
| May 30-June02 | - | MPC |
| 03 | - | CML Executive |
| 06-07 | - | Zion CRC |
| 07 | - | Catechism: Teachers training - I to VII |
| 10 | - | CMA executive |
| 13 | - | CML Team Meeting |
| 13-15 | - | Catechism: Amukha Seminar |
| 17 | - | Marian Singles |
| 15-19 | - | Zion Retreat |
| 26 | - | CML Regional Directors & Animators Meeting |
| 27-30 | - | MPC |
| 28 | - | Catechism: HDC 2nd year |

**Fr. Mathew Periappuram**
Director, Pastoral Centre



# *Bishop's Programme*

***JUNE 2014***

| | |
|---|---|
| *26 Thu, 27 Fri, 28 Sat* | *Engaged* |
| *30 Mon ...............* | *Visitors' Day* |

***JULY 2014***

| | |
|---|---|
| *2 Wed 4 Fri .........* | *Mount St. Thomas: Religious Commission Meet* |
| *5 Sat 7 Mon .........* | *Ramanathapuram* |
| *9 Wed ..................* | *Diaconate: St. Camillus Seminary* |
| *10 Thu 12 Sat .......* | *Ootty: Christian Workers Movement Annual Meeting* |
| *13 Sun ..................* | *Engaged* |
| *14 Mon 15 Tue ......* | *Bangalore: Academic Year Inauguration. Jeevalaya Seminary* |
| *19 Sat 20 Sun ........* | *Pastoral Visit: Thariode* |
| *21 Mon .................* | *Holy Mass: Ambbalavayal Hospital* |
| *25 Fri .....................* | *Engaged* |
| *27 Sun ..................* | *Pastoral Visit* |
| *28 Mon ................* | *Visitors' Day* |
| *29 Tue 30 Wed ......* | *Kunnoth Seminary Commission* |
| *31 Thu ..................* | *Eachome: TUDI Jesuit Jubilee* |

• • • • •